


**കേരളം രാജ്യത്തിനു മാതൃക:** പതിനൊന്നാം പദ്ധതി - ജനകീയാസൂത്രണത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രസംഗിക്കുന്നു.

# അധികാര വികേന്ദ്രീകരണ

അധികാര വികേന്ദ്രീകരണത്തിൽ രാജ്യത്തിനു മാതൃക കാട്ടിയ സംസ്ഥാനമെന്ന നിലയിൽ ഏറെ അഭിമാനത്തോടെയാണ് ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിനു തുടക്കം കുറിക്കുന്നത്. എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതിവഴി ത്രിതല പഞ്ചായത്ത് സംവിധാനം രാജ്യത്താകെ നിലവിൽ വന്നെങ്കിലും അധികാരങ്ങൾ താഴേക്കു കൊടുക്കുന്നതിൽ മിക്ക സംസ്ഥാനങ്ങളും പിശുക്കു കാണിച്ചു. 1996ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരവികേന്ദ്രീകരണം പൂർണതോതിൽ യാഥാർത്ഥ്യമാക്കി. പദ്ധതി അടങ്കലിന്റെ മൂന്നിലൊന്നിൽ കൂടുതൽ തുക ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി നൽകി.

ഇങ്ങനെ ചെയ്തുകൊണ്ടാണ് ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കിയത്. അന്ന് ഇ.എം.എസ് അദ്ധ്യക്ഷനായി ജനകീയാസൂത്രണത്തിൽ ഒരു ക്യാമ്പയ്ൻ കമ്മിറ്റി പ്രവർത്തിച്ചു. ജനങ്ങളിൽ വികസനാഭിമുഖ്യമുണ്ടാക്കാൻ, വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കണമെന്ന ബോധമുണ്ടാക്കാൻ, ജനകീയാസൂത്രണംകൊണ്ട് കഴിഞ്ഞു. നാലു വർഷംകൊണ്ട് നാലര ലക്ഷത്തോളം വീടുകൾ നിർമിച്ചു നൽകാൻ കഴിഞ്ഞത് ഈ വികസന മാതൃകയുടെ ഒന്നാന്തരം ഉദാഹരണമാണ്. അധികാരവികേന്ദ്രീകരണത്തിൽ കേരളം മാതൃകയാണെന്ന് കേന്ദ്ര ഭരണാധികാരികൾ ആവർത്തിച്ചു പറയാറുണ്ട്. എന്നാൽ അതിന്റെ പേരിൽ സാമ്പത്തികമായി പ്രോത്സാഹിപ്പിക്കുകയല്ല, ശിക്ഷിക്കുകയാണ് അവർ ചെയ്യുന്നത്. ധനക്കമ്മീഷനുകളുടെ അവാർഡുകളിൽ അതു തെളിഞ്ഞു കാണാം. സംസ്ഥാന സർക്കാർ താഴേക്കു കൊടുക്കുന്ന തുക കണക്കിലെടുക്കാതെയാണ് ധനക്കമ്മീഷൻ അവാർഡ് നിശ്ചയിക്കുന്നത്. പ്രധാനമന്ത്രി പ്രഖ്യാപിച്ച പുതിയ കാർഷിക പദ്ധതികളുടെ സംസ്ഥാനവിഹിതം നിശ്ചയിക്കുന്നതിലും ഈ അവഗണനയ്ക്ക് നീക്കമുണ്ടൊണ് ഞാൻ മനസ്സിലാക്കുനനത്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ സ്പിരിറ്റിന് ചേർന്നതല്ല. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ പ്രകീർത്തിക്കുന്ന കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി കേന്ദ്ര ഭരണകക്ഷി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ



അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇടതുപക്ഷത്തിന് സുവ്യക്തമായ കാഴ്ചപ്പാടുണ്ട്. ലോകബാങ്കിന്റെയും സാമ്രാജ്യത്വ ഏജൻസികളുടെയും കാഴ്ചപ്പാടിന് വിരുദ്ധമാണത്. കേന്ദ്രീകൃതമായ സർക്കാർ സംവിധാനത്തെ ദുർബലമാക്കുകയും ഉത്തരവാദിത്ത രഹിതമാക്കുകയും ചെയ്യുക എന്നതാണ് ലോകബാങ്കിന്റെയും മറ്റും വികേന്ദ്രീകരണ കാഴ്ചപ്പാട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കുന്ന വികേന്ദ്രീകരണം അതായിരിക്കില്ല. ഭരണത്തിന്റെ എല്ലാ തട്ടുകൾക്കും, അതായത് ഗ്രാമസഭയ്ക്കു മുതൽ സംസ്ഥാന സർക്കാരിനു വരെ അതിന്റേതായ പ്രാധാന്യം നല്കിക്കൊണ്ടും പരസ്പരം ശക്തിപ്പെടുത്തിക്കൊണ്ടുമുള്ള ഒരു സംവിധാനമാണ് സംസ്ഥാനം നടപ്പിലാക്കുന്ന വികേന്ദ്രീകരണം.

# വും ജനകീയാസൂത്രണവും

ഇക്കാര്യത്തിൽ എന്തു ചെയ്തു എന്ന് പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് കരുതാമോ?

ജനകീയാസൂത്രണം ആരംഭിച്ചിട്ട് പത്തു വർഷം കഴിഞ്ഞിരിക്കുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾ കാണിച്ച ശുഷ്കാന്തി ശ്രദ്ധേയമായിരുന്നു. എന്നാൽ പത്താം പദ്ധതിക്കാലത്ത് പദ്ധതിയുടെ പേരു മാറ്റുകയും അന്ത:സത്ത തന്നെ ചോർത്തുന്ന സമീപനമുണ്ടാവുകയും ചെയ്തു. ജനപങ്കാളിത്തത്തോടെയുള്ള വികസനാസൂത്രണവും പദ്ധതി നിർവഹണവും എന്ന കാഴ്ചപ്പാട് ചോർന്നുപോകുന്ന സ്ഥിതിയുണ്ടായി.

താരതമ്യേന അഴിമതിരഹിതവും നീതിപൂർവവുമായി വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുവെങ്കിലും വ്യക്തിഗത സൗജന്യങ്ങളുടെ വിതരണത്തിലും മറ്റും അഴിമതി നടന്നു എന്ന ആക്ഷേപമുണ്ട്. അതുപോലെ നിർമാണ പ്രവർത്തനങ്ങളിൽ അഴിമതി നടന്നു എന്ന ആക്ഷേപവും ശക്തമാണ്. നല്ല ജനപങ്കാളിത്തത്തോടെ ജനകീയാസൂത്രണ പരിപാടികൾ നടപ്പാക്കിയ പഞ്ചായത്തുകളിലല്ല ഇത്തരം അഴിമതികൾ നടന്നത് എന്നത് ശ്രദ്ധേയമാണ്. അഴിമതി പൂർണമായും ഇല്ലാതാക്കുക, പദ്ധതിത്തുക മുഴുവൻ സുതാര്യമായി ചെലവഴിക്കുക എന്നീ ലക്ഷ്യങ്ങൾ ജനകീയാസൂത്രണത്തിന്റെ ജീവനാണ്. എന്നാൽ കൃത്യമായ കണക്കില്ലായ്മ, ധൂർത്ത്, അനാവശ്യ കാര്യങ്ങൾക്കുള്ള വ്യയം, അഴിമതി എന്നിവ പലേടത്തും നടന്നതായി ഓഡിറ്റ് ഏജൻസികൾ വ്യക്തമാക്കുകയുണ്ടായി. ഈ മുന്നനുഭവങ്ങൾ പാഠമാക്കിക്കൊണ്ടു വേണം പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട ജനകീയാസൂത്രണപ്രവർത്തനം ഏറ്റെടുക്കാൻ.

പശ്ചാത്തല മേഖലയ്ക്കല്ല, കൃഷിക്കും മറ്റ് ഉത്പാദന മേഖലകൾക്കുമാണ് ജനകീയാസൂത്രണത്തിൽ ഇത്തവണ കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ട്. കൃഷി, ആരോഗ്യം തുടങ്ങി നിരവധി മേഖലകളിൽ വിപുലമായ അധികാരങ്ങളാണ് താഴെത്തട്ടിലേക്ക് നൽകിയിട്ടുള്ളത്. അതിനാവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം മേഖലകളിൽ ഇതേവരെയുള്ള അനുഭവങ്ങൾ സ്വയംവിമർശനപരമായി പരിശോധിച്ചുകൊണ്ട് ഇനിയുള്ള കാലത്ത് കൂടുതൽ കാര്യക്ഷമത പ്രകടമാക്കാൻ കഴിയണം.

# കേരളം മാതൃക

## മണിശങ്കർ അയ്യർ

**പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം ഉദ്ഘാടന സമ്മേളനത്തിൽ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ നടത്തിയ പ്രസംഗത്തിൽ നിന്ന്**

വികേന്ദ്രീകൃതാസൂത്രണത്തിൽ കേരളം ഇന്ത്യയ്ക്കാകെ മാതൃകയായിരിക്കുകയാണ്. പ്രാദേശിക ഭരണത്തിൽ താത്പര്യമുള്ള ലോകത്തെ മുഴുവനാളുകളുടെയും ശ്രദ്ധപിടിച്ചു പറ്റുന്നതാണ് കേരളത്തിൽ നടപ്പാക്കുന്ന ജനകീയാസൂത്രണപദ്ധതി. അധികാരവികേന്ദ്രീകരണ രംഗത്ത് കേരളം കൈവരിച്ച നേട്ടം രാജ്യമാകെ കൈമാറപ്പെടണം. പഞ്ചായത്തീരാജിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ സംസ്ഥാനം കേരളമാണ്. 1994 ലെ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിലാണ് കേരള പഞ്ചായത്തീ രാജ് നിയമം പാസായത്. തുടർന്ന് അധികാരത്തിലേറിയ എൽ.ഡി.എഫ് സർക്കാർ ഒമ്പതാം പദ്ധതിയിൽ ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കം കുറിച്ചു. രണ്ടു മുന്നണികളും മാറി മാറി ഭരിച്ചിട്ടും വിസ്മയകരമായ തുടർച്ചയാണ് ഇവിടെ അധികാരവികേന്ദ്രീകരണത്തിനുണ്ടായത്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള വികസന പ്രക്രിയയിൽ ഇത്തരമൊരു സമവായമുണ്ടായത് ആഹ്ലാദകരമാണ്.

1986 ൽ പഞ്ചായത്തീരാജ് ഭരണഘടനാഭേദഗതി സമയത്ത് രാജീവ് ഗാന്ധിയുടെ ചിന്തകളെ സ്വാധീനിച്ചത് പശ്ചിമബംഗാൾ, കർണ്ണാടക, ആന്ധ്ര, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് സ്ഥാപനങ്ങളായിരുന്നു. അന്ന് കേരളം ചിത്രത്തിലേ ഉണ്ടായിരുന്നില്ല. എന്നാൽ പഞ്ചായത്തീരാജിന്റെ നടത്തിപ്പിൽ തൊണ്ണൂറുകളിൽ കേരളം പിന്നിൽ നിന്നു കയറി വരുകയും എല്ലാവരുടെയും മുന്നിലെത്തുകയും ചെയ്തു. ഈ സ്ഥാനം നിലനിർത്തുന്നതിന് അങ്ങേയറ്റം ജാഗ്രതാ പൂർണമായ സമീപനം ഉണ്ടാകണം.

സ്ത്രീശാക്തീകരണത്തിന് പഞ്ചായത്തീരാജ് സംവിധാനം വളരെ വലിയ സംഭാവനയാണ് നൽകുന്നത്. മുപ്പത്തിമൂന്ന് ശതമാനം സീറ്റുകളാണ് വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ളതെങ്കിലും വനിതാ ജനപ്രതിനിധികളുടെ എണ്ണം അതിലുമേറെയാണ്. 12 ലക്ഷം വനിതാ ജനപ്രതിനിധികളാണ് വിവിധ നഗരപാലികാ – പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലായി നമ്മുടെ രാജ്യത്ത് നിലവിലുള്ളത്. ലോകത്ത് മറ്റെല്ലാ രാജ്യങ്ങളിലേയും വനിതാ ജനപ്രതിനിധികളുടെ ആകെ എണ്ണത്തെക്കാൾ വരുമിത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ എ.സി നെൽസൺ കമ്മീഷനെ കേന്ദ്രം നിയോഗിച്ചിട്ടുണ്ട്. കേരളത്തിലും ഇത്തരത്തിൽ ഒരു പഠനം നടത്തുന്നതിന് സംസ്ഥാന സർക്കാർ മുന്നോട്ടു വരണം.




പരിസര ശുചീകരണം പ്രാദേശിക സർക്കാരുകളുടെ പരമപ്രധാനമായ കർത്തവ്യമാണ്. മാലിന്യനിർമാർജനവും മാലിന്യ സംസ്കരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അധികാരവും പണവുമുണ്ടായിട്ടും ആ മേഖലയിൽ മിക്ക സ്ഥലത്തും വല്ലാത്ത വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ഈ പോരായ്മ പരിഹരിക്കാനാവണം ഇത്തവണ ഒന്നാമത്തെ പരിഗണന. സാക്ഷരതായജ്ഞത്തിലും ജനകീയാസൂത്രണത്തിന്റെ ആദ്യ ഘട്ടത്തിലും ഉണ്ടായതുപോലെ ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് മാലിന്യമുക്ത കേരളം പരിപാടി നടപ്പിലാക്കാനാണ് കേരളസർക്കാർ തീരുമാനിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആ ഗൗരവത്തോടെ വേണം മുന്നോട്ടു പോകാൻ. ഓരോ പഞ്ചായത്ത്-നഗരസഭാ അംഗവും തങ്ങളുടെ പ്രദേശം മാലിന്യമുക്തമാണെന്ന് ഉറപ്പു വരുത്താൻ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കണം.

സർക്കാർ ഭൂമിയിലെ കൈയേറ്റവും കൈയേറിയ സ്ഥലങ്ങളിലെ അനധികൃത നിർമാണങ്ങളും ഒഴിപ്പിക്കാൻ ഇപ്പോൾ ശക്തമായ ഒരു യത്നം നടന്നുവരികയാണല്ലോ. മുൻകാലത്ത് പ്രാദേശിക ഭരണകൂടങ്ങൾ വേണ്ടത്ര ശ്രദ്ധ കാണിച്ചിരുന്നെങ്കിൽ ഇത്ര രൂക്ഷമായ കൈയേറ്റം ഉണ്ടാകുമായിരുന്നില്ല. കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോഴും കെട്ടിടത്തിന് നമ്പർ നൽകുമ്പോഴും ജാഗ്രത കാട്ടാതിരുന്നാൽ ബന്ധപ്പെട്ടവർ കുറ്റക്കാരുടെ പട്ടികയിലാവും. ഗ്രാമവികസനത്തെക്കുറിച്ചും നഗരവികസനത്തെക്കുറിച്ചും ഭാവനാപൂർണവും ശാസ്ത്രീയവുമായ കാഴ്ചപ്പാടുണ്ടാവണം; ദീർഘവീക്ഷണം വേണം. പദ്ധതികളുണ്ടാക്കുമ്പോൾ ഇതെല്ലാം ശ്രദ്ധയിൽ വേണം. ഉദ്യോഗസ്ഥ മേധാവികളല്ല, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. വിദഗ്ധരുടെ ഉപദേശങ്ങൾ വേണ്ടിവരുമെങ്കിലും തീരുമാനങ്ങളെടുക്കുന്നതും മുൻഗണന നിശ്ചയിക്കുന്നതും നേതൃത്വം നൽകുന്നതുമെല്ലാം ജനപ്രതിനിധികൾ തന്നെയാവണം. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ഇടപെടൽ മൂലം പദ്ധതികൾ വൈകുന്ന സ്ഥിതിയുണ്ട്. പദ്ധതി ലക്ഷ്യത്തിൽ പകുതിപോലും എത്താത്ത നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. സാങ്കേതിക നൂലാമാലകളും അതിസങ്കീർണമായ ഉത്തരവുകളുടെ കൂമ്പാരവുമാണതിനു കാരണം. ഇങ്ങനെ പഞ്ചായത്ത് നഗരസഭാ ഭാരവാഹികളെ വട്ടംകറക്കുന്ന സമീപനം ഇനി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കും.

ഇതോടൊപ്പംതന്നെ, വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളും മുന്നോട്ടു കൊണ്ടുപോകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കംപ്യൂട്ടർവത്ക



**കേരളം മുന്നിലെത്തി**: പതിനൊന്നാം പദ്ധതി-ജനകീയാസൂത്രണം തിരുവനന്തപുരം സെനറ്റ് ഹാളിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ ഉദ്ഘാടനം ചെയ്യുന്നു.

അതിവേഗ സാമ്പത്തിക വളർച്ചയാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നത്. കേന്ദ്ര സർക്കാർ 81000 കോടി രൂപ ഗ്രാമവികസനത്തിനും ഗ്രാമീണരുടെ ക്ഷേമത്തിനുമായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ, രാജ്യം നേടിയ ഉയർന്ന വളർച്ചാനിരക്ക് സമൂഹത്തിന്റെ അടിത്തട്ടിൽ പ്രതിഫലിക്കുന്നില്ല. സാമ്പത്തിക വളർച്ചാ നിരക്ക് 9.4 % ആയിരിക്കുമ്പോഴും 20 കോടി ജനങ്ങൾ പട്ടിണിയിലാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരിൽ 83.6 കോടി ജനങ്ങൾ ദിവസം 20 രൂപയിൽ താഴെ വരുമാനം കൊണ്ടാണ് ജീവിക്കുന്നത് എന്നാണ് അർജുൻ സെൻ ഗുപ്ത കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. ഇന്ന് ഏറ്റവുമധികം കർഷകർ ആത്മഹത്യ ചെയ്യുന്ന നാടായും ഇന്ത്യ മാറിയിരിക്കുന്നു. നമ്മുടെ നയങ്ങളിൽ പിശകു പറ്റിയതിന്റെ സൂചനകളാണിത്. ഈ സ്ഥിതിയിൽ മാറ്റം വരുത്തിയില്ലെങ്കിൽ വളർച്ച അപ്രസക്തമാകും. ഇന്ത്യയുടെ സാമ്പത്തിക നയം ഇന്ന് ഒരു വിഭാഗം സമ്പന്നർ റാഞ്ചിയിരിക്കുകയാണ്. ഇന്ത്യയുടെ വേഗത്തിലുള്ള സാമ്പത്തിക വളർച്ച സാധാരണക്കാരന്റെ വളർച്ചയാക്കി മാറ്റാൻ കഴിയണം. ജനാധിപത്യം നേരിടുന്ന കടുത്ത വെല്ലുവിളിയാണിത്. സന്തുലിതമല്ലാത്ത വികസനം അധികാരം ജനങ്ങളിലെത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്. പദ്ധതിപ്പണം ജനപ്രതിനിധികളിലൂടെ വേണം ജനങ്ങളിലെത്തിക്കേണ്ടത്. കേരളത്തിൽ ഇത് നടന്നു. ഇതുപോലെ ഇന്ത്യയിലെ എല്ലാ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും വികസനത്തിന്റെ മുൻനിരയിൽ കൊണ്ടുവരണം.

കേന്ദ്രപദ്ധതികളുടെ നടത്തിപ്പിൽ പൊളിച്ചെഴുത്ത് അനിവാര്യമാണ്. 330 കേന്ദ്രപദ്ധതികളാണ് ഇന്നുള്ളത്. ഇവയിലൊന്നും പഞ്ചായത്ത് സ്ഥാപനങ്ങൾ നടത്തിപ്പു ചുമതലക്കാരായി മാറുന്നില്ല. കഴിഞ്ഞ ബജറ്റിൽ മാറ്റിവയ്ക്കപ്പെട്ട 8000 കോടി രൂപയിൽ ചെറിയൊരു പങ്കു മാത്രമാണ് ജനങ്ങളിലെത്തുന്നത്. തദ്ദേശസ്ഥാപനങ്ങൾക്ക് പ്രാമുഖ്യം നൽകി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ മാറ്റം വരുത്തണം. ■

**ജി. ഹരികൃഷ്ണൻ**
*അസി. എഡിറ്റർ, പഞ്ചായത്ത് രാജ്*

രണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തുടങ്ങിയിട്ട് വർഷങ്ങളായിട്ടും ഈ പ്രവർത്തനങ്ങൾ എവിടെയും എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് സ്വയം വിമർശനപരമായി കാണണം. ഈ വീഴ്ച പരിഹരിക്കപ്പെടണം. സംസ്ഥാന ഐ.ടി നയരേഖയിൽ വ്യക്തമാക്കിയതുപോലെ സ്വതന്ത്ര സോഫ്റ്റ്വെയറുകൾക്ക് പ്രാമുഖ്യം നൽകി കംപ്യൂട്ടർവത്കരണം നടപ്പാക്കാനാണ് ശ്രമം നടത്തേണ്ടത്. ജനങ്ങളെ ഭരണസംവിധാനങ്ങളുമായി ഇണക്കിച്ചേർക്കാനും ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏറ്റവും സുതാര്യമായും പങ്കാളിത്തത്തോടെയും നടപ്പാക്കാനും ഇതുവഴി സാധിക്കും.

അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇടതുപക്ഷത്തിന് സുവ്യക്തമായ കാഴ്ചപ്പാടുണ്ട്. ലോകബാങ്കിന്റെയും സാമ്രാജ്യത്വ ഏജൻസികളുടെയും വികേന്ദ്രീകരണ കാഴ്ചപ്പാടിന് വിരുദ്ധമാണത്. കേന്ദ്രീകൃതമായ സർക്കാർ സംവിധാനത്തെ ദുർബ്ബലമാക്കുകയും ഉത്തരവാദിത്തരഹിതമാക്കുകയും ചെയ്യുക എന്നതാണ് ലോകബാങ്കിന്റെയും മറ്റും വികേന്ദ്രീകരണ കാഴ്ചപ്പാട്.

തികച്ചും അയഞ്ഞ ഒരു സംവിധാനമുണ്ടാകുന്നത് അരാജകത്വത്തിലേക്കാണ് നയിക്കുക. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കുന്ന വികേന്ദ്രീകരണം അതായിരിക്കില്ല. ഭരണത്തിന്റെ എല്ലാ തട്ടുകൾക്കും - അതായത് ഗ്രാമസഭ മുതൽ സംസ്ഥാന സർക്കാരിനുവരെ അതിന്റേതായ പ്രാധാന്യം നൽകിക്കൊണ്ടും പരസ്പരം ശക്തിപ്പെടുത്തിക്കൊണ്ടുമുള്ള ഒരു സംവിധാനമാണ് സംസ്ഥാനം നടപ്പിലാക്കുന്ന വികേന്ദ്രീകരണം. ആ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പഴയ പോരായ്മകൾ പരിഹരിച്ച് ജനകീയാസൂത്രണം വമ്പിച്ച വിജയമാക്കാൻ എല്ലാവരും മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു. ■

*ജനകീയാസൂത്രണത്തിന്റെ ഉദ്ഘാടനവേളയിൽ ചെയ്ത പ്രസംഗം*

മുൻകാലത്ത് പ്രാദേശിക ഭരണകൂടങ്ങൾ വേണ്ടത്ര ശ്രദ്ധ കാണിച്ചിരുന്നെങ്കിൽ ഇത്ര രൂക്ഷമായ കൈയേറ്റം ഉണ്ടാകുമായിരുന്നില്ല. കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോഴും കെട്ടിടത്തിന് നമ്പർ നൽകുമ്പോഴും ജാഗ്രത കാട്ടാതിരുന്നാൽ ബന്ധപ്പെട്ടവർ കുറ്റക്കാരുടെ പട്ടികയിലാവും.

പി.എസ്. രാജശേഖരൻ

# ജനകീയത വീണ്ടെടുക്കും

## മന്ത്രി പാലോളി മുഹമ്മദുകുട്ടി

എന്തെങ്കിലും ആനുകൂല്യങ്ങൾ കിട്ടാനുള്ളവരുടെ യോഗമായി ഗ്രാമസഭകൾ മാറുന്ന സ്ഥിതി ഉണ്ടാവരുത്. തങ്ങൾക്ക് ഒരാനുകൂല്യവും ലഭിച്ചില്ലെങ്കിലും തന്റെ നാട്ടിലെ വികസനത്തിലും ഭരണത്തിലും പങ്കെടുക്കാനും അഭിപ്രായം പറയാനും നടപ്പിൽ വരുത്താനുമുള്ള അവസരമാണിത് എന്ന ബോധത്തോടെ എല്ലാവരും ജനകീയാസൂത്രണത്തിലും ഗ്രാമസഭകളിലും പങ്കെടുക്കണം. ഇതിനു മുൻകൈയെടുക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെയാവണം.



ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടം 1996 ൽ ആരംഭിക്കുമ്പോൾ മന്ത്രിയെന്ന നിലയിൽ അമരത്തുണ്ടായിരുന്നു പാലോളി മുഹമ്മദ് കുട്ടി. ഇപ്പോൾ പതിനൊന്നാം പദ്ധിയുടെ ഭാഗമായി ജനകീയാസൂത്രണം വീണ്ടും വരുമ്പോഴും ചുക്കാൻ പിടിക്കുന്നത് അദ്ദേഹമാണ്. ജനകീയാസൂത്രണത്തെയും പ്രാദേശിക സർക്കാരുകളെയും കുറിച്ച് 'ജനപഥ'ത്തിന് അദ്ദേഹം നല്കിയ പ്രത്യേക അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ:

*പത്തുവർഷക്കാലത്തെ വികേന്ദ്രീകൃതാസൂത്രണാനുഭവങ്ങളെ എങ്ങനെ വിലയിരുത്തുന്നു?*

വർധിച്ച തോതിലുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി മാത്രമെ നമ്മുടെതുപോലുള്ള ഒരു ദരിദ്ര രാജ്യത്തിന് വികസനലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാകൂ. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്ന പദ്ധതി പ്രവർത്തനത്തിന് ഇക്കാര്യത്തിൽ പരിമിതിയുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയും. ഓരോ ഗ്രാമപ്രദേശത്തുമുള്ള വികസനമെന്താണ, ഇല്ലായ്മകളെന്താണ് എന്ന് സ്വാനുഭവത്തിലൂടെ അറിവുള്ള ജനങ്ങൾ വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ നൽകുന്ന പണം പല തട്ടിലായി നഷ്ടപ്പെടുന്നതിനു പകരം അതിൽ കൂടുതൽ തുകയ്ക്കുള്ള വികസനം സംഘടിപ്പിക്കുവാൻ കഴിയും. ഈയൊരു കാഴ്ചപ്പാടാണല്ലോ വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത. 1996 ലെ ജനകീയാസൂത്രണം ഇതിലേക്കുള്ള വലിയ തുടക്കമായിരുന്നു. വലിയ തോതിൽ ജനങ്ങൾ ആവേശപൂർവ്വം അതിൽ പങ്കെടുത്തു. അനുവദിച്ച തുകയുടെ പകുതി കൊണ്ട് പല മേഖലയിലും പണി പൂർത്തിയാക്കിയ എത്രയോ അനുഭവങ്ങൾ. ഒറ്റപ്പെട്ട അപവാദങ്ങളും അഴിമതിയും ഉണ്ടായിട്ടില്ല എന്നല്ല. പൊതുവിൽ ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള ജനപങ്കാളിത്തം വലിയ ചലനമാണ് ഗ്രാമങ്ങളിൽ സൃഷ്ടിച്ചത്. എന്നാൽ തുടർന്ന് അതിന്റെ ജനകീയത

പൂർണമായും നിലനിറുത്താനായില്ല. ഗ്രാമസഭകളിൽ ഗുണഭോക്താക്കൾ മാത്രം മുഖ്യമായി പങ്കെടുക്കുന്ന അവസ്ഥ വന്നു. ഫലപ്രദമായി ജനകീയാസൂത്രണത്തെ സഹായിച്ചിരുന്നു വിദഗ്ദ്ധസമിതികൾ. ഇവയ്ക്കെതിരെ അടിസ്ഥാനമില്ലാത്ത വിമർശനങ്ങൾ വന്നപ്പോൾ അവയുടെ പ്രവർത്തനവും മന്ദഗതിയിലായി. മാത്രമല്ല, നാം അദ്യഘട്ടത്തിൽ പണവും അധികാരവും നൽകി. എന്നാൽ ഉദ്യോഗസ്ഥപുനർവിന്യാസം വേണ്ടത്ര ആയില്ല. അതുപോലെ ആദ്യഘട്ടത്തിൽ സന്തുലിത വികസനം ഉറപ്പാക്കാൻ ഉത്പാദന മേഖലയ്ക്ക് 40%, സേവന മേഖലയ്ക്ക് 30%, പശ്ചാത്തല മേഖലയ്ക്ക് 20% എന്നിങ്ങനെ മാനദണ്ഡം നിശ്ചയിച്ചിരുന്നു. എന്നാൽ ഇതു മാറ്റിവച്ച് പശ്ചാത്തല മേഖലയ്ക്കും മറ്റും കൂടുതൽ തുക ചെലവാക്കിയ അനുഭവമുണ്ടായി. ഇത് വികസന മുൻഗണനകളെ തെറ്റിച്ചു. ഇതും പത്തുവർഷത്തെ അനുഭവത്തിൽ സംഭവിച്ച ഒരു പ്രധാന സംഗതിയായിരുന്നു. ഇവയൊക്കെ തുടക്കപ്രശ്നങ്ങളാണ്. തുടർന്ന് സർക്കാർ മാറി. പേരും മാറ്റി. അതിന്റെ ജനകീയതയിൽ വലിയ കുറവുണ്ടായി. പേരുമാറ്റിയതുകൊണ്ടോ സർക്കാരു മാറിയതുകൊണ്ടോ മാത്രമാണെന്നല്ല, ഏതായാലും ഈ പത്തുവർഷത്തെ അനുഭവങ്ങളെ ആത്മനിഷ്ഠമായി വിലയിരുത്തുന്നതിനു പകരം ഒരു കമ്മിറ്റിയെ വച്ച് വിപുലമായ പഠനം നടത്താനാണ് ഞങ്ങൾ തീരുമാനിച്ചത്. വി.ജെ.തങ്കപ്പന്റെ നേതൃത്വത്തിലുള്ള ആ സമിതിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പോരായ്മകൾ പരിഹരിക്കാനുള്ള കൂടുതൽ നടപടികളുണ്ടാകും.


**വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശഭരണ മന്ത്രിമാരുടെ സമ്മേളനം തിരുവനന്തപുരത്തു ചേർന്നപ്പോൾ – കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യർ, സംസ്ഥാന തദ്ദേശഭരണ മന്ത്രി പാലോളി മുഹമ്മദുകുട്ടി എന്നിവരെ കാണാം.**

*ജനകീയത നഷ്ടമായി, ഗ്രാമസഭകൾ ചടങ്ങായി മാറി, കർമസമിതികൾ പോലുള്ള വേദികൾ ഉദ്യോഗസ്ഥ കേന്ദ്രീകൃതമായി എന്നൊക്കെയുള്ള വിമർശനങ്ങൾ ഉണ്ടല്ലോ. ഇതു പരിഹരിക്കാൻ എന്തൊക്കെയാവും ശ്രമങ്ങൾ?*

എന്തെങ്കിലും ആനുകൂല്യങ്ങൾ കിട്ടാനുള്ളവരുടെ യോഗമായി ഗ്രാമസഭകൾ മാറുന്ന സ്ഥിതി ഉണ്ടാവരുത്. തങ്ങൾക്ക് ഒരാനുകൂല്യവും ലഭിച്ചില്ലെങ്കിലും തന്റെ നാട്ടിലെ വികസനത്തിലും ഭരണത്തിലും പങ്കെടുക്കാനും അഭിപ്രായം പറയാനും നടപ്പിൽ വരുത്താനുമുള്ള അവസരമാണിത് എന്ന ബോധത്തോടെ എല്ലാവരും ജനകീയാസൂത്രണത്തിലും ഗ്രാമസഭകളിലും പങ്കെടുക്കണം. ഇതിനു മുൻകൈയെടുക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങൾ തന്നെയാവണം. അങ്ങനെ ആളുകൾ പങ്കെടുത്താൽ കൂടുതൽ ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന ബോധം ജനപ്രതിനിധികൾക്കും ഉണ്ടാകേണ്ടതുണ്ട്. നൂറു വീടു നൽകണം. തൊണ്ണൂറിനേ പണമുള്ളൂ. ഗ്രാമസഭ ചർച്ച ചെയ്താൽ ബാക്കി പത്തിന് കൂടി ജനങ്ങൾ സംഭാവന നൽകും. അങ്ങനെ നൽകിയ അനുഭവങ്ങളുണ്ട്. ഏതായാലും ഗ്രാമസഭകളെയും കർമസമിതികളെയും പോലുള്ള ജനകീയ വേദികളെ ഊർജസ്വലമാക്കുന്നതിന് വേണ്ടതെല്ലാം സർക്കാർ ചെയ്യും. ഇതിനു വിപുലമായ കാമ്പയിൻ ആവിഷ്കരിക്കും.

*ജനങ്ങൾക്ക് അധികാരം നല്കുന്നതിന് താത്പര്യമില്ലാത്ത ജനപ്രതിനിധികളുമുണ്ടെന്ന വിമർശനമുണ്ടല്ലോ?*

അങ്ങനെയുമുണ്ട്. അധികാരവികേന്ദ്രീകരണം തന്റെ തലം വരെ മതി; അതിനു താഴേക്കു വേണ്ടായെന്നു ചിന്തിക്കുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്. ആ ചിന്താഗതി മാറണം. ഏതായാലും നിർബന്ധമായും പദ്ധതികൾ ഗ്രാമസഭയിൽ അവതരിപ്പിച്ചു ചർച്ചചെയ്യണമെന്നും ജനകീയമായി നടപ്പിലാക്കണമെന്നും കർശനമായ നിർദേശം നൽകിയിട്ടുണ്ട്.

*ആദ്യകാലത്ത് പല പദ്ധതികളും ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടപ്പിലാക്കിയിരുന്നല്ലോ. എന്നാൽ കോൺട്രാക്റ്റർ-ഉദ്യോഗസ്ഥ ലോബി ഇടപെട്ട് അവർക്ക് പണംനൽകാതിരിക്കുക, ന്യായമായ തുക നല്കാതിരിക്കുക തുടങ്ങിയ പ്രവണതകൾ പ്രത്യക്ഷപ്പെട്ടത് തിരിച്ചടിയായില്ലേ?*

അത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആദ്യകാലത്ത് വിദഗ്ദ്ധസമിതികളാണ് ജനകീയാസൂത്രണത്തെ രക്ഷിച്ചത്. സേവനമനോഭാവമുള്ള വിദഗ്ദ്ധരായിരുന്നു അതിൽ കൂടുതലും. എൻജിനീയർമാരും മറ്റ് ഉദ്യോഗസ്ഥരും പദ്ധതികൾ അംഗീകരിക്കുന്നതിന് കാലതാമസം വരുത്തുന്നത് പരിഹരിച്ചത് ഇവർ വഴിയാണ്. എന്നിട്ടും ചില തടസ്സപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. അതുപോലെ പണം ആദ്യം നൽകാതെ കടം വാങ്ങുന്ന സ്ഥിതിയും ഉണ്ടായി. ഇതു പരിഹരിക്കാൻ ആവശ്യമായ തുക ജനകീയ സമിതികൾക്ക് അഡ്വാൻസായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

*പതിനൊന്നാം പദ്ധതിയിൽ ജനകീയാസൂത്രണത്തിന്റെ ഊന്നൽ എന്തൊക്കെയാവും?*

ആദ്യ പത്തുവർഷം ഉത്പാദനമേഖലയ്ക്ക് വേണ്ടത്ര പണം നൽകിയിട്ടില്ല എന്നു ഞാൻ പറഞ്ഞല്ലോ. ഉത്പാദനമേഖലയ്ക്ക് , പ്രത്യേകിച്ചും കാർഷിക മേഖലയ്ക്കു തന്നെയാവും ഇത്തവണ ഊന്നൽ. നീർത്തടങ്ങളെ അടിസ്ഥാനമാക്കി പദ്ധതി കൊണ്ടുവരുന്നതുതന്നെ ഈ ഉദ്ദേശ്യത്തോടെയാണ്. എല്ലാകാര്യത്തിലും ഈ മുൻഗണന ഉണ്ടാകും. ഉദാഹരണത്തിന് തൊഴിലുറപ്പു പദ്ധതിയിൽ ലഭിക്കുന്ന പണം ഉപയോഗിച്ച് ഇപ്പോൾ റോഡ്, കുളം തുടങ്ങിയവയൊക്കെയാണ് ചെയ്യുന്നത്. പശ്ചാത്തല മേഖലയ്ക്ക് വലിയ പ്രാമുഖ്യം ലഭിച്ചതു കാരണം ഇപ്പോൾ അവ ആവശ്യത്തിനായിട്ടുണ്ട്. അതിനാൽ ഈ പണം കാർഷിക പ്രവർത്തനങ്ങൾക്ക്– കൃഷിക്കാരുടെ കൂലിച്ചെലവ് തുടങ്ങിയവയ്ക്ക്– നൽകണമെന്ന് ഞങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. ആദ്യം എതിർത്തെങ്കിലും ഇപ്പോൾ ഏതാണ്ട് സമ്മതിച്ചിട്ടുണ്ട്. വിത്ത്, വളം, കൊയ്ത്തിന് സഹായം എന്നിവയും കാർഷികോത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർധനവിനുള്ള ചെറു ചെറു സംരംഭങ്ങളും ഉണ്ടാകണം. അതുപോലെ വീടില്ലാത്ത മുഴുവൻ പേർക്കും വീടു നൽകുന്നതിനുള്ള ഇ.എം.എസ്. ഭവനപദ്ധതിയും ജനകീയാസൂത്രണത്തിന്റെ ഭാഗമായുണ്ട്.

അങ്ങനെ ജനങ്ങളുടെ വരുമാനവും ജീവിത നിലവാരവും ഉയർത്തുക എന്നതിനാണ് ജനകീയാസൂത്രണം ഊന്നൽ നൽകു

ന്നത്. ജനകീയ സ്വഭാവം തിരിച്ചു പിടിക്കുന്നതിനുള്ള കാമ്പയിൻ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകും.

*പഞ്ചായത്തുകളെ യാഥാർഥ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിന് പണം, അധികാരം, ഉദ്യോഗസ്ഥ സംവിധാനം എന്നിവയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കാൻ എന്തു നടപടികളാണ് ഉണ്ടാവുക?*

ആദ്യഘട്ടത്തിൽ ഇവ പരിഹരിക്കുന്നതിന് ഞങ്ങൾ നടപടികളെടുത്തിരുന്നു. അതിന്റെ ഭാഗമായാണ് സെൻ കമ്മിറ്റിയെ നിയമിച്ചതും അവരുടെ ശുപാർശ പ്രകാരം നിയമഭേദഗതികൾ കൊണ്ടുവന്നതും. എന്നാൽ തുടർന്നു വന്ന സർക്കാർ അതു ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോയില്ല. ഞങ്ങൾ പരിശോധിക്കുമ്പോൾ, നൽകിയ പണം വലിയതോതിൽ തിരിച്ചു പിടിച്ചതായി കാണുന്നു. 6000 കോടിയിൽ 3000 കോടിയും അങ്ങനെ തിരിച്ചു പിടിച്ചു. പണം ചെലവഴിക്കാനുള്ള അനുകൂല സാഹചര്യം ഇല്ലാതാക്കിയാണ് ഇതു ചെയ്തത്. ഞങ്ങൾ അങ്ങനെ ചെയ്യില്ല. 80 ശതമാനം പണം ചെലവഴിച്ച പഞ്ചായത്തുകൾക്ക് 20 ശതമാനം ലാപ്സാകാതെ അടുത്ത കൊല്ലം നൽകുന്ന രീതിയാണ് ഇപ്പോൾ. അതിൽ ഇനിയും മാറ്റം വരും. പത്തുപതിനഞ്ചുകൊല്ലമായി പല തദ്ദേശ ഭരണസ്ഥാപനങ്ങളും കണക്കുകൾ ശരിയാക്കിയിരുന്നില്ല. കഠിനമായ ശ്രമഫലമായി ഇപ്പോൾ ഏതാണ്ടെല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും കണക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. കംപ്യൂട്ടറൈസേഷൻ കൂടി പൂർത്തിയാക്കുമ്പോൾ അത് സംസ്ഥാന തലത്തിൽ മോണിട്ടർ ചെയ്യാൻ കഴിയും.

*ഉദ്യോഗസ്ഥ സംവിധാനം?*

പുനർവിന്യാസം നടന്നുവെങ്കിലും പലപ്പോഴും ഡിപ്പാർട്ടുമെന്റുകൾക്ക് വേണ്ടാത്ത ഉദ്യോഗസ്ഥരെ തദ്ദേശസ്ഥാപനങ്ങൾക്കു നൽകുന്ന രീതി വന്നു. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇവരുടെ മേൽ ഫലപ്രദമായ നിയന്ത്രണം ഉണ്ടാകുന്നില്ല. ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണം കൂടി വന്നതുകൊണ്ടാണിത്. ഇതു പരിഹരിക്കുന്നതിന് ഒരു തദ്ദേശ ഭരണ സർവീസ് രൂപീകരിക്കുന്നതിനുള്ള ആലോചന നടക്കുന്നുണ്ട്. പ്രാദേശികസർക്കരുകളാക്കുന്നതിനുള്ള തടസ്സങ്ങൾ പരമാവധി മാറ്റാൻ എല്ലാ ശ്രമവും ഞങ്ങൾ ചെയ്യും.

*വികസനത്തിൽ കക്ഷിരാഷ്ട്രീയം പാടില്ലെന്ന് ഇ.എം.എസ് പറഞ്ഞല്ലോ. അതിവിടെ പ്രസക്തമല്ലേ?*

വളരെ ശരിയായ നിലപാടാണ് അദ്ദേഹമെടുത്തത്. ഇലക്ഷനിൽ കക്ഷിരാഷ്ട്രീയമാവാം. അതുകഴിഞ്ഞാൽ വികസന ഭരണകാര്യങ്ങളിൽ പരമാവധി യോജിച്ചു നിന്നാൽ ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ നന്നായി പരിഹരിക്കാം. അത്തരമൊരു സ്ഥിതി ഇപ്പോൾ പല പഞ്ചായത്തുകളിലുമുള്ളത് ശുഭസൂചകമാണ്.

*സർക്കാരിന്റെ പിൻവാങ്ങലിനും അരാഷ്ട്രീയവത്കരണത്തിനുമുള്ള ഒന്നായി വികേന്ദ്രീകരണത്തെ കാണുന്നവരുണ്ട്. എന്താണ് പ്രതികരണം?*

സംസ്ഥാന സർക്കാർ അതിന്റെ ചുമതലകളിൽ നിന്നു മാറുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പ്രദേശിക സർക്കാരുകളാണ്. സർക്കരിന്റെ മുൻകൈയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്താനും അതിന്റെ ആവിഷ്കരണത്തിലും നടത്തിപ്പിലും പങ്കെടുക്കാനും ജനങ്ങൾക്ക് അവസരം ലഭിക്കുന്നതിലൂടെ സർക്കാർ കൂടുതൽ വിപുലപ്പെടുകയാണ് ചെയ്യുന്നത്. പിന്നെ ഇപ്പോൾ ഏത് നടപടി വരുമ്പോഴും ഇത്തരം വിമർശനം പതിവുരീതിയായിട്ടുണ്ട്. എ.ഡി.ബി തന്നെ ഉദാഹരണം. എഡിബിയുടെ ദോഷകരമായ നിബന്ധനകൾ നമ്മൾ ചർച്ച ചെയ്തു മാറ്റി. പക്ഷേ, അതിനെക്കാൾ കഠിനമായ വ്യവസ്ഥകളാണ് കേന്ദ്രസർക്കാരിന്റെ ജെ.എൻ.എൻ.യു.ആർ.എം-ൽ ഉള്ളത്. അതിനെതിരെ വിമർശനമില്ല.

*തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള ഫലപ്രദമായ സംയോജനം എങ്ങനെ?*

പരസ്പരം ബന്ധമില്ലാത്ത പദ്ധതി പ്രവർത്തനമല്ല സർക്കാർ വിഭാവനം ചെയ്യുന്നത്. പലപ്പോഴും കിട്ടുന്ന ഫണ്ട് തുല്യമായി വീതിക്കുന്ന സ്ഥിതിയാണിപ്പോൾ. ഉദാഹരണത്തിന് മൂന്നു വാർഡുകളിൽ കുടിവെള്ളപ്രശ്നമുണ്ടെന്നിരിക്കട്ടെ. പക്ഷേ കിട്ടുന്ന പണം അവിടെ ചെലവാക്കുന്നതിനു പകരം പ്രശ്നമില്ലാത്ത വാർഡിനും കൂടി തുല്യമായി വീതിക്കണമെന്നു ശഠിക്കുന്ന മെമ്പർമാരുമുണ്ട്. അത് ശരിയല്ല. വികസനമുൻഗണനകൾക്കനുസരിച്ചുള്ള സമീപനം പഞ്ചായത്തിൽ വേണം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി, അവചേർന്ന ബ്ലോക്കുതല പദ്ധതി, ബ്ലോക്കുകളുടെ പദ്ധതികൾ സംയോജിപ്പിച്ച് ജില്ലാപ്ലാൻ. ഇതാണ് സമീപനം. ജില്ലാ ആസൂത്രണസമിതികൾ ഇതിനു മുൻകൈയെടുക്കും. തുടർന്ന് സംസ്ഥാനപദ്ധതിയുമായി സംയോജിപ്പിക്കും.

*ജനകീയാസൂത്രണം വീണ്ടും വരുന്ന ഈ ഘട്ടത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളോടും ജനങ്ങളോടും എന്താണ് പറയാനുള്ളത്?*

അധികാരം തങ്ങളിലെത്തുമ്പോൾ അതു ഫലപ്രദമായി ഉപയോഗിക്കാനുള്ള മുൻകൈ ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം. സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കാൻ ജനപ്രതിനിധികളും തദ്ദേശഭരണസ്ഥാപനങ്ങളും തയ്യാറാവണം. പദ്ധതി നടത്തിപ്പിലെ ചോർച്ചയും അഴിമതിയും തടയുവാനും വികസനം ഫലപ്രദമാകുവാനും വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് വേണ്ടത്. ■

സംസ്കാരം, ഭൂപ്രകൃതി, സാമൂഹിക സാമ്പത്തി കാടിത്തറ എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ ഏറെ വൈവിധ്യം പുലർത്തുന്ന നാടാണല്ലോ ഭാരതം. ഈ വൈജാത്യങ്ങളെ അംഗീകരിക്കുന്ന വികേന്ദ്രീകരണ ഭരണസംവിധാനത്തെക്കുറിച്ചുള്ള ചിന്തകൾ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ഇന്ത്യയിൽ പ്രബലമായിരുന്നു. അഞ്ചു തട്ടിലുള്ള ഒരു രാഷ്ട്രീയ സംവിധാനമാണ് മഹാത്മാഗാന്ധി വിഭാവനം ചെയ്തത്. ഓരോ തട്ടിന്റെയും ചുമതല കീഴ്ത്തട്ടുകളെ സഹായിക്കുകയാണ്. നിയന്ത്രിക്കുകയല്ല. ഗ്രാമപഞ്ചായത്താണ് ഇതിൽ അടിസ്ഥാനഘടകം. ഇന്ത്യയ്ക്ക് ഒരു കേന്ദ്രീകൃത സംവിധാനമല്ല, ഫെഡറൽ സംവിധാനമാണ് ഉചിതമെന്ന് ഭരണഘടനാ നിർമാണ സമിതി തീരുമാനിച്ചത് ഈ ചിന്തയുടെ ഫലമാണ്. എന്നാൽ ഗ്രാമസ്വരാജിനെ പൂർണമായി അംഗീകരിക്കാൻ പൊതുവിൽ വിസ്സമ്മതിച്ച സമിതി അതിനെ നിർദ്ദേശക തത്വങ്ങളിൽ ചേർക്കാൻ മാത്രമേ തയാറായുള്ളൂ. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാനും അവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് പ്രവർത്തിക്കാനും വേണ്ട അധികാരാവകാശങ്ങൾ സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളണമെന്ന നിർദ്ദേശകതത്വങ്ങളിലെ നിർദ്ദേശത്തെത്തുടർന്ന് പല സംസ്ഥാനങ്ങളും അവ നടപ്പിലാക്കാൻ ശ്രമങ്ങൾ ആരംഭിക്കുകയും ചില നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

ആസൂത്രണ പ്രക്രിയയുടെ ഭാഗമായി ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുവാൻ രൂപീകരിച്ച "ഗ്രോ മോർ ഫുഡ് എൻക്വയറി കമ്മിറ്റി" ഗ്രാമവികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഗ്രാമപ്രദേശങ്ങളെ സാമൂഹിക വികസന ബ്ലോക്കുകളായി തിരിക്കാനും ബ്ലോക്ക് ഓഫീസുകളും ബ്ലോക്ക് ഉദ്യോഗസ്ഥരെയും നിയമിക്കാനും ശുപാർശ ചെയ്തു. ഗ്രാമപഞ്ചായത്തിനും ജില്ലയ്ക്കുമിടയിൽ ബ്ലോക്കുതലം രൂപം കൊള്ളുന്നത് അങ്ങനെയാണ്. രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആസൂത്രണ പ്രക്രിയയ്ക്ക് ദർശനപരമായ അടിത്തറ നൽകിയത് നെഹ്റു – മഹലനോബിസ് മാതൃകയായിരുന്നു. ഘനവ്യവസായത്തിലും അടിസ്ഥാന സൗകര്യവികസനത്തിലും ഊന്നിയുള്ള ഇതിൽ പക്ഷേ സൂക്ഷ്മതലങ്ങളിൽ സുഘടിതമായ ജനാധിപത്യ വേദികൾ രൂപീകരിക്കാനും വിഭാവനം ചെയ്തിരുന്നു. ഇതേത്തുടർന്നാണ് ദേശീയ വികസന സമിതി സമൂഹവികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ പഠിച്ച് വേണ്ട മാറ്റങ്ങൾ വരുത്തുവാനുള്ള നിർദ്ദേശങ്ങൾക്കായി ബൽവന്ത്റായ്

## അധികാരവികേന്ദ്രീകരണം

# പിന്നിട്ട പാതകൾ

മേത്ത അധ്യക്ഷനായുള്ള സമിതിയ്ക്ക് രൂപം നൽകിയത്. ജനപ്രതിനിധി സഭകളോടുകൂടിയ പഞ്ചായത്തിരാജ് സംവിധാനത്തിനുള്ള നിർദ്ദേശം ബൽവന്ത് റായ് മേത്ത കമ്മിറ്റി നൽകി. ഗ്രാമപഞ്ചായത്ത്, അവയിലെ അംഗങ്ങൾ ചേർന്ന് തെരഞ്ഞെടുക്കുന്ന ബ്ലോക്ക്തല പഞ്ചായത്ത് സമിതി എന്നിവ കമ്മിറ്റി നിർദ്ദേശിച്ചു. ഗ്രാമവികസന പ്രവർത്തനങ്ങളാവണം ഇവയുടെ മുഖ്യ അജണ്ട. ഇതേത്തുടർന്ന് രാജസ്ഥാൻ, തമിഴ്നാട്, മഹാരാഷ്ട്ര, കർണാടകം, ഒറീസ്സ, പഞ്ചാബ്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വന്നു. എന്നാൽ പതുക്കെ പതുക്കെ രാഷ്ട്രീയനയ സമീപനങ്ങളും കേന്ദ്രീകൃത നിയന്ത്രണങ്ങളും ഉദ്യോഗസ്ഥമേധാവിത്വവും ഇവയുടെ രൂപീകരണത്തിന്റെ പിന്നിലുള്ള വികേന്ദ്രീകരണ കാഴ്ചപ്പാടിനെ തകർത്തുകളഞ്ഞു. പൊതുവിൽ കർണാടക, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിലായിരുന്നു താരതമ്യേന മെച്ചപ്പെട്ട പഞ്ചായത്ത് രാജ് സംവിധാനം ഇക്കാലത്തുണ്ടായത്. ഇവയുടെ വിലയിരുത്തലുകളിൽ നിന്നാണ് നിർദ്ദേശകതത്വങ്ങളിൽ നിന്നുമാറി ഭരണഘടനയുടെ പിൻബലമുള്ള പഞ്ചായത്തിരാജ് സംവിധാനങ്ങൾക്കു രൂപം നൽകിയത്. 1980 കളുടെ ഒടുവിൽ ഇതിനുള്ള ഭേദഗതിബിൽ അന്നു ഭരണത്തിലുണ്ടായിരുന്ന രാജീവ് ഗാന്ധി സർക്കാർ കൊണ്ടുവന്നുവെങ്കിലും കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാരുകളെ മറികടന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മേൽ നിയന്ത്രണമുണ്ടാകുന്നതും ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിക്കുന്നതുപോലുള്ള വ്യവസ്ഥകൾ വികേന്ദ്രീകരണത്തിന്റെ അന്ത:സത്തയ്ക്കു വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി പ്രതിപക്ഷം എതിർത്തതിനാൽ രാജ്യസഭയിൽ പാസ്സാക്കാൻ കഴിയാതെ വന്നു. തുടർന്ന് അധികാരത്തിൽ വന്ന നരസിംഹറാവു സർക്കാർ 1992 ൽ വിവാദ വ്യവസ്ഥകൾ ഒഴിവാക്കി 73, 74ാം ഭരണഘടനാ ഭേദഗതികൾ കൊണ്ടുവന്നു. എല്ലാവരുടേയും പിന്തുണയോടെ അത് പാസായതോടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം കൈവന്നു.

### കേരളം

ഇ.എം.എസ് നമ്പൂതിരിപ്പാട് നേതൃത്വം നല്കിയ 1957 ലെ ആദ്യ സർക്കാർ തന്നെ അധികാര വികേന്ദ്രീകരണ ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. 1957 ആഗസ്റ്റിൽ ഇ.എം.എസ് ചെയർമാനായി രൂപീകരിക്കപ്പെട്ട ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ അജണ്ടയിൽ അധികാരവികേന്ദ്രീകരണവും ഒരിനമായിരുന്നു. 1958 ജൂലായിൽ ഇ.എം.എസ്. കമ്മിറ്റി സമർപ്പിച്ച നിർദേശത്തിൽ പഞ്ചായത്തിനുമുകളിൽ ബ്ലോക്കുകളെയും താലൂക്കുകളെയും പുന:ക്രമീകരിച്ചുകൊണ്ട് റവന്യൂ ചുമതലകളും വികസന ചുമതലകളും സംയോജിപ്പിക്കുവാനും ജനകീയ സമിതികൾക്ക് രൂപം നൽകുവാനും കമ്മിറ്റി നിർദേശിച്ചിരുന്നു. ജില്ലകളെ പൂർണ അധികാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാക്കണമെന്നും നിർദേശിച്ചിരുന്നു. തുടർന്ന് 1958 ൽ കേരള പഞ്ചായത്തീരാജ് ബില്ലും 1959 ൽ കേരള ഡിസ്ട്രിക്ട് കൗൺസിൽ ബില്ലും നിയസഭയിൽ അവതരിപ്പിക്കപ്പെട്ടു. എന്നാൽ ബിൽ പാസാക്കുന്നതിനു മുൻപ് തന്നെ നിയമസഭ പിരിച്ചുവിടപ്പെട്ടു. തുടർന്ന് 1960 ൽ പട്ടം താണുപിള്ള സർക്കാരിന്റെ കാലത്ത് കേരള പഞ്ചായത്ത് ആക്ട്, കേരള മുൻസിപാലിറ്റി ആക്ട്, കേരള മുൻസിപ്പൽ കോർപ്പറേഷൻ ആക്ട് എന്നിവ പാസ്സാക്കപ്പെട്ടു. തിരുകൊച്ചി മലബാർ മേഖലകളിൽ അംഗികൃത സംവിധാനങ്ങൾ രൂപപ്പെടുത്തുകയായിരുന്നു ഇവയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം വികേന്ദ്രീകൃത ശ്രമങ്ങൾ വികസിപ്പിക്കാനും ലക്ഷ്യമിട്ടുവെങ്കിലും അവ കടലാസിലൊതുങ്ങി. പരിമിതമായ അധികാരങ്ങളും വല്ലപ്പോഴും നടക്കുന്ന തെരഞ്ഞെടുപ്പുമായിരുന്നു എൺപതുകൾ വരെ സ്ഥിതി. (പതിനാറു വർഷങ്ങൾക്കു ശേഷമായിരുന്നു 1978 ലെ തെരഞ്ഞെടുപ്പ്). ഇതിനിടയിൽ 1967 ൽ വീണ്ടും അധികാരത്തിലെത്തിയ ഇ.എം.എസ് സർക്കാർ പഞ്ചായത്ത് ആക്ട് ബിൽ നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും അത് പാസാക്കുന്നതിനു മുൻപ് നിയമസഭ വീണ്ടും പിരിച്ചുവിടപ്പെട്ടു. 1980 ൽ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട് പാസാക്കപ്പെട്ടു. എങ്കിലും അത് നടപ്പായില്ല. 1987 ൽ ഇ.കെ.നായനാർ മന്ത്രിസഭയുടെ കാലത്ത് വികേന്ദ്രീകരണ ശ്രമങ്ങൾ വീണ്ടും ശക്തമായി. 1989 ൽ തെരഞ്ഞെടുപ്പുനടത്തി ജില്ലാകൺസിലുകൾ രൂപീകരിച്ചു. എന്നാൽ 1991 ൽ കെ.കരുണാകരൻ സർക്കാർ അവയെല്ലാം പിരിച്ചുവിട്ടു.

1992 ലെ ഭരണഘടനാ ഭേദഗതിപ്രകാരം നിശ്ചിത കാലാവധിക്കുള്ളിൽ എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന ആക്ടുകൾക്ക് രൂപം നൽകേണ്ടതുണ്ടായിരുന്നു. തുടർന്ന് എ.കെ ആന്റണി മുഖ്യമന്ത്രിയായിരിക്കെ 1994 ൽ കേരള പഞ്ചായത്ത് മുൻസിപ്പാലിറ്റി ആക്ടുകൾ ഭരണഘടനാ ഭേദഗതിയിൽ നിഷ്കർഷിച്ചപ്രകാരം കേരളത്തിൽ പാസ്സാക്കപ്പെട്ടു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിലൂടെ 1995 ൽ ത്രിതല പഞ്ചായത്ത് സംവിധാനം ഒക്ടോബർ രണ്ടു മുതൽ നിലവിൽ വന്നു. എന്നാൽ അധികാരം, പണം, ഉദ്യോഗസ്ഥ സംവിധാനം എന്നിവയുടെ അഭാവത്തിൽ അവയുടെ പ്രവർത്തനം കാര്യക്ഷമമായില്ല. ഇതേതുടർന്നാണ് 1996 ൽ അധികാരത്തിൽ വന്ന ഇ.കെ.നായനാർ സർക്കാർ സംസ്ഥാന പ്ലാനിങ് ബോർഡിന്റെ മുൻകൈയിൽ ഒൻപതാം പദ്ധതി ജനകീയപദ്ധതിയാക്കാനും ജനകീയാസൂത്രണം ആരംഭിക്കാനും തീരുമാനിച്ചത്. 35 ശതമാനം പദ്ധതിവിഹിതം തദ്ദേശസ്ഥാപനങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെട്ടു. തുടർന്ന് എസ്.ബി. സെൻ അധ്യക്ഷനായുള്ള കമ്മിറ്റിയെയും നിയമിച്ചു. സെൻകമ്മിറ്റി നിർദേശങ്ങൾ പ്രകാരം അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനുള്ള നിയമഭേഗദതികളും കൊണ്ടുവന്നു. തുടർന്ന് 2001 ൽ അധികാരത്തിൽ വന്ന എ.കെ.ആന്റണി സർക്കാർ പദ്ധതിയുടെ പേര് കേരളവികസന പദ്ധതിയെന്നാക്കിമാറ്റി. അനുവദിച്ച പണം തിരികെ പിടിക്കുക, ജനകീയാംശം നഷ്ടപ്പെടുക തുടങ്ങിയ പ്രവണതകൾ ഇക്കാലത്താണുണ്ടായത്. വികേന്ദ്രീകരണത്തിന്റെ ചൈതന്യം നഷ്ടപ്പെടുത്തിയെന്ന് വിമർശനമുണ്ടായി. പതിനൊന്നാം പദ്ധതിയുടെ ആരംഭവർഷം മുതൽ ജനകീയാസൂത്രണം തിരിച്ചുവരികയാണ്. അധികാര വികേന്ദ്രീകരണത്തിന് പുതുചൈതന്യം പകരാൻ. ■

-പി.എസ്.ആർ

പ്രൊഫ: പി.കെ രവീന്ദ്രൻ

# തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനൊന്നാംപദ്ധതിക്കു രൂപം നൽകുമ്പോൾ

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു വേണ്ട വാർഷിക പദ്ധതികളുടെയും പഞ്ചവത്സര പദ്ധതിയുടെയും രൂപീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ഭരണസംവിധാനത്തെ സുസ്ഥാപിതമാക്കുന്നതിനും ഉത്പാദന മേഖലയ്ക്ക് ഉണർവേകുന്നതിനുമാണ് പതിനൊന്നാം പദ്ധതിയിൽ ഊന്നൽ നൽകാനാഗ്രഹിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു ദശാബ്ദക്കാലത്തെ അനുഭവം ഇപ്പോൾ കേരളത്തിനുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പങ്കാളിത്ത ആസൂത്രണത്തിന്റെ ഒരു പ്രവർത്തനരീതി ശാസ്ത്രം വികസിപ്പിച്ചെടുക്കുന്നതിന് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണ പ്രചാരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും വിഭവങ്ങളുടെ നീതിപൂർവ്വമായ വിന്യാസം വികേന്ദ്രീകരണത്തിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്. വികസനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ മനസ്സിലാക്കുന്നതിനും അവയെ നേരിടുവാൻ തന്ത്രങ്ങളും പരിപാടികളും കണ്ടെത്തുന്നതിനും ഉള്ള പ്രാദേശിക ശേഷി മെച്ചപ്പെടുത്തുവാൻ വികേന്ദ്രീകൃതാസൂത്രണത്തിന് കഴിഞ്ഞിട്ടുണ്ട്. ആ പ്രസ്ഥാനമാണ്, ജനപ്രതിനിധികൾക്ക് വികസന പ്രശ്നങ്ങളുടെ വിശാല വ്യാപ്തി മനസ്സിലാക്കുതിനും അവയെ പ്രാദേശിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും സഹായകമായത്. വികസനത്തിന്റെ എല്ലാ മേഖലകളെയും ഉൾക്കൊണ്ടുകൊണ്ട് പ്രാദേശികതല വികസന രംഗത്ത് നിരവധി പരീക്ഷണങ്ങൾക്ക് പ്രചോദനമാകുവാൻ വികേന്ദ്രീകൃതാസൂത്രണത്തിനായിട്ടുണ്ട്. പ്രാദേശികതല ആസൂത്രണ പ്രക്രിയയിൽ വിവിധ തുറകളിൽ വൈദഗ്ദ്ധ്യം ഉള്ള വ്യക്തികളുടേയും ബഹുജനങ്ങളുടെയും പങ്കാളിത്തം വർദ്ധിക്കുകയുണ്ടായി. പ്രാദേശികഭരണം കൂടുതൽ സുതാര്യവും പ്രതികരണാത്മകവും ആയിത്തീർന്നു.

അടിസ്ഥാന ആവശ്യങ്ങളായ ഭവനനിർമ്മാണം, ശുചിത്വം, ജലവിതരണം, വൈദ്യുതീകരണം, പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ എന്നീ മേഖലകളിൽ വികേന്ദ്രീ



കൃതാസൂത്രണം ഗുണഫലങ്ങളുണ്ടാക്കിയിട്ടുണ്ട്. പൊതുസ്ഥാപനങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഗണ്യമായ തോതിൽ മെച്ചപ്പെടുത്താനായി. ദാരിദ്ര്യം ലഘൂകരിക്കുന്നതിൽ, പ്രത്യേകിച്ച് കുടുംബശ്രീ സമീപനത്തിലൂടെ അനുകൂല ഫലങ്ങളുണ്ടാക്കാൻ വികേന്ദ്രീകരണത്തിന് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതികളിലെ അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ചുവടെ വിവരിക്കുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും പരിഹരിക്കേണ്ടതുണ്ട്.

1. ഗ്രാമസഭകളിലും വാർഡ്സഭകളിലും മറ്റ് ജനകീയവേദികളിലും ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ നിന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സ്വാംശീകരിച്ചെടുത്ത മുൻഗണന പ്രകാരമാണ് കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതികളിൽ പദ്ധതികളും പ്രോജക്ടുകളും മുഖ്യമായും തയ്യാറാക്കപ്പെട്ടത്. ലഭ്യമായ വിവരങ്ങൾ യുക്തിസഹമായി സംയോജിപ്പിച്ച് ജനങ്ങൾ തന്നെ വിശകലനം നടത്തുന്ന ഒരു സമീപനം പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഉണ്ടാകണം.
2. പങ്കാളിത്തത്തിന്റെ മേന്മ ആഴത്തിലും പരപ്പിലും വിപുലപ്പെടുത്തണം. സമൂഹത്തിന്റെ എല്ലാ മേഖലയിലും പെട്ടവർ ഗ്രാമസഭകളിലും വാർഡ് സഭകളിലും പങ്കെടുത്ത് പ്രാദേശിക വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലും സംവാദങ്ങളിലും സജീവമായി പങ്കെടുക്കുന്നുവെന്നും പ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിക്കുതിലും അനുയോജ്യമായ പരിഹാരം നിർദ്ദേശിക്കുതിലും പങ്കുവഹിക്കുന്നുവെന്നും ഉറപ്പുവരുത്താൻ ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതാണ്.
3. തദ്ദേശഭരണസ്ഥാപനങ്ങൾ, പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ലഭ്യമായ ഏറ്റവും മികച്ച വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.
4. വികസന മേഖലകൾ തമ്മിലും, തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ തട്ടുകൾ തമ്മിലും പദ്ധതി സംയോജനം നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നിർവ്വഹണം നടത്തുന്ന കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പരിപാടികൾ ഉൾപ്പെടെയുള്ള എല്ലാ പരിപാടികൾക്കും പൊതുവായ ഒരു ആസൂത്രണ പ്രക്രിയ ആവിഷ്കരിക്കുകയെന്നതാണ് ഈ സമീപനത്തിലൂടെ അർത്ഥമാക്കുന്നത്.
5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഒരു പൊതുവികസന ദർശനമുൾക്കൊള്ളുന്ന ജില്ലാ പദ്ധതിയുടെ അവിഭാജ്യഘടകമാകണം. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നിരന്തരമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

പദ്ധതിയുടെ മുൻഗണനകൾ താഴെ കൊടുക്കുന്നു

### പ്രദേശിക സാമ്പത്തിക വികസനം

സമൂഹത്തിലെ താരതമ്യേന കൂടുതൽ ദരിദ്രരായവരിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തൊഴിലവസരങ്ങളും വരുമാന വർദ്ധനവും ഉണ്ടാകുന്നതിനുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിനാണ് മുന്തിയ മുൻഗണ നൽകേണ്ടത്. സംയോജിത നീർത്തട പരിപാലനം, സംയുക്ത വനപരിപാലനം എന്നീ പ്രക്രിയകളിലൂടെ ശാസ്ത്രീയ പ്രകൃതി വിഭവ പരിപാലനം സാധ്യമാക്കി കാർഷിക മേഖലയെ (പ്രത്യേകിച്ച് ഭക്ഷ്യവിളകൾ) പുനരുദ്ധരിക്കുതിന് പ്രത്യേക മുൻഗണന നൽകണം. ഓരോ കൃഷിഭൂമിയെയും അടിസ്ഥാന യൂണിറ്റായി കണ്ട് അതിനുള്ള പദ്ധതികൾ തയ്യാറാക്കി അവയെ ഒരു സ്വാഭാവിക മേഖലയുടെ സമ്പൂർണ്ണ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചു കൊണ്ട് പാരിസ്ഥിതിക സന്തുലനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. വൈവിധ്യമാർന്ന പരമ്പരാഗത പറമ്പ് കൃഷി വീണ്ടെടുക്കുവാൻ ശ്രമിക്കുതോടൊപ്പം കർഷകരുടെ കൂട്ടായ്മയും പ്രോത്സാഹിപ്പിക്കണം. കൂടാതെ തീരപ്രദേശങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും പരിപാലനവും ഏറ്റെടുക്കേണ്ടതാണ്.

> പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ഭരണ സംവിധാനത്തെ സുസ്ഥാപിതമാക്കുന്നതിനും ഉത്പാദന മേഖലയ്ക്ക് ഉണർവേകുന്നതിനുമാണ് പതിനൊന്നാം പദ്ധതിയിൽ ഊന്നൽ.

പ്രാഥമിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് പൂരകമായി പ്രാദേശിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും ഉറപ്പാക്കി സൂക്ഷ്മസംരംഭങ്ങൾ ശക്തിപ്പെടുത്തുകയും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതി വിഭവങ്ങളുടെ അടിത്തറ ശോഷിച്ചതിനാലും കാർഷിക ഉൽപ്പന്ന സംസ്കരണം കുറഞ്ഞതിനാലും നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്. ക്ലസ്റ്ററുകളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. വളർന്നുവരുന്ന തൃതീയ മേഖലയിലെ സാധ്യതകൾ ചൂഷണം ചെയ്യാൻ കഴിയുന്ന തരത്തിൽ തൊഴിൽ ലഭിക്കുതിന് പര്യാപ്തമായ പരിശീലനത്തിന് ഊന്നൽ നൽകി, മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുകയെന്നത് ഒരു പ്രധാന ഘടകം ആയിരിക്കും.

### സാമൂഹ്യനീതി

സാമ്പത്തികവികസനം നേടുന്നതോടൊപ്പം സാമൂഹ്യനീതിയും ഉറപ്പുവരുത്തുകയെന്നത് അതിപ്രധാനമാണ്. സാമൂഹ്യമായും സാമ്പത്തികമായും പാർശ്വവത്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ള വിഭാഗങ്ങളെ ഉൾപ്പെടുത്തി ദാരിദ്ര്യത്തിനെതിരെയുള്ള പോരാട്ടം ശക്തമാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി നിർബന്ധമാണ്. നടപ്പുവർഷം മുതൽ ആശ്രയ പരിപാടി എല്ലാ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളും വ്യാപിപ്പിക്കുന്നതാണ്. പ്രത്യേക ഘടകപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ആസൂത്രണ മേന്മ ഗണ്യമായി ഉയർത്തേണ്ടതാണ്. ഒരു പ്രാഥമിക സർവേയിലൂടെ ലഭ്യമാകുന്ന സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിനും സങ്കേതത്തിനും പദ്ധതികൾ തയ്യാറാക്കണം. സർവ്വേ നടത്തുതിനുള്ള രീതിശാസ്ത്രം തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രത്യേകം അറിയിക്കുന്നതാണ്. വനിതകൾ, ശിശുക്കൾ, വൃദ്ധർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങളെ സംബന്ധിച്ച പദവി പഠനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഏറ്റെടുക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ഇതര ദുർബല വിഭാഗങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

### പൊതുസേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കൽ

1) കേന്ദ്ര - സംസ്ഥാന ആവിഷ്കൃത പരിപാടികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും സംയോജിപ്പിച്ചുകൊണ്ടുള്ള ആസൂത്രണ പ്രക്രിയയിലൂടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും ചെയ്യുക.

2) കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളുടേയും വിഭവങ്ങൾ സമന്വയിപ്പിച്ച് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുതിനും ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുതിനും പദ്ധതി

കൾ തയ്യാറാക്കുക.

3) ആരോഗ്യം, പോഷകാഹാരം, പ്രീപ്രൈമറി വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകി അംഗൻവാടി ശൃംഖലയിലൂടെ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കുക.

4) എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഖരമാലിന്യ പരിപാലനത്തിന് മുൻഗണന നൽകുന്ന സമ്പൂർണ്ണ ശുചിത്വപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

5) ജലവിതരണ പരിപാടികൾ സാർവത്രികമായ വ്യാപിപ്പിച്ച് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക.

6) സംയോജിത ഭവന പരിപാടിയായ ഇ.എം.എസ്. ഭവന പരിപാടി മുഖേന ഓരോ ദരിദ്ര കുടുംബത്തിനും വീട് ലഭ്യമാക്കുതാണ്. ഇത് ഘട്ടംഘട്ടമായി നടപ്പാക്കുതിന് കേന്ദ്ര സംസ്ഥാന, തദ്ദേശഭരണ സ്ഥാപനതലങ്ങളിലെ വിഭവങ്ങൾ സഞ്ചിത നിധിയായി സ്വരൂപിക്കേണ്ടതാണ്. സഞ്ചിതനിധിക്ക് പൂരകമായി സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതവും, സെസ് സംഭാവന എന്നീ ഇനങ്ങളിലൂടെയുള്ള പ്രാദേശിക വിഭവ സമാഹരണവും കൂട്ടിചേർക്കേണ്ടതാണ്. ഇ.എം.എസ്. ഭവന പരിപാടിയിൽ പുറമ്പോക്ക് നിവാസികൾക്കും ഭൂരഹിത കുടുംബങ്ങൾക്കും ഒന്നാമത്തെ മുൻഗണന നൽകേണ്ടതാണ്.

7) ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും സംയോജിത ഊർജ്ജ പദ്ധതികൾ തയ്യാറാക്കി ഊർജ്ജ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതാണ്. വിവിധ ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ കഴിയത്തക്ക വിധത്തിൽ കേന്ദ്ര സംസ്ഥാന തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിഭവങ്ങൾ സമന്വയിപ്പിച്ചാണ് സംയോജിത ഊർജ്ജ പദ്ധതികൾ തയ്യാറാക്കേണ്ടത്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനരീതി മെച്ചപ്പെടുത്തുതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു ഭരണ നിർവ്വഹണ പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ

1. വിവരാവകാശ നിയമം ഉറപ്പുവരുത്തുന്ന സുതാര്യതയ്ക്കും വെളിപ്പെടുത്തലുകൾക്കും അനുയോജ്യമായി ഭരണസംവിധാനങ്ങൾ നവീകരിക്കുക.
2. ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷൻ പൂർണ്ണമാക്കുക.
3. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പൗരസംബന്ധിയായ ചുമതലകളുടെ നിർവ്വഹണം മെച്ചപ്പെടുത്തുക.
4. ആവശ്യക്കാരുടെ അരികിൽ സേവനം എത്തിക്കുന്ന സംസ്കാരം വളർത്തിയെടുക്കുക.
5. പൊതുജനപരിഹാര സംവിധാനം ആവിഷ്കരിക്കുക.
6. ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠയും ശേഷിയും പരിശീലനത്തിലൂടെയും പ്രവർത്തനാവലോകനത്തിലൂടെയും വർദ്ധിപ്പിക്കുന്നതും ഭരണ നിർവ്വഹണസംവിധാനം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളിൽ ഉൾപ്പെടുന്നു. ■

# മുന്നൊരുക്കം

എൻ. രമാകാന്തൻ



വികേന്ദ്രീകൃത ആസൂത്രണത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയായി കേരളത്തിന് ഉയരാൻ കഴിഞ്ഞത് ജനകീയാസൂത്രണത്തിലൂടെയായിരുന്നു. ജനകീയാസൂത്രണത്തിന്റെ വിജയത്തിന് സുപ്രധാനമായൊരു പങ്കാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീലനങ്ങൾ വഹിച്ചത്. പ്രാദേശികാസൂത്രണത്തിന്റെ മുൻ അനുഭവങ്ങൾ ഇല്ലാത്ത ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സാമൂഹ്യ സദ്ധ സംഘടനാ പ്രവർത്തകരെയും പ്രാദേശിക പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനുമാവശ്യമായ വൈദഗ്ദ്ധ്യത്തിലേക്കും കാര്യപ്രാപ്തിയിലേക്കും ഉയർത്തിയത് വിപുലവും പ്രായോഗിക സാദ്ധ്യതയുമുള്ള പരിശീലനങ്ങളായിരുന്നു. ഓരോ പ്രദേശത്തിന്റെയും വികസന പ്രശ്നങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞ്, ലഭ്യമായ വിഭവങ്ങളെ പ്രയോജനപ്പെടുത്തി, ജനപങ്കാളിത്തത്തോടെ സുതാര്യമായി പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യമായ ശേഷി ഈ പരിശീലനങ്ങളിലൂടെ നേടിയതിന്റെ ഫലമായാണ് ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുന്നതിന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞത്. ലോകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ബഹുജന വികസന വിദ്യാഭ്യാസപരിപാടിയായി മാറി ഇത്.

## പ്രായോഗികതയിലൂന്നിയ വിപുലമായ പരിശീലനങ്ങൾ

പരമ്പരാഗതമായ രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീ



# കരുത്തേകുന്ന പരിശീലനങ്ങൾ

ലനങ്ങൾ. യാന്ത്രികമായി കാര്യപ്രാപ്തി വികസനത്തിനപ്പുറം സാമൂഹികശാക്തീകരണത്തിനാവശ്യമായ ഊർജം പകരുന്നതിനും ജനങ്ങളെ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള ആവേശം പകർന്നുനൽകുന്നതിനും സഹായകമായിരുന്നു അവ.

ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളും വിഭവസാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ട് പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ബഹുജനവിദ്യാഭ്യാസ പ്രക്രിയയായി അവ മാറുകയുണ്ടായി. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളായ ഗ്രാമസഭ, വികസനസെമിനാർ, പ്രോജക്ടുകളുടെ രൂപീകരണം, പദ്ധതിരേഖ തയ്യാറാക്കൽ, പദ്ധതിവിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും ഒരു ലക്ഷത്തിൽപ്പരം പേരെ പരിശീലിപ്പിക്കുന്നതിന് ജനകീയാസൂത്രണത്തിലൂടെ കഴിഞ്ഞു. പരിശീലനങ്ങളുടെ ബാഹുല്യത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചവർ പോലും പില്ക്കാലത്ത് തുറന്നു സമ്മതിച്ച ഒരു കാര്യമാണ് ഇത്തരമൊരു ആസൂത്രണ വൈദഗ്ദ്ധ്യം സാധാരണ ജനങ്ങൾക്ക് ആർജിക്കാൻ കഴിഞ്ഞത് പരിശീലനങ്ങൾ ഒന്നുകൊണ്ടുമാത്രമായിരുന്നു എന്ന്.

### അവസരങ്ങൾ നഷ്ടപ്പെടുന്ന പത്താം പദ്ധതി

ജനകീയാസൂത്രണം സൃഷ്ടിച്ച പുതിയ വികസന മൂല്യങ്ങളും നടപടിക്രമങ്ങളും ചിട്ടകളും ശക്തിപ്പെടുത്തി സ്ഥായിയാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ പത്താം പദ്ധതിക്കാലത്ത് വേണ്ടത്ര ഉണ്ടായിട്ടില്ല. ഒമ്പതാം പദ്ധതിക്കാലത്ത് ആരംഭിച്ച ഭരണ പരിഷ്കരണനടപടികൾ പൂർത്തിയാക്കുന്നതിനും അവയ്ക്കാവശ്യമായ നിയമപരിരക്ഷ നല്കുന്നതിനും പത്താം പദ്ധതിക്കാലത്ത് കഴിയാതെ പോയി. പ്രാദേശിക പദ്ധതി രൂപീകരണം അനുഷ്ഠാനപരമായ ഒരു പ്രക്രിയയായി മാറി. കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിടുകയും മറ്റെല്ലാ സഹായ സംവിധാനങ്ങളെയും ദുർബലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി ജനകീയ പങ്കാളിത്തം നഷ്ടപ്പെടുകയും ഔപചാരികമായ സർക്കാർ പരിപാടിയായി പ്രാദേശികാസൂത്രണം മാറുകയും ചെയ്തു.

ന് നൽകിയ പണം തിരിച്ചു പിടിക്കുന്നതിനുള്ള തീരുമാനം കൂടി എടുത്തതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആത്മാഭിമാനവും ആവേശവും നഷ്ടപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. പുനർവിന്യാസ നടപടികൾ മരവിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ മേൽനോട്ടം പ്രാദേശിക വികസന പ്രവർത്തങ്ങളിൽ ഇല്ലാതെപോകുകയും ചെയ്തു. പണം ചെലവഴിക്കുന്നതിന് സഹായകമല്ലാത്ത നടപടികൾ നിഷ്കർഷിച്ചതിന്റെ ഫലമായി ധനവിനിയോഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടു. ധനവിനിയോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ തയ്യാറാക്കിയ പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുകയും പ്രാദേശിക സമൂഹത്തിന്റെ വിശ്വാസ രാഹിത്യത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എത്തിക്കുകയും ചെയ്തു.

> ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളായ ഗ്രാമസഭ, വികസന സെമിനാർ, പ്രോജക്ടുകളുടെ രൂപീകരണം, പദ്ധതിരേഖ തയ്യാറാക്കൽ, പദ്ധതിവിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തിൽപ്പരം പേരെ പരിശീലിപ്പിക്കുന്നതിന് ജനകീയാസൂത്രണത്തിലൂടെ കഴിഞ്ഞു. ലോകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ബഹുജന വികസന വിദ്യാഭ്യാസപരിപാടിയായി മാറി ഇത്.

തദ്ഫലമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വ്യക്ത്യാധിഷ്ഠിതമായ തീരുമാനങ്ങളിലേക്ക് പ്രാദേശികാസൂത്രണം മാറി. ഒറ്റപ്പെട്ടതും ഏകപക്ഷീയവുമായ വികസന നിർദേശങ്ങളെ കൂട്ടിച്ചേർത്ത് പദ്ധതിയാക്കി മാറ്റുന്ന അവസ്ഥ വന്നു. അസംഖ്യം ചെറിയതും ഫലക്ഷമതയില്ലാത്തതും യാതൊരു വികസന നേട്ടങ്ങളും കൈവരിക്കാൻ സഹായകമല്ലാത്തതുമായ പ്രോജക്ടുകൾ പ്രാദേശിക പദ്ധതിയുടെ ഭാഗമായി രൂപപ്പെടുകയും ചെയ്തു.

പണം ചെലവഴിക്കുക എന്നതിനപ്പുറം സാമൂഹ്യമായ നേട്ടം കൈവരിക്കുക എന്നത് പ്രാദേശിക പദ്ധതിയിൽ വിസ്മരിക്കപ്പെട്ടു. ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ പരിരക്ഷിക്കുന്നതിനും പ്രാദേശിക ഭരണത്തിൽ നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതിത്വവും അവസാനിപ്പിക്കുന്നതിനും സൃഷ്ടിക്കപ്പെട്ട നിയമസംവിധാനങ്ങളെ ദുർബലപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും തമ്മിൽ കലഹിപ്പിക്കുന്നതിനുള്ള

സംവിധാനമായി മാറ്റുകയുമാണ് പത്താം പദ്ധതിക്കാലത്ത് സംഭവിച്ചത്.

തദ്ദേശഭരണസ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക പിലൻബലവും വൈദഗ്ദ്ധ്യവും നല്കുന്നതിന് ചുമതലപ്പെട്ട സംസ്ഥാന ആസൂത്രണബോർഡും തദ്ദേശസ്വയംഭരണ വകുപ്പും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അത് നല്കാത്തതിന്റെ ഫലമായി വികസന രംഗത്ത് കാര്യക്ഷമമായി മുന്നേറുന്നതിന് പത്താം പദ്ധതിക്കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടത്ര കഴിഞ്ഞില്ല. ഇടപെട്ട് സഹായിക്കുക എന്നതിന് പകരം മാറി നിന്ന് വിമർശിക്കുക എന്ന സമീപനമാണ് സംസ്ഥാന ആസൂത്രണ ബോർഡ് ഇക്കാര്യത്തിൽ ചെയ്തത്.

### പരിശീലനങ്ങളുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ ദുർബ്ബലപ്പെടുത്തുന്നു

നിരന്തരവും തുടർച്ചയായതുമായ പരിശീലനങ്ങളുടെ അഭാവം പത്താം പദ്ധതിക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. സമയബന്ധിതമായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പരിശ്രമം വേണ്ടത്ര ഉണ്ടായില്ല. പരിശീലനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ആവശ്യമായ പണം വകയിരുത്തുന്നതിന് കഴിയാതെ പോയതിന്റെ ഫലമായി വിപുലമായ പരിശീലനങ്ങളുടെ നടത്തിപ്പ് അസാധ്യമായി. പ്രാദേശികാസൂത്രണത്തിന്റെ വിവിധ ഘട്ടപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി പ്രായോഗിക സാധ്യതയോടെ പരിശീലനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കാൻ കഴിയാതെവന്നു.

ഇത് പ്രാദേശികാസൂത്രണത്തിന്റെ ജനപ്രതിനിധികളുടെ നേതൃത്വപരമായ പങ്ക് നഷ്ടപ്പെടുത്തുകയും ഉദ്യോഗസ്ഥരുടെ മുൻകൈയിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിക്കുകയും ചെയ്തു. ആസൂത്രണത്തിലെ ജനകീയ ഊർജം ഇല്ലാതാവുകയും സാമൂഹികമായ ഇടപെടൽ സാധ്യതകൾ നഷ്ടപ്പെടുകയുമായിരുന്നു ഇതിന്റെ ഫലം.

### പതിനൊന്നാം പദ്ധതിയും 'കില' യും

പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനകീയ സംഘടനാസംവിധാനവുമായി ചേർന്ന് പ്രവർത്തിക്കുന്നവരുടെയും പരിശീലനങ്ങളുടെ ചുമതല കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെയാണ് സർക്കാർ ഏല്പിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാധിഷ്ഠിതവും സമയബന്ധിതവുമായ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ് 'കില'യുടെ ഉത്തരവാദിത്വം. അതിനാവശ്യമായ വിവിധ പരിശീലനങ്ങൾ ഇതിനകം 'കില' ആരംഭിച്ചു കഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി) എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ (ഇ.ടി.സി) എന്നിവയുടെയും കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെയും സഹകരണത്തോടെയാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ 'കില' സംഘടിപ്പിക്കുന്നത്. പരിശീലനങ്ങൾ രൂപകല്പന ചെയ്യുന്നതിൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ജനാധിപത്യവേദിയായ പഞ്ചായത്ത് അസോസിയേഷനുമായും മറ്റും നിരന്തരമായ ആശയവിനിമയവും കൂടിയാലോചനയും നടത്തുകയും ചെയ്യുന്നുണ്ട്.

> അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും കാര്യക്ഷമമായ പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനും ആവശ്യമായ കാര്യശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയിലെ പരിശീലന നയം.

### പരിശീലന നയം, തന്ത്രം

അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് സ്ഥായിയായതും കാര്യക്ഷമവുമായ പ്രാദേശിക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുമാവശ്യമായ കാര്യശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കുക എന്നതാണ് പതിനൊന്നാം പദ്ധതിയിലെ പരിശീലന നയം. ഈ നയത്തിനനുസൃതമായി താഴെപ്പറയുന്ന പരിശീലന തന്ത്രമാണ് 'കില' പതിനൊന്നാം പദ്ധതിക്കായി രൂപപ്പെടുത്തിയിട്ടുള്ളത്.

1. ആവശ്യാധിഷ്ഠിത ആസൂത്രണത്തോടൊപ്പം വിഭവാധിഷ്ഠിത ആസൂത്രണത്തിനുള്ള വൈദഗ്ദ്ധ്യം പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വർക്കിങ് ഗ്രൂപ്പുകൾക്ക് ആർജിക്കുന്നതിന് സഹായകമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
2. കാർഷികമേഖലയിൽ ഉൾപ്പെടെ അടിസ്ഥാന സമ്പത്തുത്പാദനമേഖലകളിൽ വളർച്ച കൈവരിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ വൈദഗ്ദ്ധ്യവും പ്രായോഗിക പരിജ്ഞാനവും വളർത്തുക
3. പ്രകൃതി വിഭവ പരിരക്ഷണത്തിലൂന്നിയതും നീർത്തടാധിഷ്ഠിത വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായതുമായ പ്രാദേശിക വികസന പ്രവർത്തനങ്ങൾ ദീർഘകാല വികസന കാഴ്ചപ്പാടോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള വൈദഗ്ദ്ധ്യം വളർത്തുക
4. വിവിധ വികസന മേഖലകൾ തമ്മിലും വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുമുള്ള ബന്ധം ശക്തിപ്പെടുത്തി ജില്ലയുടെ സമഗ്രവികസനത്തിന് സഹായകമായ സംയോജിത ജില്ലാപദ്ധതി രൂപപ്പെടുത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക
5. പ്രാദേശിക പദ്ധതിയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നേതൃത്വം നൽകുന്നതിനും ജില്ലയുടെ സമഗ്രവും ദീർഘകാല ലക്ഷ്യത്തോടെയുമുള്ള വികസനത്തിനാവശ്യമായ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനുള്ള ശേഷിയിലേക്ക് ജില്ലാ ആസൂത്രണ സമിതിയെ ഉയർത്തുന്നതിനാവശ്യമായ കാര്യശേഷി വളർത്തുക
6. പ്രതിസന്ധി നേരിടുന്ന സാമൂഹികവികസന മേഖലകളിൽ വർദ്ധിച്ച പദ്ധതി നിക്ഷേപം ഉറപ്പാക്കി ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, ശിശുവികസനം എന്നീ മേഖലകളിൽ ഉയർന്ന ഗുണമേന്മയോടുകൂടിയ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക
7. സമൂഹത്തിലെ അശരണരും ദുർബലരുമായ സാമൂഹികജനവിഭാഗങ്ങളായ ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ അതിജീവന സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക
8. സമൂഹികവികസനത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ വികസനത്തിനും പദവിമെച്ചപ്പെടുത്തുന്നതിനും സഹായകമായ മനോഭാവം വളർത്തുകയും വികസനപ്രക്രിയയിൽ സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുമാവശ്യമായ വൈദഗ്ദ്ധ്യം വളർത്തുക
9. പ്രാദേശിക ഭരണം ജനാധിപത്യപരമായി പരിവർത്തനപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാടിത്തറ ഉറപ്പാക്കുന്നതിനുമാവശ്യമായ മനോഭാവം വളർത്തുന്നതിനുവേണ്ട പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
10. പ്രാദേശികഭരണ നിർവഹണത്തിൽ പുലർത്തേണ്ട അക്കൗണ്ടബിലിറ്റി, സുതാര്യത, ജനകീയത, ഉത്തരവാദിത്വബോധം എന്നിവ ഉറപ്പാക്കുന്നതിനും സദ്ഭരണം പ്രദാനം ചെയ്യുന്നതിനുമാവശ്യമായ മനോഭാവവും കാര്യശേഷിയും വളർത്തുക

11. പ്രാദേശിക ഭരണത്തിലും ആസൂത്രണ പ്രക്രിയയിലും പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ മനോഭാവവും കാര്യശേഷിയും വളർത്തുക
12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹികസംഘടനകളും ബഹുജനസംഘടനകളും തമ്മിലുള്ള പരസ്പര ബന്ധം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക

## വിപുലവും തുടർച്ചയായതുമായ പരിശീലനങ്ങൾ

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് നിരന്തരമായതും ആവശ്യാധിഷ്ഠിതവുമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് 'കില' യുടെ ലക്ഷ്യം.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിവിധ ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
4. പ്രാദേശിക പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് അംഗങ്ങൾ
5. പദ്ധതി വിലയിരുത്തലുമായി ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് അംഗങ്ങൾ
6. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ
7. സ്വയംസഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഭാരവാഹികൾ
8. ഗുണഭോക്തൃസമിതി ഭാരവാഹികൾ
9. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
10. ബഹുജന സംഘടനാ പ്രതിനിധികൾ
11. മാദ്ധ്യമ പ്രതിനിധികൾ
12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മറ്റ് സഹായ സംഘടനാ സംവിധാനങ്ങളുടെ പ്രതിനിധികൾ
13. നീർത്തടവികസന കമ്മിറ്റി ഭാരവാഹികൾ

ഒരു തവണ പരിശീലനം എന്നതല്ല മറിച്ച്, നിരന്തരമായ പരിശീലനങ്ങൾ ആസൂത്രണത്തിന്റെ വിവിധ ഘട്ടപ്രവർത്തനങ്ങളുമായി സംഘടിപ്പിക്കുക എന്നതാണ് പതിനൊന്നാം പദ്ധതി കാഴ്ചപ്പാട്.

## വ്യവസ്ഥാപിതമായ വികേന്ദ്രീകരണ പരിശീലനം

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒമ്പതാം പദ്ധതിക്കാലത്ത് സംഘടിപ്പിക്കപ്പെട്ട പരിശീലനങ്ങൾ ഏറെയും കാമ്പെയിൻ അടിസ്ഥാനത്തിലുള്ളതായിരുന്നു. എന്നാൽ ഇന്ന് പ്രാദേശികാസൂത്രണത്തിന്റെ ചിട്ടകളെയും നടപടിക്രമങ്ങളെയും സംബന്ധിച്ച് ഏകദേശ ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ വിഭവാധിഷ്ഠിതമായതും സുസ്ഥിരവികസനത്തിന് സഹായകമായതുമായ പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം ഇനിയും വളർന്നു വരേണ്ടതുണ്ട്. മാത്രവുമല്ല, ഫലപ്രദമായി ബഹുതല ആസൂത്രണത്തെ പ്രകൃതിവിഭവപരിരക്ഷണത്തിന് സഹായകമാവും വിധം നീർത്തടാധിഷ്ഠിത കാഴ്ചപ്പാടോടെ രൂപപ്പെടുത്തുന്നതിനുള്ള വൈദഗ്ദ്ധ്യം വളർത്തുന്നതിൽ ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഭരണഘടനാപരമായി നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും തമ്മിലുള്ള പരസ്പരബന്ധത്തിലും ഇനിയുമേറെ കാര്യങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള പരസ്പര ബന്ധത്തിൽ കൂടുതൽ സൗഹൃദപരമായ സമീപനം വളർന്നുവരേണ്ടതുണ്ട്. ജനകീയമായ ഭരണനിർവഹണത്തിനാവശ്യമായ ഉപാധികൾ ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജാഗ്രത വേണ്ടത്ര ഉണ്ടായിട്ടില്ല. ചുരുക്കത്തിൽ ജനാധിപത്യപരവും ജനസൗഹൃദപരവുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമാണ് പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ ഊന്നൽ.

> ജനസൗഹൃദപരമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യവും സുസ്ഥിര വികസന ലക്ഷ്യങ്ങളും കൈവരിക്കുന്നതിനാണ് പതിനൊന്നാം പദ്ധതി പരിശീലനങ്ങളുടെ ഊന്നൽ.

ഇത്രയേറെ വിപുലമായ പരിശീലനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പരിശീലനം വികേന്ദ്രീകരിക്കേണ്ടതുണ്ട്. കേന്ദ്രീകൃതമായി പൂർത്തിയാക്കേണ്ട പാഠ്യപദ്ധതി തയ്യാറാക്കൽ, പരിശീലകരുടെ പരിശീലനം, പഠനസാമഗ്രികളും കൈപ്പുസ്തകങ്ങളും രൂപപ്പെടുത്തൽ എന്നിവ 'കില'യുടെ നേതൃത്വത്തിൽ ചെയ്യുന്നു എന്നതും പരിശീലന നിർവഹണം വികേന്ദ്രീകരണവുമായി ജില്ലാതലത്തിലും ഉപജില്ലാതലത്തിലും നടത്തുക എന്നതാണ് പതിനൊന്നാം പദ്ധതിക്കാലത്തെ പരിശീലന സംഘാടനത്തിനും നടത്തിപ്പിനുമായി ചെയ്യുന്നത്. പരിശീലനത്തിന്റെ പ്രായോഗികതയും ഗുണമേന്മയും നിരന്തരമായി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും സഹായകമായ ഓൺലൈൻ മോണിറ്ററിങ് സംവിധാനവും ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നതാണ്.

## പരിശീലനങ്ങളെ സാമൂഹികവിലയിരുത്തലിന് വിധേയമാക്കുന്നു

പരിശീലന വിലയിരുത്തലിനും കാലോചിതമായ ഉള്ളടക്കത്തോടെ പരിശീലനം രൂപകല്പന ചെയ്യുന്നു എന്നുറപ്പാക്കുന്നതിനും, ഫാക്കൽട്ടിടീമിന്റെ കാര്യപ്രാപ്തി വിലയിരുത്തുന്നതിനും സഹായകമായ ജനകീയ മോണിറ്ററിങ് രൂപപ്പെടുത്തുന്നതാണ്. ഇതിനായി എല്ലാ ജില്ലകളിലും ജില്ലാതല ട്രെയിനിങ് അഡ്വൈസറി കമ്മിറ്റികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ജില്ലാതല പരിശീലനത്തിന്റെ ഫലപ്രദമായ സംഘാടനം, നടത്തിപ്പ് എന്നിവ ഈ സമിതിയുടെ നേതൃത്വത്തിലായിരിക്കും. പൂർണമായും ജനകീയ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയിട്ടുള്ള ജില്ലാതല ട്രെയിനിങ് അഡ്വൈസറി കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

**ചെയർമാൻ**
ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ

**വൈസ്ചെയർമാൻ**
ജില്ലാ ആസൂത്രണ സമിതി വിദഗ്ദ്ധ അംഗം

**ജോ.കവീനർ**
ജനകീയാസൂത്രണ ജില്ലാ കോ-ഓർഡിനേറ്റർ

**അംഗങ്ങൾ**


- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- അസിസ്റ്റന്റ് ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ)
- മുനിസിപ്പിൽ ജോയിന്റ് ഡയറക്ടർമാർ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ
- ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ
- കോർപ്പറേഷൻ മേയർമാർ മുനിസിപ്പൽ ചേമ്പർ പ്രതിനിധികൾ, 'കില' ഫാക്കൽട്ടി അംഗം

ജില്ലാ ട്രെയിനിങ് അഡ്വൈസറി കമ്മിറ്റിയുടെ മേൽനോട്ടവും സാമൂഹിക വിലയിരുത്തലും പരിശീലനങ്ങളുടെ ഫലക്ഷമതയും ഗുണമേന്മയും ഉയർത്തുന്നതിനും പരിശീലനങ്ങളെ കൂടുതൽ ലക്ഷ്യാധിഷ്ഠിതമാക്കുന്നതിനും സഹായിക്കുമെന്നുറപ്പാണ്. ■

*'കില' ഡയറക്ടറാണ് ലേഖകൻ*

പ്രൊഫ. എം.കെ. പ്രസാദ്

# വികേന്ദ്രീകരണത്തിന്റെ കംപ്യൂട്ടർവഴി



**ഇ-ഗവേണൻസിന്റെ ചടുല മേഖലയിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെ കൈപിടിച്ചു നടത്താൻ നിയോഗിക്കപ്പെട്ട ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച്...**

പണ്ടൊക്കെ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഒരു ജനന സർട്ടിഫിക്കറ്റിനോ മറ്റു സർട്ടിഫിക്കറ്റുകൾക്കോ പോയാലുള്ള അനഭവം ഓർമ്മയുണ്ടാകുമല്ലോ? ഇന്നിപ്പോൾ ആ സ്ഥിതി മെല്ലെ മാറിവരുന്നു. ഇരുപത്തിനാലു മണിക്കുറിനുള്ളിൽ ജനന - മരണ സർട്ടിഫിക്കറ്റുകൾ നൽകാൻ പോരും വിധം കോർപ്പറേഷനുകൾ ഉൾപ്പടെ പല തദ്ദേശ സ്ഥാപനങ്ങളും മാറിയിരിക്കുന്നു. ഈ മാറ്റത്തിന്, സർക്കാർ നടപടികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലെ അധികൃതരോടോപ്പം സുപ്രധാന പങ്കുവഹിച്ച സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ. ഇ-ഗവേണൻസിന്റെ ചടുല മേഖലയിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെ കൈപിടിച്ചു നടത്താൻ നിയോഗിക്കപ്പെട്ട ഈ സ്ഥാപനം എട്ടു വർഷത്തെ പ്രവർത്തനം പിന്നിടുമ്പോൾ ഇ-ഗവേൺസ് സാങ്കേതിക സംവിധാനങ്ങളിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതിനു വഴിയൊരുക്കിയ എട്ടു വർഷക്കാലത്തെ ഐ.കെ.എം ന്റെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.1998 ൽ ജനകീയാസൂത്രണ പ്രസ്ഥാനം പ്രവർത്തനപഥത്തിലെത്തിയപ്പോൾ ധനവിഭവങ്ങൾ വികേന്ദ്രീകരിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവശേഷി കാര്യമായി വർധിപ്പിച്ചു. ശരാശരി 14 ലക്ഷമായിരുന്ന

ഗ്രാമപഞ്ചായത്തിന്റെ വരുമാനം ഏതാണ്ട് അഞ്ചിരട്ടിയോളം വർദ്ധിച്ച സാഹചര്യമുണ്ടായി. വികേന്ദ്രീകരണത്തോടൊപ്പം തങ്ങളുടെ കഴിവിനൊത്ത് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു. പ്രാദേശികതല വികസന പരിപാടികൾ നടപ്പാക്കുന്നതിനായി താഴെ തട്ടിലുള്ള ഒട്ടേറെ ആഫീസുകളും അതിലെ ജീവനക്കാരെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ജനകീയാസൂത്രണ പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ അടിമുടി മാറ്റിമറിച്ചപ്പോൾ തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ചിട്ടയാക്കുന്നതിനും സമ്മർദ്ദമുണ്ടായി. ഈ പശ്ചാത്തലത്തിലാണ് തദ്ദേശഭരണത്തിൽ വിവര സംവേദന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചത്. അതിനെ തുടർന്ന് 1999 ജൂൺ മാസത്തിലാണ് ഇൻഫർമേഷൻ കേരളമിഷൻ (ഐ.കെ.എം) രൂപീകരിച്ചത്.

ഐ. കെ. എം രൂപീകരിച്ചപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ മിഷന്റെ ലക്ഷ്യങ്ങളായി തീരുമാനിച്ചിരുന്നു.

1. സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിങ് ആഫീസുകൾ, 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ (ഇപ്പോൾ 1223) എന്നിവയെ പരസ്പര ബന്ധിത ശൃംഖലയിലൂടെ ബന്ധപ്പെടുത്തുക.
2. പദ്ധതി രൂപീകരണത്തിന്റെയും, നേട്ടങ്ങളുടെയും വിവരങ്ങൾ തുടർച്ചയായി മോണിറ്ററിങ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
3. തദ്ദേശഭരണസ്ഥാപനങ്ങളുടെ ധന വിനിയോഗം, കണക്കുസൂക്ഷിപ്പ്, സാമൂഹികക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ്, നിയമപരമായ ചുമതലകൾ, പൊതുഭരണം തുടങ്ങിയ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.
4. തദ്ദേശ രണ സ്ഥാപനങ്ങളുടെ സൂക്ഷ്മതല ആസൂത്രണത്തിന് സഹായിക്കുന്ന തരത്തിൽ വിഭവങ്ങളെ സംബന്ധിച്ച വിവര വ്യവസ്ഥ തയ്യാറാക്കുക.
5. ഹാർഡ് വെയറും, സോഫ്റ്റ് വെയറും ഉപയോഗിക്കുന്നതിനായി പരിശീലനം ലഭിച്ച മാനവശേഷി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും തയ്യാറാക്കുക.
6. നിലവിലുള്ള വിനിമയ ശൃംഖല പൂർണമായി പ്രവർത്തന സജ്ജമാക്കുന്നതിനും, നിലനിർത്തുന്നതിനും സാങ്കേതിക സഹായം നൽകുക.

ഈ ലക്ഷ്യങ്ങളോടെ പ്രവർത്തനം ആരംഭിച്ച ഐ.കെ.എം ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളായ പദ്ധതി ആസൂത്രണം, നിർവഹണം, അക്കൗണ്ടിങ്, വിവിധ രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, യോഗ നടപടികൾ, ഫയൽ കൈകാര്യം, ആസ്തികൾ, വിഭവശേഷി കണ്ടെത്തൽ തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുന്നതിനായി പന്ത്രണ്ട് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ച് പൈലറ്റടിസ്ഥാനത്തിൽ വെള്ളനാട്, തളിക്കുളം ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ചു. 357 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 53 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷൻ എന്നിവിടങ്ങളിൽ പദ്ധതിരൂപീകരണ വിവരങ്ങളും ചെലവു വിവരങ്ങളും രേഖപ്പെടുത്തി ശൃംഖല വഴി തദ്ദേശസ്വയംഭരണ വകുപ്പിലും സംസ്ഥാന ആസൂത്രണ ബോർഡിലും വിനിമയം നടത്തുന്നതിന് സംവിധാനമുണ്ട്. നഗരകാര്യവകുപ്പ്, പഞ്ചായത്ത് വകുപ്പ്, ജില്ലാ പ്ലാനിങ് ഓഫീസുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ എന്നിവ പരസ്പരം ബന്ധിച്ചിട്ടുണ്ട്. സിവിൽ രജിസ്ട്രേഷൻ കാര്യക്ഷമമാക്കി വിവരങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി 24 മണിക്കൂറുകൾക്കകം സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം രൂപീകരിച്ചു. 210 ആശുപത്രികളിൽ ഹോസ്പിറ്റൽ കിയോസ്ക് പ്രവർത്തിക്കുന്നു. ഇവയിൽ 52 സർക്കാർ ആശുപത്രികളും 158 സ്വകാര്യ ആശുപത്രികളുമാണ്. അഞ്ച് കോർപ്പറേഷനുകളിലായി 127 കിയോസ്ക്കുകളും 12 മുനിസിപ്പാലിറ്റികളിൽ 55 കിയോസ്ക്കുകളും 14 ഗ്രാമപഞ്ചായത്തുകളിലായി 28 കിയോസ്ക്കുകളും പ്രവർത്തിക്കുന്നു. തദ്ദേശസ്വയം ഭരണവകുപ്പിനു വേണ്ടി www.localgovkerala.in എന്ന പേരിൽ ഒരു വെബ്സൈറ്റ് സ്ഥാപിക്കുകയും 1223 തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ചരിത്രം, വികസനപ്രശ്നങ്ങൾ, കൗൺസിൽ വിവരങ്ങൾ, അടിസ്ഥാന വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ നല്കുകയും അവ പുതുക്കുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ നഗരസഭകൾക്കും, വെള്ളനാട്, തളിക്കുളം ഗ്രാമപഞ്ചായത്തുകൾക്കും പ്രത്യേക വെബ്സൈറ്റും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സോഫ്റ്റ് വെയർ വികസിപ്പിക്കുകയും ഇതിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ജീവനക്കാർക്ക് ഉപയോഗിക്കുന്നതിനായി വെബ്സൈറ്റിൽ നൽകുകയും ചെയ്തു. തദ്ദേശഭരണസ്ഥാപനങ്ങളുടെ കംപ്യൂട്ടർ ഭൂപടത്തിൽ വാർഡ് അതിർത്തി, റോഡുകൾ, പ്രധാന സ്ഥാപനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തി പ്രാദേശിക അറ്റ്ലസ് നിർമ്മിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. വെള്ളനാട്, തളിക്കുളം ഗ്രാമപഞ്ചായത്തുകളിലും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ചില വാർഡുകളിലും പ്രമിസസ് മാപ്പിങ് പ്രവർത്തനങ്ങൾ പൂർത്തീകരച്ചു. കിലയുമായി ചേർന്ന് തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ ഡിജിറ്റയ്സ് ചെയ്യുന്ന പ്രവർത്തനം 1221 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചു. വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഐ.കെ.എം സോഫ്റ്റ്‌വെയറുകളുടെ വിന്യാസം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സോഫ്റ്റ്‌വെയർ | വിശദീകരണം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| സേവന (ജനന/മരണ/വിവാഹ രജിസ്ട്രേഷൻ) | ജനന/മരണ/ വിവാഹ രജിസട്രേഷനുകൾ | 297 |
| സേവന (പെൻഷൻ) | സാമൂഹ്യസുരക്ഷാ പെൻഷൻ | 21 |
| സാംഖ്യ/സഹത | അക്കൗണ്ടിങ് | 42 |
| സൂചിക | ഫയൽ മോണിറ്ററിങ് | 14 |
| സകർമ്മ | യോഗനടപടിക്രമങ്ങൾ | 3 |
| സ്ഥാപന | ശമ്പള വിതരണം | 61 |
| സു ദ്ര | ബഡ്ജറ്റിങ് | 2 |
| സഞ്ചയ | റവന്യൂ | 7 |
| സുലേഖ | പദ്ധതി മോണിറ്ററിങ് | 518 |
| സഞ്ചിത | പഞ്ചായത്ത്-നഗരപാലികാ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ | 60 |
| സചിത്ര | ഭൂപടങ്ങളുടെയും, വിഭവങ്ങളുടെയും ചിത്രണം | 3 |
| സംവേദിത | വെബ്സൈറ്റ് | 1223 |

ഈ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുടെ നിർവഹണത്തിനായി ജീവനക്കാർക്ക് പരിശീലനം നൽകി. മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കംപ്യൂട്ടറുകളും, അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് സർക്കാർ ഉത്തരവ് നല്കുകയും അതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങ

ളും വാങ്ങി വിന്യസിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനം പൂർത്തിയാവുന്നതോടെ മൂന്നു മാസത്തിനകം മുഴുവൻ തദ്ദേശ ഭരണസ്ഥാപനങ്ങളേയും ശൃംഖലാബന്ധത്തിൽ കണ്ണിചേർത്ത്, ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കാൻ കഴിയും.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഐ.കെ.എംന്റെ ചുമതലയിൽ ചില ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനം തദ്ദേശഭരണസ്ഥാപനങ്ങൾ ഒൻപതാം പദ്ധതിയിലും, പത്താം പദ്ധതിയിലും നടപ്പാക്കിയ പ്രോജക്ടുകളെക്കുറിച്ച് ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി ഒരു റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നല്കുക എന്നതാണ്. കഴിഞ്ഞ രണ്ട് പദ്ധതി കാലയളവുകളിൽ പദ്ധതി രൂപീകരണത്തിന്റയും നിർവഹണത്തിന്റെയും സുലേഖ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ നൽകിയ വിശദാംശങ്ങൾ ക്രോഡീകരിച്ച് ഈ റിപ്പോർട്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നല്കുകയുണ്ടായി. തുടർന്ന് തദ്ദേശഭരണസ്ഥാപനം അവരുടെ കയ്യിലെ വിവരങ്ങളുമായി ഒത്തുനോക്കി കണക്കുകൾ ചിട്ടപ്പെടുത്തുകയുമായി (9 തദ്ദേശഭരണസ്ഥാപനങ്ങൾ കണക്കുകൾ ചിട്ടപ്പെടുത്തുന്ന പ്രവർത്തനം ഈ മാസാവസാനം പൂർത്തീകരിക്കും). ഈ വിവരങ്ങൾ തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

പതിനൊന്നാം പദ്ധതിയുടെ ആദ്യവർഷത്തെ പ്രോജക്ട് രൂപീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കി നല്കിയ ഫോറങ്ങളിൽ പ്രോജക്ട് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും, ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കഴിയും. തുടർന്ന് പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി പ്രതിമാസ ചെലവുകൾ രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറും ഐ.കെ.എം. വികസിപ്പിച്ചിട്ടണ്ട്.

പതിനൊന്നാം പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം സദ്ഭരണ നിർവഹണം എന്നതാണ്. ഈ കാര്യങ്ങളിലും ഐ.കെ.എം. പ്രവർത്തനങ്ങൾക്ക് പ്രത്യേകമായ പ്രാധാന്യവും ചുമതലയും നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ ചിലത് കൂടി ചുവടെ ചേർക്കുന്നു.

1. സുതാര്യമായ ഭരണ നിർവഹണത്തിന് ഏറ്റവും പ്രധാനം കണക്കുകൾ ശരിയായി, കുടിശ്ശികയില്ലാതെ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ്. ഇതിനായി കംപ്യൂട്ടർവത്കരണ സംവിധാനം പ്രയോജനപ്പെടുത്തണം.
2. ഇതിനുമുമ്പ് നല്കിയ ആനുകൂല്യങ്ങൾ കൂടി പരിഗണിച്ച് സംയോജിത ഗുണഭോക്തൃ വിവരശേഖരം തയ്യാറാക്കുക
3. എല്ലാ പൊതു സേവനങ്ങളും ഇലക്ട്രോണിക് സംവിധാനത്തിലേക്കു നല്കുക. ജനസേവന കേന്ദ്രങ്ങൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യം, ടോയ്‌ലറ്റ്, കുടിവെള്ളം, സമയബന്ധിതവും ചിട്ടയുമായ സേവനം എന്നിവ ഉറപ്പാക്കി ഇത് നിർവഹിക്കാൻ കഴിയും.
4. ജനന/മരണ/വിവാഹ രജിസ്ട്രേഷൻ പൂർണ്ണമായും കംപ്യൂട്ടർവല്ക്കരിക്കുക.
5. ഉദ്യോഗസ്ഥർക്ക് കാലാനുഗതമായ പരിഷ്കാരങ്ങളിൽ പരിശീലനം നല്കുക. അതുവഴി കൃത്യനിഷ്ഠയും അവരുടെ ശേഷിയും വർദ്ധിപ്പിക്കുക.

ഈ ചുമതലകൾ നിർവഹിക്കുക എളുപ്പമല്ല. തദ്ദേശഭരണസ്ഥാപങ്ങളുടെ മേധാവികളുടെയും, ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഇതിനു കഴിയൂ. അതോടൊപ്പം പൊതുജനങ്ങളുടെ പരിപൂർണ്ണ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുകയും വേണം ഗ്രാമസഭകൾ ശക്തമാക്കി കൊണ്ട് മാത്രമേ ഇതിന് കഴിയൂ. ഇത്തരത്തിൽ പതിനൊന്നാംപദ്ധതിയെ ഒരു ജനകീയ പദ്ധതിയാക്കി മാറ്റാൻ കഴിയും. ■

*ഇൻഫർമേഷൻ കേരളാ മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ആണ് ലേഖകൻ*



# നെല്ലറയുടെ വികസനത്തിന് പുതിയ പാലം

സംസ്ഥാനസർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷിക്ക് പ്രാമുഖ്യം നൽകാൻ തീരുമാനിച്ചതോടെ കേരളത്തിന്റ നെല്ലറയെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന കുട്ടനാട്, അതിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുകയാണ്. കോട്ടയം ജില്ലാ പഞ്ചായത്ത് കൃഷിക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പാക്കാനും തരിശിട്ടിരിക്കുന്ന മുഴുവൻ കൃഷിഭൂമിയും ഉപയോഗപ്പെടുത്താനും പ്രത്യേക പദ്ധതികൾ നടപ്പാക്കി വരികയാണ്.

കൃഷിക്കും അപ്പർ കുട്ടനാടിന്റെ സമഗ്ര വികസനത്തിനും വഴിയൊരുക്കുന്ന കരിയാർ സ്പിൽവേ-കം-ബ്രിഡ്ജിന്റെ നിർമാണമാണ് ജില്ലാ പഞ്ചായത്തിന്റെ ഒരു സുപ്രധാന പദ്ധതി. എം.പി, എം.എൽ.എമാരും ത്രിതല പഞ്ചായത്തുകളും പാടശേഖരസമിതികളും സഹകരണ മേഖലയും സംയുക്തമായി ഇതു നടപ്പാക്കും. വൈക്കം താലൂക്കിലെ തലയാഴം പഞ്ചായത്തിനെ ടി.വി.പുരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന സ്പിൽവേ-കം-ഓവർ ബ്രിഡ്ജ് നിർമിക്കുന്നത് കരിയാറിലെ കോട്ടച്ചിറയിലാണ്.

കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം താലൂക്കുകളിൽ ഉൾപ്പെട്ട അപ്പർ കുട്ടനാടൻ മേഖലയിലെ 16 പഞ്ചായത്തുകളിലെ 60,000 നെൽകർഷകർക്ക് സ്പിൽവേ നിർമാണം വഴി പ്രയോജനം ലഭിക്കും. 25,000 ഏക്കർ നെൽകൃഷിക്ക് സ്പിൽവേ ഗുണം ചെയ്യും. 13 കോടിരൂപ ചെലവു വരുന്ന ഈ ബഹുവർഷ പദ്ധതിയ്ക്കായി ഈ വർഷം തുടക്കമെന്ന നിലയിൽ ഒരുകോടി രൂപയാണ് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും എം.പി, എം.എൽ.എ മാരും നീക്കിവച്ചിട്ടുള്ളത്.

ഓരുവെള്ള ഭീഷണി തടയാൻ സ്പിൽവെ ഏറെ പ്രയോജന പ്രദമായിരിക്കും. പാടശേഖരങ്ങളിൽ ഓരു വെള്ളം കയറുന്നത് തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തിക്കൊണ്ട് വലിയൊരു പരിധി വരെ തടയാൻ കഴിയുമെങ്കിലും ഇപ്പോഴത്തെ അവസ്ഥയിൽ അത് പൂർണമായ പരിഹാരമല്ല. തന്മൂലം വടയാർ, കരിയാറിലെ കോട്ടച്ചിറ, കെ.വി. കനാൽ എന്നിവിടങ്ങളിലായി താത്കാലിക ഓരുമൂട്ടുകൾ കൂടി ഇടുന്നു. സ്പില്വേ നിർമാണം പൂർണമാകുന്നതോടെ വർഷംതോറും ഓരു മൂട്ടിടുന്നതിന്റെ ആവർത്തന ചെലവ് ഒഴിവാക്കാൻ സാധിക്കും.

ടി.വി.പുരം പഞ്ചായത്തിലെ ആയിരക്കണക്കിനാളുകൾക്ക് കോട്ടയം, ചേർത്തല, ആലപ്പുഴ എന്നിവിടങ്ങളിലേക്ക് പോകാൻ ഒരു എളുപ്പവഴികൂടിയാകും കരിയാർ സ്പിൽവേ-കം-ബ്രിഡ്ജ്. സ്പിൽവേയും, കെ.വി കനാൽ ചീപ്പും പൂർത്തിയാകുന്നതോടെ തണ്ണീർമുക്കംബണ്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണമാകുമെന്നു പറയാം. ചുരുക്കത്തിൽ, കുട്ടനാട്ടിലെ കൃഷിയുടെയും ഇതര കാർഷിക മേഖലയുടെയും നഷ്ടസമൃദ്ധി വീണ്ടെടുക്കാൻ ഈ പദ്ധതി വഴിയൊരുക്കുമെന്നതിൽ സംശയമില്ല.

മാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കുന്ന 33 ലക്ഷം രൂപയുടെ മറ്റൊരു പദ്ധതിയും ജില്ലാ പഞ്ചായത്തിന് നഷ്ടമാകുന്നു. 16 കോടി രൂപയുടെ ജനകീയാസൂത്രണ പദ്ധതിയുടെ വികസന പദ്ധതികളാണ് ഈ വർഷവും ഞങ്ങൾ നടപ്പാക്കുന്നത്. ഇതിൽ കാർഷിക മേഖലയ്ക്കാണ് ഊന്നൽ- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി.സുഗുണൻ പറഞ്ഞു.■

*കെ.ആർ. പ്രമോദ്കുമാർ*
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, കോട്ടയം*



വൈദ്യുതി ബോർഡിന്റെ സിറ്റി ഓട്ടോമേഷൻ പദ്ധതി ടൗൺ ഹാളിൽ മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യുന്നു.

# പൂർവ പാരമ്പര്യം തേടുന്ന കോഴിക്കോട്

ഉത്പാദന മേഖലയ്ക്ക് പരമ പ്രാധാന്യം നൽകി രൂപം നൽകിയ ജില്ലയുടെ 11-ാം പദ്ധതിയിൽ രോഗം മൂലം പ്രതിസന്ധിയിലായ തെങ്ങുകൃഷിയുടെ പൂർവ്വ പാരമ്പര്യം പുന:സ്ഥാപിക്കാനാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നെൽവയലുകൾ നികത്തുകയും നഗരവൽക്കരണം ദ്രുതഗതിയിലാവുകയും ചെയ്ത സാഹചര്യത്തിലാണ് തരിശിട്ടിരുന്ന 1500 ഹെക്ടർ വരുന്ന വേളം-ആയഞ്ചേരി, ആവളപാണ്ടി, ചെരണ്ടത്തൂർചിറ എന്നീ കോൾ നിലങ്ങളിൽ വർഷത്തിൽ മൂന്നു തവണ നെൽകൃഷിയിറക്കാനുള്ള പദ്ധതി ആവിഷ്കരിച്ചത്. സമഗ്ര നാളികേര വികസന പദ്ധതിയും കോൾനില വികസന പദ്ധതിയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നേട്ടങ്ങളാണെന്ന് പ്രസിഡന്റ് കെ.പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ പറഞ്ഞു.

429.75 ലക്ഷം രൂപ ചെലവു വരുന്ന നാളികേര വികസന പദ്ധതി ജില്ലയിലെ 23 പഞ്ചായത്തുകളിലാണ് നടപ്പാക്കി വരുന്നത്. ഈ പഞ്ചായത്തുകൾ 23 ക്ലസ്റ്ററുകൾ രൂപീകരിച്ച് ഓരോ ക്ലസ്റ്ററിലും 25 ഹെക്ടർ സ്ഥലത്ത് നാളികേര കൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കി വരികയാണ്. കർഷകരുടെ സ്വയം സഹായ സംഘങ്ങളാണ് പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്. ജലസേചനം, മണ്ണ് സംരക്ഷണം, രോഗ പ്രതിരോധ നടപടികൾ, വളപ്രയോഗം, ഇടവിളകൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. പശു-കോഴിവളർത്തലും നാളികേര സംസ്കരണവും വിപണനവും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിന്റേയും കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിന്റേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ലോകത്തിലേക്ക് തന്നെ ഏറ്റവും ഗുണനിലവാരമുള്ള തേങ്ങ ഉത്പാദിപ്പിച്ചിരുന്ന മേഖലകളിൽ പൂർവ്വപാരമ്പര്യം പുന:സ്ഥാപിക്കാൻ പദ്ധതിയിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ. മണ്ഡരിയും കൂമ്പുചീയൽ രോഗവും വിലയിടിവും നാളികേര മേഖലയെ തളർത്തിയ സന്ദർഭത്തിലാണ് ജില്ലാ പഞ്ചായത്ത് പുതിയ സംരംഭവുമായി മുന്നോട്ട് വന്നത്. 35 പഞ്ചായത്തുകളിൽ കൂടി ഈ വർഷം പദ്ധതി വ്യാപിപ്പിക്കും.

15 കോടി ചെലവു വരുന്ന നെൽകൃഷി വികസന പദ്ധതി സി.ഡബ്ല്യു.ആർ.ഡി.എം.( സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്) നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ആരംഭിച്ചത്. കോൾനിലങ്ങളിലെ ജലനിർഗമന ബഹിർഗമനങ്ങൾ നിയന്ത്രിച്ചു കൊണ്ടാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. കനാൽ നിർമ്മാണം, തടയണ നിർമ്മാണം, ഫാം റോഡുകൾ, മത്സ്യകൃഷി, ഇക്കോടൂറിസം പദ്ധതി എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. വിരിപ്പ്, മുണ്ടകൻ, പുഞ്ചകൃഷികൾ വിഭാവനം ചെയ്യുന്നതിനാൽ കർഷക തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ലഭിക്കുമെന്നത് പദ്ധതിയുടെ പ്രത്യേകതയാണ്.

ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിൽ എട്ടര ഏക്കർ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് 27 ചെറുകിട സംരംഭങ്ങൾക്ക് കളമൊരുക്കിയതാണ് ജില്ലാ പഞ്ചായത്തിന്റെ മറ്റൊരു നേട്ടം. പയ്യോളിയിലും കട്ടിപ്പാറയിലും ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം ദ്രുതഗതിയിലാണ്. ■

**പി. വേലായുധൻ**
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്*

# കർഷകർക്ക് ആശ്വാസമേകിയ കാർഷികവിള സംഭരണ പദ്ധതി



വയനാടൻ കർഷകരുടെ രക്ഷയ്ക്കായി ഇടതുമുന്നണി സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ എടുത്തു പറയത്തക്ക ഒന്നാണ് കാർഷിക വിളകളുടെ സംഭരണത്തിനും വിപണനത്തിനുമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബത്തേരിയിലെ അമ്മായിപ്പാലത്ത് തുടങ്ങിയ കാർഷിക വിള സംഭരണ കേന്ദ്രം. കാർഷിക വിളകളുടെ വിലത്തകർച്ചകൊണ്ടും ഇടനിലക്കാരുടെ ചൂഷണം കൊണ്ടും പൊറുതിമുട്ടിയ കർഷകർക്ക് ജില്ലാ പഞ്ചായത്തിന്റെ ഈ പദ്ധതി ഏറെ ആശ്വാസദായകമായി. 51 ലക്ഷം രൂപ മുതൽമുടക്കിയ പദ്ധതി സംസ്ഥാനത്തെ ഇത്തരത്തിലുള്ള ആദ്യസംരംഭമാണ്.

വിപണിവിലയേക്കാൾ 30ഉം 40ഉം ശതമാനം കൂടുതൽ നൽകി സംഭരിച്ച് വിപണനം നടത്തി കർഷകരെ തുണയ്ക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടമെന്ന നിലയിൽ കുരുമുളകാണ് സംഭരിച്ച വിപണനം നടത്തിയത്. അന്താരാഷ്ട്ര ഏജൻസികളുടെ ഗുണനിലവാര നിർദ്ദേശങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള കുരുമുളക് സംഭരിച്ച് വിപണനം നടത്തിയ പദ്ധതി ഏറെ വിജയകരമായിരുന്നു. സംഭരിക്കപ്പെടുന്ന വിളകൾ ഗുണമേന്മ നഷ്ടമാകാതെ ആറുമാസത്തോളം സൂക്ഷിക്കാനുള്ള സംവിധാനം കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കാപ്പി, നെല്ല് എന്നീ വിളകളും സംഭരിച്ച് വിപണനം നടത്താൻ ലക്ഷ്യമിടുന്നതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.എം. സരസമ്മ ടീച്ചർ പറഞ്ഞു. ■

**കെ.ടി.ശേഖരൻ**
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, വയനാട്*

# കൂട്ടായ്മയുടെ സുവർണഗാഥ



കണ്ണൂർ പടിയൂർ മണ്ണേരിയിലെ സുവർണധാര ശുദ്ധജല വിതരണ പദ്ധതി

പദ്ധതി നിർവഹണം സമയബന്ധിതമാകാതെ അനിശ്ചിതമായി നീളുമ്പോൾ അടങ്കലിലൊതുങ്ങാതെ ഗതികിട്ടാത്ത സ്ഥിതിയുള്ളപ്പോൾ, അപവാദങ്ങൾക്കൊരപവാദമായി കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണ ധാരാ ശുദ്ധജല വിതരണ പദ്ധതി.

പദ്ധതി പൂർത്തിയാവുമ്പോൾ അടങ്കലിന്റെ 30% ബാക്കി. അനുവദിച്ച സമയത്തിനുമുൻപേ 17ൽ ഒൻപതെണ്ണം പ്രാവർത്തികമായി. ബാക്കിയെല്ലാം വൈദ്യുതി കണക്ഷൻ മാത്രം കാത്തിരിക്കുന്നു. 18 പഞ്ചായത്തുകളിൽ 17 ശുദ്ധജല വിതരണ പദ്ധതിക്ക് ലക്ഷ്യമിട്ട കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെതാണീ വിജയ ഗാഥ.

കേരളപ്പിറവി സുവർണ്ണജൂബിലിയാഘോഷങ്ങളുടെ ഭാഗമായാണീ പദ്ധതി കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചത്. 117 ലക്ഷം രൂപ അടങ്കലിൽ 690 കുടുംബങ്ങൾക്കു കുടിവെള്ളമെത്തിക്കാൻ. സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഗുണഭോക്തൃ സമതിമുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ മേൽനോട്ടവും സാങ്കേതികോപദേശവും പദ്ധതിക്ക് തുണയായി.

ആസൂത്രണവും നിർവഹണവും നടത്തിപ്പും ഗുണഭോക്തൃ സമതിയുടെ മേൽനോട്ടത്തിൽ ചെലവുകുറച്ചും ഗുണമേന്മയിലും സമയബന്ധിതമായി പൂർത്തിയാക്കി. അടങ്കലിന്റെ 70% തുക ചെലവഴിച്ചാണ് പണി മുഴുമിപ്പിച്ചത്. പദ്ധതി ചെലവിന്റെ 90% ജില്ലാ പഞ്ചായത്തും 10% ഗുണഭോക്തൃസമതികളും വഹിച്ചാണ് പദ്ധതി.

ചേലോറ, കടമ്പൂർ കോങ്ങാട്, കൂടാളി കൂരാരി, പായംപെരുപറമ്പ്, അയ്യംകുന്ന് ഉരുപ്പുകുറ്റി, കണിച്ചാർ കാടൻമല, കേളകം താഴെക്കണ്ടം, കൊട്ടിയൂർ നെല്ലിയോട്, പടിയൂർ മണ്ണേരി, പടിയൂർ മുയ്യേരി, ശ്രീകണ്ഠാപുരം കാവുമ്പായി, ചെങ്ങളായി തോപ്പിലായി, ആലക്കോട് പുളിയിലംകുണ്ട്, ഉദയഗിരി മൂവുതട്ട്, കാങ്കോൽ ആലപ്പടമ്പ് വടശ്ശേരി, ചപ്പാരപ്പടവ് പടപ്പേങ്ങാട്, പരിയാരം വായാട്ടുചുള്ളി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി തുടർന്ന് നടത്തിപ്പിനും ഭാവിയിൽ വരുന്ന ആവർത്തന ചെലവിനും സംവിധാനമുണ്ട്. ഓരോ കുടുംബവും 15 മുതൽ 30രൂപ വരെ മാസാമാസം നൽകും. ചെലവിൽ മിച്ചം കരുതൽ മൂലധനമായി അക്കൗണ്ടിൽ സൂക്ഷിക്കും. അടുത്ത വർഷവും 17 ശുദ്ധജല വിതരണ പദ്ധതി ജില്ലാ പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുണ്ട്. വിജയഗാഥയിൽ അകൃഷ്ടരായി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തും പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. ജില്ലയിലെ മറ്റു പല പഞ്ചായത്തുകളും ഈ മാതൃക പിന്തുടരുകയാണ്. ■

**ചന്ദ്രൻ.പി.പി**
*ജില്ലാ ഇൻഫർമേഷൻ ആഫീസർ, കണ്ണൂർ.*

# മാതൃകയായി ബ്രെയിൽ സാക്ഷരതാ പദ്ധതി

കേരളം സമ്പൂർണ സാക്ഷരത നേടിയപ്പോൾ അത് ലോകത്തോട് വിളിച്ചു പറഞ്ഞത് മലപ്പുറം ജില്ലയിൽ നിന്നുള്ള സാധാരണ വീട്ടുകാരി ചേലക്കാടൻ ആയിഷയായിരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ജില്ലാ സാക്ഷരതാ മിഷൻ പിന്നീട് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പൂർണ പിന്തുണയോടെ ലോകത്തിന് തന്നെ മാതൃകയായ മറ്റൊരു പദ്ധതി നടപ്പാക്കി. അന്ധർക്കുള്ള സമ്പൂർണ ബ്രെയിൽ സാക്ഷരതാ പദ്ധതി, വായനയുടെയും അറിവിന്റെയും ലോകത്തിലേക്ക് എത്തിപ്പെടാൻ കഴിയാതെ ജീവിതത്തിൽ ഒറ്റപ്പെട്ട് അനാഥരായി നിൽക്കുന്നവരെ കണ്ടെത്തി വെളിച്ചത്തിലെത്തിക്കാൻ തയ്യാറാക്കിയ ഈ പദ്ധതി ഏറെ ശ്രദ്ധിക്കപ്പെട്ടു. ലോകത്തിന് മാതൃകയായ ജില്ലയുടെ അക്ഷയ പദ്ധതി മറ്റു ജില്ലകളിലും നടപ്പാക്കിയപ്പോൾ അതിലും മികച്ച ഒന്നായി ബ്രെയിൽ സാക്ഷരതാപദ്ധതി വാഴ്ത്തപ്പെട്ടു. മികച്ച മനുഷ്യാവകാശ പ്രഖ്യാപനമായി അംഗീകരിച്ചു. 15.40 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചു.

കാഴ്ചയില്ലാത്ത നിരക്ഷരരെ കണ്ടെത്തി അവർക്ക് അക്ഷരം പകർന്ന് നൽകൽ മാത്രമായിരുന്നില്ല ഈ പദ്ധതിക്കൊണ്ട് ഉദ്ദേശിച്ചിരുന്നത്. പഠിതാക്കൾക്ക് തൊഴിൽ പരിശീലനം നൽകൽ, സാമൂഹിക - സാംസ്കാരിക നിലവാരം ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കൽ എന്നീ ലക്ഷ്യങ്ങളും ഉണ്ടായിരുന്നു. പദ്ധതി നടത്തിപ്പിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്സിന്റേയും സ്റ്റേറ്റ് റിസോഴ്സ് സെന്ററി ന്റേയും സഹകരണം സാക്ഷരതാ മിഷൻ ഉറപ്പാക്കി.

ഒന്നാം ഘട്ട സർവെയിൽ പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും ഗുണഭോക്താക്കളെ നേരിൽ കണ്ടും അന്ധരെക്കുറിച്ച് വിവരശേഖരണം നടത്തി. സർവെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു. സർവെയിൽ കണ്ടെത്തിയ 15 വയസ്സിന് താഴെയുള്ള സ്കൂളിൽ പോകാത്ത കുട്ടികളെ ബധിര മൂക വിദ്യാലയവുമായി സഹകരിച്ച് സ്കൂളിൽ എത്തിക്കാൻ കഴിഞ്ഞത് നേട്ടമായി.

15 നും 50 നുമിടയിൽ പ്രയമുള്ള നിരക്ഷരരായ 312 പേരെ പദ്ധതിയുടെ ഗുണഭോക്താക്കളായി സാക്ഷരതാ മിഷൻ തെരഞ്ഞെടുത്തു.

പഠിതാക്കൾക്ക് സ്വതന്ത്ര്യമായി സഞ്ചരിക്കുന്നതിന് വിദഗ്ധരുടെ നേതൃത്വത്തിൽ മോബിലിറ്റി ട്രയിനിങ് നൽകി. എല്ലാ പഠിതാക്കൾക്കും വൈറ്റ് കെയിൻ സൗജന്യമായി നൽകി. ബ്രെയിൽ ബോക്സ്, ഗണിത ക്രിയകൾക്ക് ടൗലർ ഫയറുകൾ, ടൈപ്പ്സും പേപ്പറുകളിൽ എഴുതാൻ ടൈലസും നൽകി. പഠിതാക്കൾക്ക് തിരിച്ചറിയൽ കാർഡുകൾ, യാത്രാ പാസുകൾ, മെഡിക്കൽ സർട്ടിഫി

ക്കറ്റ് എന്നിവ ലഭ്യമാക്കി. വൈദ്യുതി, ടെലിഫോൺ കണക്ഷൻ, വാച്ച്, വസ്ത്രങ്ങൾ, റേഡിയോ എന്നിവയും നൽകി. പഠിതാക്കളെ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ വാഹന സൗകര്യം നൽകി.

പഠനപ്രവർത്തനങ്ങൾ പുരോഗമിച്ചപ്പോൾ ജില്ലയിലെ മുഴുവൻ പഠിതാക്കളുടെയും സംഗമം നടത്തി. ബ്ലോക്ക് തല സംഗമങ്ങളും കലാമേളയും നടത്തി. പഠനത്തിന്റെ അവസാനം ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്സിന്റെ സഹകരണത്തോടെ മൂല്യനിർണയം നടത്തി. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് വിദ്യാഭ്യാസമന്ത്രി എം.എ.ബേബി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അന്ധതാ സാക്ഷരത പരിപാടി സംസ്ഥാനമൊട്ടുക്കും വ്യാപിപ്പിക്കുമെന്ന് ചടങ്ങിൽ അദ്ദേഹം പ്രഖ്യാപിച്ചു.

രണ്ടാംഘട്ടമായി തുടർപഠനത്തിനും തൊഴിൽപരിശീലനത്തിനുമായ 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കാഴ്ചയില്ലാത്തവരെ ഉൾക്കാഴ്ചകളുടെ പുതിയ ലോകത്തേക്ക് ചുവടുവയ്ക്കാൻ പ്രേരിപ്പിച്ച ഈ പദ്ധതിക്കു പുറമേ സംസ്ഥാനത്തിന് മാതൃകയായി മറ്റൊരു പദ്ധതിക്കുകൂടി തുടക്കം കുറിച്ചിട്ടുണ്ട്- ജില്ലയിലെ ആദിവാസികളെ സാക്ഷരരാക്കുക. ജില്ലയിലെ ചേലേമ്പ്ര, നിലമ്പൂർ ഗ്രാമപഞ്ചായത്തുകൾ ഇതിനകം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനത്തെ പഞ്ചായത്തുകളായി. ■

**സി. അയ്യപ്പൻ**

*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം*

# സ്വജൽധാര

## കാസർകോടിന്റെ അമൃതധാര

ചന്ദ്രഗിരി, കാര്യങ്കോട് എന്നിവ ഉൾപ്പെടെ 11 പുഴകളാൽ സമൃദ്ധമായ കാസർകോട് വർഷകാലത്ത് വെള്ളപ്പൊക്കത്തിന്റെ കുത്തൊഴുക്കിൽപ്പെടുമ്പോൾ വേനലിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശമാണ്. വേനലിൽ കുഴൽക്കിണർ മാത്രമാണ് ആശ്രയം. തീരദേശമേഖലയും മലയോര പ്രദേശങ്ങളും തീവ്രമായ കുടിവെള്ള ക്ഷാമം നേരിടുകയാണ്.

പൊതുവെ എല്ലാ മേഖലകളിലും പിന്നാക്കം നിൽക്കുന്ന കാസർകോഡ് ജില്ലയ്ക്ക് കുടിവെള്ള വിതരണത്തിനും ഏറെ പദ്ധതികളൊന്നും ഉണ്ടായിരുന്നില്ല. ജനങ്ങളുടെ കുടിവെള്ള പ്രശ്നം സർക്കാർ മനസ്സിലാക്കിക്കൊണ്ട് തന്നെ രാജീവ്ഗാന്ധി കുടിവെള്ള മിഷനോടനുബന്ധിച്ച് കേന്ദ്ര സഹായത്തോടെയുള്ള സെക്ടർ-റിഫോംസ് സ്വജൽധാര പദ്ധതി കാസർകോട്ടേയ്ക്ക് കനിഞ്ഞു നൽകിയത്. ഇത് വിജയകരമായി ലക്ഷ്യത്തിലെത്തിച്ചിരിക്കുകയാണ് ജില്ലാ പഞ്ചായത്ത്.



*കുമ്പള പഞ്ചായത്തിലെ കഞ്ചിക്കട്ട ജലസംഭരണി*

ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 17 പഞ്ചായത്തുകളിലും 80 സ്കൂളുകളിലുമാണ് പദ്ധതി നടപ്പിലാക്കിയത്. 2004ൽ അവസാനിച്ച ആദ്യഘട്ടത്തിൽ 205 പ്രോജക്ടുകളാണ് നടപ്പാക്കിയത്. സെക്ടർ റിഫോംസിന്റെ തുടർച്ചയായ സ്വജൽധാര-2 പദ്ധതിയിൽ 226 പദ്ധതികൾ വിജയകരമായി നടപ്പാക്കി.

14 പഞ്ചായത്തുകളിലായി 4.61 കോടി രൂപയുടെ സ്വജൽധാര പദ്ധതി നടപ്പാക്കി വരുന്നു. എന്നാൽ ഈ പഞ്ചായത്തുകളിലെ ഗുണഭോക്തൃ സമിതിയുടെ ആവശ്യത്തിനൊത്ത് പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിനാൽ ഇത്രയും പഞ്ചായത്തുകളിൽ ചെറിയൊരു പ്രദേശത്ത് മാത്രമേ പദ്ധതി നടപ്പാക്കാൻ കഴിയുകയുള്ളൂ. പദ്ധതികൾ നവംബർ മാസത്തോടെ പൂർണ്ണമാകും.

മൊത്തം ചെലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി സമാഹരിച്ചുകൊണ്ട് ജനപങ്കാളിത്തവും ഗുണഭോക്തൃ പങ്കാളിത്തവും നൂറുശതമാനം ഉറപ്പുവരുത്തിക്കൊണ്ടുമാണ് പദ്ധതികൾ നടപ്പാക്കിയത്. അതുകൊണ്ടുതന്നെ ശരാശരി ചെലവ് പദ്ധതി അടങ്കലിന്റെ 85 ശതമാനമായി ചുരുങ്ങി. ഗ്രാമീണ പ്രദേശത്തെ വറ്റാത്ത നീരുറവകളെയോ ജലസ്രോതസ്സുകളെയോ കണ്ടെത്തി അവിടെ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുക വഴി പരിസ്ഥിതി-സൗഹൃദ പദ്ധതിയായി മാറുകയായിരുന്നു ഈ പ്രോജക്ടുകൾ.പദ്ധതി നിർവഹണം സംബന്ധിച്ച സാമ്പത്തികവും സാങ്കേതികവും സാമൂഹികപരവുമായ കാര്യങ്ങളിൽ ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്നതിന് വിവിധ പരിശീലനം നൽകിയാണ് ജനകീയ കൂട്ടായ്മയോടെ ഈ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയത്.

മൊത്തം 431 കുടിവെള്ള വിതരണ പദ്ധതികളും 80 സ്കൂൾ കുടിവെള്ള പദ്ധതികളുമാണ് നടപ്പാക്കിയത്. ഗ്രാമീണ കുടിവെള്ള പദ്ധതിയനുസരിച്ച് കുടിവെള്ള വിതരണ സംവിധാനങ്ങളായ തുറന്ന കിണർ, കുഴൽക്കിണർ, കുളം, തുരങ്കം എന്നിവ നിർമിക്കുകയും പമ്പിങ് സ്റ്റേഷൻ സ്ഥാപിച്ച് പൈപ്പ് മുഖേന ഗുണഭോക്താക്കൾക്ക് വെള്ളം എത്തിക്കുകയും ചെയ്ത പദ്ധതികളാണ് ഏറെ.


ജലവിതരണ പദ്ധതികൾക്കു പുറമെ മഴവെള്ള സംഭരണ പദ്ധതിയിലും ഭൂജല പുനരുജ്ജീവന പദ്ധതിയിലും ജില്ല വൻ നേട്ടം കൈവരിച്ചു. സ്വജൽധാര പദ്ധതി നടപ്പാക്കുമ്പോൾ ജലസ്രോതസ്സ് കുറവുള്ള പ്രദേശങ്ങളിൽ മഴവെള്ള സംഭരണികൾ നിർമിച്ചു നൽകിയാണ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടത്.

എല്ലാ കുടിവെള്ള പദ്ധതികളുടെയും ചെലവിന്റെ എട്ടു ശതമാനം തുക (പരമാവധി 40, 000) രൂപ ജലപുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി നൽകി. ഇതിൽ 10 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. മഴക്കുഴി, തെങ്ങിന് തടമെടുക്കൽ, കോണ്ടൂർബണ്ട്, കോണ്ടൂർചാലുകൾ, വി.സി.ബി, വനവത്കരണം എന്നിവയായിരുന്നു വിവിധ ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ നടത്തിയ ജല പുന:രുജ്ജീവന പ്രവർത്തനങ്ങൾ. ഇതിനുപുറമെ ജില്ലയിൽ ജല പുന:രുജ്ജീവന-ജലസംരക്ഷണ പ്രവൃത്തികൾ സ്വയമേവ വികസിപ്പിച്ച് പ്രാവർത്തികമാക്കുന്ന വ്യക്തിക്കായി 'ജലമിത്ര' അവാർഡും പൊതുജനസഹകരണത്തോടെ സന്നദ്ധസേവനം എന്ന നിലയിൽ വ്യാപകമായി ജലപുന:രുജ്ജീവന പ്രവർത്തനങ്ങൾ ചെയ്യുന്ന സന്നദ്ധ സംഘടനയ്ക്ക് 'ജലസംരക്ഷണ' അവാർഡും ഏർപ്പെടുത്തി.■

**സി.എച്ച്. ആനന്ദ്,**

*അസി. ഇൻഫർമേഷൻ ഓഫീസർ, കാസർഗോഡ്*

ജെ.എം.റഹിം



# അഹിംസയുടെ മാർഗദർശി

ഐക്യരാഷ്ട്രസഭ ഈ വർഷം മുതൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ട് അന്താരാഷ്ട്ര അഹിംസാദിനമായി പ്രഖ്യാപിച്ചിരിക്കുകയാണ്

ഇന്ത്യാ വിഭജനകാലത്ത് നടന്ന ഹിന്ദു-മുസ്ലീം കലാപം ശമിപ്പിക്കുന്നതിൽ കൊൽക്കത്തയിൽ ഗാന്ധിജിയുടെ ആത്മീയ സാന്നിദ്ധ്യം സൃഷ്ടിച്ച അത്ഭുതകരമായ പരിവർത്തനത്തെ പരാമർശിച്ചുകൊണ്ടും മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തത്തിന്റെ പ്രായോഗിക സാദ്ധ്യതയെ സാധൂകരിച്ചുകൊണ്ടും മൗണ്ട് ബാറ്റൺ പ്രഭു 1947 ആഗസ്റ്റ് 26 ന് ഗാന്ധിജിക്ക് എഴുതിയ അഭിനന്ദനക്കത്തിലെ ആദ്യത്തെ വരികൾ ഇങ്ങനെ:

"My Dear Gandhiji

In Punjab we have 55 thousand soldier and large scale rioting on our hands. In Bengal our forces consist of one man, and there is no rioting........."

ആത്മശക്തിയിലൂന്നിയ അഹിംസാ മാർഗത്തിന്റെ മാസ്മരിക വൈഭവം എന്തെന്ന് പ്രത്യക്ഷത്തിൽത്തന്നെ ലോകത്തെ ഉണർത്തിച്ച മഹത്തായ കർമശാസ്ത്രമാണ് മഹാത്മജി അന്ന് നവ്ഖാലിയിൽ സാക്ഷാത്കരിച്ചത്.

1939ൽ, യുദ്ധം ചെയ്യരുതെന്നാവശ്യപ്പെട്ടുകൊണ്ട് ഗാന്ധിജി ഹിറ്റ്ലർക്ക് കത്തെഴുതിയപ്പോൾ 'ഗാന്ധിജിക്ക് മനസികസന്തുലനം നഷ്ടപ്പെട്ടു' എന്ന്, ഗാന്ധിജിയെ ഭയ-ഭക്തികളോടെ സ്നേഹിക്കുന്ന അടുത്ത സുഹൃത്തുക്കളും അനുയായികളും പോലും ചിന്തിച്ച സന്ദർഭം കൂടി ഇത്തരുണത്തിൽ നാം ഓർക്കുക. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം എന്നും മാർഗം വളരെ വ്യക്തമായിരുന്നു. അടുത്ത അനുയായികൾക്ക് പോലും ആ വ്യക്തത ഇല്ലായിരുന്നു എന്നാണ് ഇത്തരം സന്ദർഭങ്ങൾ ഓർമപ്പെടുത്തുന്നത്.

ഗാന്ധിജി ഹിറ്റ്ലർക്ക് കത്തെഴുതി ഏതാനും വർഷങ്ങൾ കഴിഞ്ഞ്, രണ്ടാം ലോക യുദ്ധാനന്തരം, ഇന്ത്യൻ ആർമിയിലെ ജനറൽ കെ.എം.കരിയപ്പ ഒരു സന്ദർഭത്തിൽ ഇംഗ്ലണ്ടിൽ വച്ച്, ഗാന്ധിജിയുടെ അഹിംസാ മാർഗത്തെ പരുഷമായി വിമർശിച്ചുകൊണ്ട് ഇങ്ങനെ എഴുതി.

"ഇപ്പോഴത്തെ സാഹചര്യത്തിൽ ഭാരതത്തിൽ അഹിംസകൊണ്ട് പ്രയോജനമില്ല. മറിച്ച് ശക്തമായ സൈന്യത്തിനുമാത്രമേ, ഭാരതത്തെ ലോകത്തിലെ ഒന്നാംകിട രാഷ്ട്രങ്ങളിൽ ഒന്നാക്കാൻ കഴിയൂ."

കരിയപ്പയുടെ വിമർശനത്തിന് 'ഹരിജനി'ൽ ഗാന്ധിജി നൽകിയ മറുപടി ശ്രദ്ധേയമായിരുന്നു:

"ജനറൽ കരിയപ്പയെക്കാൾ വലിയ ജനറലുകൾ, അഹിംസ എന്ന മഹാശക്തിയുടെ സാദ്ധ്യതകളെപ്പറ്റി സംസാരിക്കാൻ പോലും തങ്ങൾക്ക് അവകാശമില്ല എന്ന് തുറന്ന് സമ്മതിക്കുവാൻ മാത്രം വിവേകമതികളും വിനയാന്വിതരും ആയിരുന്നു. പട്ടാളശാസ്ത്രം കൊയ്ത ദുരന്തമാണ് ഹിംസയുടെ ഏറ്റവും വലിയ തെളിവ്. ചൂതാട്ടം കൊണ്ട് പാപ്പരായ ഒരാളോട് ചൂതാട്ടത്തെ പുകഴ്ത്തിപ്പാടാൻ പറയുന്നത് ശരിയാണോ?"

പില്ക്കാലത്ത്, വിഭജനവേളയിലും വിഭജനാനന്തരവും കരിയപ്പയുടെ സൈന്യത്തിന് ഡൽഹിയിലും പഞ്ചാബിലും കാശ്മീരിലും സാക്ഷാത്കരിക്കാൻ കഴിയാതെപോയ സമാധാനം, അഹിംസാമാർഗത്തിലൂടെ കൊൽക്കത്തയിൽ ഗാന്ധിജി എന്ന 'ഒറ്റയാൾ പട്ടാള'ത്തിന് സാക്ഷാത്കരിക്കാൻ കഴിഞ്ഞു എന്നതിന്റെ സാക്ഷ്യപത്രമാണ് മൗണ്ട് ബാറ്റന്റെ വരികളിലൂടെ ലോകം വായിച്ചത്.

'നിങ്ങളുടെ സത്യസന്ധതയിൽ മറുവശത്ത് നിൽക്കുന്നയാളിന് വിശ്വാസമുണ്ടായിരിക്കണ'മെന്നുള്ളത് അഹിംസയുടെ നിയമമാണ്. ഗാന്ധിജി കലാപഭൂമിയിൽ കാലെടുത്തു വയ്ക്കുമ്പോൾ അഹിംസാമാർഗം വിജയം കാണുന്നത് ആ നിയമപാലനം കൊണ്ടാണ്. കരിയപ്പയ്ക്കും സൈന്യത്തിനും ദർശിക്കാൻ കഴിയാതിരുന്നതും ആ പരമമായ സത്യത്തെയാണ്. ലക്ഷ്യ, മാർഗങ്ങളുടെ പരസ്പരപ്പൊരുത്തമാണത്. വർത്തമാനകാല സാമ്രാജ്യശക്തികൾക്കും, ലോകമെമ്പാടും ഭീതിജനകമായ വിധത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദസംഘങ്ങൾക്കും ആത്യന്തികവിജയം കൈവരിക്കാനാവാത്തതും ഈ നിയമപാലനത്തിന്റെ അന്ത:സത്ത കണ്ടെത്താനാവാത്തതുകൊണ്ടാണ്.

ലക്ഷ്യം പോലെ തന്നെ മാർഗവും സുപ്രധാനമാണെന്ന പരമമായ സത്യം ദർശിക്കാനാവാത്തവർക്ക് ആത്യന്തികവിജയം എന്നും മരീചിക തന്നെയായിരിക്കും.

> നിങ്ങളുടെ സത്യസന്ധതയിൽ മറുവശത്ത് നിൽക്കുന്നയാളിന് വിശ്വാസം ഉണ്ടാവണം എന്നുള്ളത് അഹിംസയുടെ നിയമമാണ്

വിപ്ലവലക്ഷ്യത്തിന് അനുരൂപമായി വിപ്ലവമാർഗം ഉണ്ടാകണം. ഗാന്ധിജിയുടെ തനതും അസദൃശവുമായ സംഭാവനയാണിത്. ലക്ഷ്യവും മാർഗവും തമ്മിൽ പൊരുത്തം വേണം. മറ്റ് വിപ്ലവകാരികൾ (സൈന്യത്തെകുറിച്ച് പറയേണ്ടതില്ലല്ലോ) ഈ ദർശനം സ്വീകരിച്ചിട്ടില്ല. അവരുടെ ഹൃദയങ്ങളിൽ സംശയങ്ങൾ ഉണ്ടാകുന്നത്, അഥവാ ആയുധപ്രയോഗം വേണ്ടിവരുമോ എന്ന ആശങ്ക ഉണ്ടാവുന്നത്, ലക്ഷ്യമാർഗങ്ങൾ തമ്മിലുള്ള ആനുരൂപ്യം ഇല്ലാത്തതുകൊണ്ടാണ്. സൈന്യത്തെ സംബന്ധിച്ചിടത്തോളവും മറ്റ് വിപ്ലവ-തീവ്രവാദസംഘങ്ങളെ സംബന്ധിച്ചിടത്തോളവും ആയുധങ്ങൾ കുഴപ്പം പിടിച്ചവ എന്നൊന്നും അവർ കരുതുന്നില്ല. എന്നാൽ, ലക്ഷ്യം സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടിൽ ആയുധം കുഴപ്പം പിടിച്ചവതന്നെ. അത് ലക്ഷ്യത്തിന് വിരുദ്ധമാണ്.

'മുകളിൽ നിന്ന് ബോംബുവീണാൽ താഴെനിന്ന് എന്തുചെയ്യാൻ' എന്നാവും നമ്മുടെ മറുചോദ്യം. എന്നാൽ ആധുനിക യുദ്ധശാസ്ത്രത്തിലും അവിടെ രക്ഷപ്പെടാൻ ഒരു പദ്ധതിയുമില്ല. (ദാരുണമായ പ്രകൃതിദുരന്തങ്ങളെ നാം അഭിമുഖീകരിക്കുന്നില്ലേ) ധീരമായി നേരിടുക മാത്രമേ പോംവഴിയുള്ളൂ. അത് തീർച്ചയായും അഹിംസാത്മകധീരത തന്നെയായിരിക്കും. അല്ലാതെ കൈയിൽ വാളുണ്ടായിട്ടെന്തുകാര്യം? പ്രതികാരം ചെയ്യാനാണെങ്കിൽ വാൾ കൈയിൽ വേണം. എന്നാൽ രക്ഷപ്പെടാനും വാളിന്റെ ആവശ്യമുണ്ടോ? പരിച പോരേ? ഇന്ന് പരിചയുടെ സ്ഥാനവും വാൾ തന്നെ കൈക്കലാക്കിയിരിക്കുന്ന അവസ്ഥയാണ്. ആക്രമണം തന്നെയാണ് ഏറ്റവും നല്ലതും സുരക്ഷിതവും ആയ രക്ഷപ്പെടൽ സംവിധാനമെന്ന യുദ്ധനയത്തിലേക്ക് ആധുനിക സമൂഹം എത്തിപ്പെട്ടിരിക്കുന്നു. വിയറ്റ്നാമിലും ഇറാക്കിലും ഉൾപ്പെടെ ആ യുദ്ധനയം പരാജയമാണെന്ന് വ്യക്തമായിട്ടും ഇറാനിലും വടക്കൻ കൊറിയയിലും (ഭാവിയിൽ ഒരു പക്ഷേ, ഇന്ത്യയ്ക്ക് നേരേപോലും?) സാമ്രാജ്യത്വശക്തികൾ പരീക്ഷിക്കാൻ തയ്യാറെടുക്കുന്നതും ആ പരാജയപ്പെട്ട യുദ്ധനയം തന്നെയല്ലേ? ആയുധങ്ങളിലൂടെയും യുദ്ധങ്ങളിലൂടെയും മാത്രമേ ലോകപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്ന വിഡ്ഢിത്തം ചെകുത്താന്റെ ബുദ്ധിയല്ലെങ്കിൽ മറ്റെന്താണ്?

ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തെ സാഹചര്യവശാൽ നിശിതമായി വിമർശിക്കേണ്ടിവന്നെങ്കിലും മഹാത്മാവിനോടുള്ള സ്നേഹാദരങ്ങൾ ഉള്ളിൽ കാത്തുസൂക്ഷിച്ച ആളായിരുന്നു ജനറൽ കരിയപ്പ. ഇംഗ്ലണ്ടിൽ അഹിംസയ്ക്കെതിരെ നടത്തിയ വിമർശനത്തിനുശേഷമാണ് കരിയപ്പ ആദ്യമായി ഗാന്ധിജിയുമായി തമ്മിൽ കാണുന്നത്. 1946ൽ കിഴക്കൻ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുക്കപ്പെട്ട ശേഷമാണ് ഗാന്ധിജിയുടെ അനുഗ്രഹംതേടി കരിയപ്പ എത്തിയത്. ഹിംസയെപ്പറ്റി ചർച്ച ചെയ്തുകൊണ്ട് അന്ന് കരിയപ്പ പറഞ്ഞ കാര്യങ്ങൾ ഗാന്ധിജിയെ ആശ്ചര്യപ്പെടുത്തുകയാണ് ചെയ്തത്.

"പട്ടാളക്കാരെ എല്ലാവരും യുദ്ധക്കൊതിയന്മാരായിട്ടാണ് കാണുന്നത്. പക്ഷേ

ഇതിനോട് യോജിക്കാൻ എനിക്കാവില്ല. കാരണം യുദ്ധത്തെ ഏറ്റവും കൂടുതൽ വെറുക്കുന്നത് പട്ടാളക്കാരാണ്. ഇത് ഭയം കൊണ്ടല്ല. അന്താരാഷ്ട്രപ്രശ്നങ്ങൾ യുദ്ധത്തിലൂടെ പരിഹരിക്കാമെന്നത് വ്യർത്ഥമായ ചിന്തയാണ്. പക്ഷേ സത്യമിതാണ്-ഒരു യുദ്ധമാണ് നമ്മെ മറ്റൊന്നിലേയ്ക്ക് നയിക്കുന്നത്. ഇത് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ജനാധിപത്യരാഷ്ട്രങ്ങളിൽ ചർച്ചകൾ പരാജയപ്പെടുമ്പോൾ സർക്കാരുകളാണ് യുദ്ധങ്ങൾ പ്രഖ്യാപിക്കുന്നത്. സൈന്യത്തിന് ഇതിൽ യാതൊരു പങ്കുമില്ല.''

ഇവിടെയാണ് ഗാന്ധിജയന്തി ദിനത്തെ (ഈ വർഷം മുതലെങ്കിലും) അന്താരാഷ്ട്ര അഹിംസാദിനമായി പ്രഖ്യാപിച്ച ഐക്യരാഷ്ട്ര സഭയുടെ നടപടിയുടെ പ്രസക്തി സംഗതമാകുന്നത്. യഥാർത്ഥത്തിൽ അന്താരാഷ്ട്ര അഹിംസാദിനം ആചരിക്കേണ്ടത് ആരാണ്? ഒരു നാളിലും യുദ്ധം ഉണ്ടാകണമെന്ന് ആഗ്രഹിക്കാത്ത അന്താരാഷ്ട്ര ജനസമൂഹമോ? യുദ്ധവും ആക്രമണങ്ങളും ഹിംസയും മാത്രമാണ് പ്രശ്നപരിഹാരങ്ങളെന്ന് ചിന്തിക്കുകയും അത് അനുസരിച്ച് ലോകസമൂഹത്തിൽ അശാന്തിയുടെ നൈരന്തര്യം സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്ന സാമ്രാജ്യത്വ ശക്തികളും തീവ്രവാദസംഘങ്ങളുമോ? ലോകമൊട്ടുക്കും നിരപരാധികളെ ചാവേർ ആക്രമണങ്ങളിലൂടെ കൊന്നൊടുക്കുന്ന സമുദായവിരുദ്ധ ശക്തികൾക്ക് അഹിംസയുടെ ബാലപാഠം നൽകാൻ യു.എൻ.അസംബ്ലിക്ക് ആവുമോ? തങ്ങൾ ചെയ്യുന്നത് മാത്രമാണ് ശരിയെന്നും തങ്ങളെക്കാൾ കരുത്താർജിക്കാൻ ശ്രമിക്കുന്ന രാഷ്ട്രങ്ങളെയും രാഷ്ട്രത്തലവന്മാരെയും ഉന്മൂലനം ചെയ്യുകയും അതിൽ വന്യമായ ആഹ്ലാദം കണ്ടെത്തുകയും നിസ്സഹായരായ ജനസമൂഹങ്ങൾക്കുമേൽ ബോംബുകൾ വർഷിച്ച് സാസ്കാരിക ധ്വംസനങ്ങൾ നടത്തുകയും ചെയ്യുന്ന സാമ്രാജ്യത്വ ശക്തികൾക്ക് കടിഞ്ഞാണിടാനും അഹിംസാമാർഗം പരീക്ഷിക്കാൻ അവരെ പ്രേരിപ്പിക്കാനും ഐക്യരാഷ്ട്രസഭയ്ക്ക് ആവുമോ? അതോ പുതിയ സഹസ്രാബ്ദത്തിലെ അഹിംസയുടെ പ്രവാചകനായ മഹാത്മാവിന്റെ ഓർമപുതുക്കലിനായുള്ള ആചരണ പരിപാടിക്കായുള്ള പാഴ്ശ്രമം മാത്രമോ ഈ പ്രഖ്യാപനം..........?

എന്ത് തന്നെയായാലും, യേശുക്രിസ്തുവിനു ശേഷം ലോകം കണ്ട ഏറ്റവും ധീരനായ പോരാളിയുടെ വജ്രായുധമായ അഹിംസാസിദ്ധാന്തത്തിന്റെ പ്രസക്തി, മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 60-ാം വാർഷികവേളയിലെങ്കിലും അന്താരാഷ്ട്രസമൂഹത്തിന്റെ മുന്നിൽ, എത്തിക്കാൻ ഐക്യരാഷ്ട്രസഭ തയ്യാറായത് ലോകമെമ്പാടുമുള്ള സമാധാന പ്രേമികൾക്ക് അഭിമാനകരമായതും ആഹ്ലാദാവേശങ്ങൾ പകരുന്നതുമായ വസ്തുതതന്നെയാണ്.

ജനറൽ കരിയപ്പ അവസാനമായി ഗാന്ധിജിയെ കാണുന്നത് 1948 ജനുവരി 18നാണ്. അന്ന് കരിയപ്പ ഡൽഹിയിലെത്തിയത് പടിഞ്ഞാറൻ സൈന്യത്തിന്റെ തലവനായിട്ടാണ്. ജമ്മുകാശ്മീരിലെ സൈനിക നീക്കങ്ങളുടെ ചുമതല ഈ സൈന്യത്തിനായിരുന്നു.

'കുറച്ചു ദിവസത്തിനുള്ളിൽ താൻ കാശ്മീരിലേക്ക് യാത്രതിരിക്കും' എന്ന് കരിയപ്പ, ഗാന്ധിജിയോട് പറഞ്ഞപ്പോൾ അദ്ദേഹം യാത്രാമംഗളം നേർന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു. ''അഹിംസയിലൂടെ ജമ്മുകാശ്മീരിലെ പ്രശ്നം ഒത്തുതീർപ്പാക്കുക. കാശ്മീരിൽ നിന്ന് വന്നാൽ എന്നെ വന്നുകാണണം''.

കരിയപ്പയെ പിന്നെ കാണാൻ ഗാന്ധിജിയ്ക്കായില്ല. ഗാന്ധിജിയുടെ സ്വപ്നം സഫലമാക്കാൻ കരിയപ്പയ്ക്കോ അറുപത് വർഷത്തിനുശേഷവും ഇന്ത്യയ്ക്കോ ആയില്ല.

ഗാന്ധിജയന്തിദിനത്തെ അന്താരാഷ്ട്ര അഹിംസാദിനമായി പ്രഖ്യാപിക്കാൻ വേണ്ടി യു.എൻ.അസംബ്ലിയിൽ ശ്രമം നടത്താനും 198 അംഗരാഷ്ട്രങ്ങൾക്കിടയിൽ അഭിപ്രായ സമന്വയം സൃഷ്ടിക്കുവാനും ഇന്ത്യയ്ക്ക് ആയെങ്കിലും, സ്വതന്ത്ര്യം കിട്ടി 60 വർഷം കഴിഞ്ഞിട്ടും കാശ്മീർ പ്രശ്നം ഇന്നും ഉണങ്ങാത്ത മുറിവായി ശേഷിക്കുന്നത് തീർച്ചയായും അഹിംസാപ്രേമികളെ സംബന്ധിച്ചിടത്തോളം അസഹ്യമായ വസ്തുത തന്നെയാണ്.

അഹിംസാസിദ്ധാന്തത്തിന്റെ പ്രസക്തി ലോകത്തെ ഓർമപ്പെടുത്താൻ ശ്രമിക്കുന്ന ഇന്ത്യയ്ക്ക് ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തെ പരീക്ഷിക്കാൻ വേണ്ടിയെങ്കിലും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ എന്ന ചോദ്യവും അപ്രസക്തമല്ല.

> എതിർക്കാനുള്ള കഴിവും പ്രതികാരം ചെയ്യണമെന്ന ആഗ്രഹത്തിനു മേലുളള ബോധപൂർവമായ നിയന്ത്രണവുമാണ് അഹിംസ. തുടർന്ന് ഗാന്ധിജി പറയുന്നത് ശ്രദ്ധേയമാണ്. യാതൊരെതിർപ്പും കൂടാതെ, ഭീരുത്വം മൂലം നിസ്സഹായമായി കീഴടങ്ങുന്നതിനെക്കാൾ ശ്രേഷ്ഠമാണ് പ്രതികാരം!

1926 ഒക്ടോബറിൽ ഗാന്ധിജി *യങ് ഇന്ത്യ*യിൽ എഴുതിയത് വർത്തമാനകാലത്തിലും എത്ര അന്വർത്ഥമാണ്. ''രാഷ്ട്രങ്ങൾ ഏറെക്കുറെ കവർച്ചാ സംഘങ്ങളായി മാറിയിരിക്കുന്നു. അവ യഥാർത്ഥത്തിൽ മനുഷ്യവംശത്തിന്റെ പൊതുനന്മയ്ക്ക് വേണ്ടി, സ്ത്രീ പുരുഷന്മാരെ ഉൾക്കൊള്ളുന്ന ശാന്തിപൂർണമായ ഒരു സംഘമായാണ് മാറേണ്ടത്. വെടിമരുന്നിന്റെ ഉപയോഗത്തിലല്ല, ഉത്കൃഷ്ടമായ ധാർമികബലത്തിലാണ് രാഷ്ട്രങ്ങളുടെ ശക്തി അന്തർലീനമായിരിക്കുന്നത്.''

അഹിംസ ദുർബലന്റെയല്ല, ധീരന്റെ ആയുധമെന്നാണ് ഗാന്ധിജി വിശേഷിപ്പിച്ചത്. 'യുദ്ധം തീർത്തും തെറ്റായ പ്രവൃത്തിയാണെങ്കിൽ അതിനെ ധാർമികമായി പിന്തുണയ്ക്കാനും ആശംസകളർപ്പിക്കാനും എങ്ങനെ കഴിയും?' ഗാന്ധിജി ചോദിക്കുന്നു.

എന്നാൽ, ആക്രമണത്തിനിരയാകുന്നവന്റെ ചെറുത്തുനിൽപിനെ ഗാന്ധിജി ന്യായീകരിക്കുന്നുണ്ട്. 'സാമാന്യാർത്ഥത്തിൽ ഏതു രൂപത്തിലുള്ള ആക്രമണവും, തെറ്റും അപലപനീയവുമാണെന്നിരിക്കലും ആക്രമണകാരിയെയും ചെറുത്തുനിൽക്കുന്നവനെയും വേർതിരിച്ചുകാണേണ്ടത് അഹിംസയിൽ വിശ്വസിക്കുന്നവരുടെ കടമയാണ്. ചെറുത്തുനിൽക്കുന്നവരെടൊപ്പം അഹിംസാത്മകമായി നിലയുറപ്പിക്കാനും അയാൾ ബാദ്ധ്യസ്ഥനാണ്.' (*ഹരിജൻ* 21-10-1939).

അഹിംസയെ ഭീരുവിന്റെ കീഴടങ്ങലായല്ല ഗാന്ധിജി ദർശിക്കുന്നത്. ''തിന്മ ചെയ്യുന്നവന്റെ ഹിതത്തിനു മുന്നിൽ നിസ്സാഹയതയോടെ കീഴടങ്ങുകയല്ല, അനുകമ്പാപൂർവം സ്വേച്ഛാധിപതിയുടെ കല്പനയെ പൂർണാത്മാവോടെ എതിർക്കുകയാണ് അഹിംസാവാദി ചെയ്യേണ്ടത്''. (*യങ് ഇന്ത്യ* 11-8-1920) അഹിംസയുടെ മതം ഋഷിമാർക്കും വിശുദ്ധർക്കും മാത്രമായി നീക്കിവച്ചിട്ടുള്ളതല്ല, സാധാരണ ജനത്തെക്കൂടി ഉദ്ദേശിച്ചുള്ളതാണെന്നും ഗാന്ധിജി വ്യക്തമാക്കുന്നു.

1925 ൽ *യങ് ഇന്ത്യ*യിൽത്തന്നെ ഗാന്ധിജി അഹിംസയെക്കുറിച്ച് വീണ്ടും എഴുതുന്നത് ശ്രദ്ധിക്കുക. ''അനീതിയെ പ്രോത്സാഹിപ്പിക്കുന്ന പ്രതികാരത്തെക്കാൾ കാര്യക്ഷമമായും ഫലപ്രദമായും അനീതിയെ ചെറുക്കുന്നത് അഹിംസയാണെന്നാണ് എന്റെ സങ്കൽപം. അധാർമികതയ്ക്കെതിരെ, മാനസികവും, അതുകൊണ്ട് തന്നെ ധാർമികവുമായ പ്രതിരോധമാണ് ഞാൻ ലക്ഷ്യമാക്കുന്നത്. സ്വേച്ഛാധിപതിയുടെ വാൾത്തല മടക്കാൻ, മൂർച്ചയുള്ള മറ്റൊരായുധം പ്രയോഗിക്കാൻ ഞാനാഗ്രഹി

ക്കുന്നല്ല. ശാരീരികബലംകൊണ്ട് നേരിടുമെന്ന അയാളുടെ പ്രതീക്ഷയ്ക്ക് വിപരീതമായിട്ടയിരിക്കും ഞാൻ പ്രവർത്തിക്കുക. ശാരീരിക പ്രതിരോധത്തിനുപകരം ഞാൻ നടത്തുന്ന ആത്മപ്രതിരോധം അയാളെ വിസ്മയിപ്പിക്കും.''

ആയുധപരിശീലനത്തിനാവശ്യമായതിനെക്കാൾ കൂടുതൽ ധീരത അഹിംസാപരിശീലനത്തിന് ആവശ്യമാണെന്നും ഗാന്ധിജി വ്യക്തമാക്കുന്നു. എതിർക്കാനുള്ള കഴിവും പ്രതികാരം ചെയ്യണമെന്ന ഒരാളുടെ ആഗ്രഹത്തിനുമേലുള്ള ബോധപൂർവമായ നിയന്ത്രണവുമാണ് അഹിംസ. മാത്രമല്ല, തുടർന്ന് ഗാന്ധിജി പറയുന്നത് ഏറെ ശ്രദ്ധേയമാണ്. 'യാതൊരെതിർപ്പും കൂടാതെ, ഭീരുത്വംമൂലം നിസ്സഹായമായി കീഴടങ്ങുന്നതിനെക്കാൾ ശ്രേഷ്ഠമാണ് പ്രതികാരം'! 'നിശ്ചയമായും ക്ഷമിക്കാനുള്ള കഴിവാണ് അതിലും ഉയർന്നത്' എന്ന് അതിനോട് ചേർത്ത് തന്നെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. 'ഭയം തോന്നുമ്പോഴാണ് നായ കുരയ്ക്കുന്നതും കടിക്കുന്നതും' എന്ന പൊതുതത്ത്വം പരാമർശിച്ചുകൊണ്ട്, 'തന്നെ മുറിപ്പെടുത്താൻ ശ്രമിക്കുന്നയാളോട് കോപിക്കുന്നതുപോലും തെറ്റാണെന്ന് ധീരനായ ഒരാൾ കരുതും' എന്നും അദ്ദേഹം വ്യക്തമാക്കുന്നതും ശ്രദ്ധിക്കുക. 'ബലപ്രയോഗത്തിലധിഷ്ഠിതമായ പ്രതിരോധത്തിന് ഊന്നൽ കൊടുത്തുകൊണ്ട് മറ്റ് രാജ്യങ്ങളെ കീഴടക്കാനാഗ്രഹിക്കുന്ന സാമ്രാജ്യത്വമനോഭാവം ഉപേക്ഷിക്കണമെന്ന് ലോകശക്തികളോട് ഗാന്ധിജി നിർദേശിക്കുന്നത് അന്നത്തെപ്പോലെ ഇന്നും പ്രസക്തം തന്നെ!

അന്താരാഷ്ട്ര അഹിംസാദിനാചരണത്തിന്റെ ഭാഗമായെങ്കിലും ഗാന്ധിജിയുടെ അഹിംസാ മാർഗസിദ്ധാന്തം പഠിക്കാനും നാമമാത്രമായെങ്കിലും പരീക്ഷിക്കാനും സാമ്രാജ്ത്വശക്തികൾ ശ്രമം നടത്തിയെങ്കിൽ എന്ന ആഗ്രഹം വിദൂരസ്വപ്നം തന്നെയോ? നാനോടെക്നോളജിയിൽ എത്തിനിൽക്കുന്ന ശാസ്ത്ര സാങ്കേതികതയുടെ മുന്നോട്ടുള്ള പരക്കം പാച്ചിലിനിടയ്ക്ക്, എവിടെ വച്ചോ ലോക സമൂഹത്തിൽ നിന്നും ആത്മീയതയുടെ ചൈതന്യം നഷ്ടപ്പെട്ടു പോയതിനാലാണ് ചെകുത്താന്റെ ആയുധമായ ഹിംസ ലോകത്ത് പിടിമുറുക്കുന്നതെന്ന് മനസ്സിലാക്കാൻ നമുക്കായെങ്കിൽ.....?

മഹാത്മജിയുടെ അഹിംസാമാർഗത്തിന്റെ ആത്മീയ പരിവേഷം യാദൃശ്ചികമല്ല. അദ്ദേഹത്തിന്റെ ജീവിതം തന്നെ ഒരു ആത്മീയ തീർത്ഥയാത്രയായിരുന്നല്ലോ. (രാഷ്ട്രീയ രംഗത്തെ ഋഷി തുല്യനും ആത്മീയ രംഗത്തെ രാഷ്ട്രതന്ത്രജ്ഞനും എന്ന വിശേഷണങ്ങൾ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം അപ്രസക്തവുമല്ലല്ലോ). ഗാന്ധിജിയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക. "ഈശ്വരന്റെ മറ്റൊരു പേരാണ് സത്യം. സത്യാന്വേഷണത്തിനിടയിലാണ് അഹിംസയെ കണ്ടെത്താൻ എനിക്കു കഴിഞ്ഞത്. അഹിംസാ പ്രചരണമാണ് എന്റെ ജീവിത ദൗത്യം'' (*ഹരിജൻ* 6-7-1940).

1947 ജൂണിൽ *ഹരിജനിൽ*ത്തന്നെ വീണ്ടും എഴുതുന്നത് നമുക്ക് ഇതോടൊപ്പം കൂട്ടിവായിക്കാം. "യാതനയിലാണ്ടുകൊണ്ടിരിക്കുന്ന ലോകത്തിന് ഇടുങ്ങിയതും ഋജുവുമായ അഹിംസയുടെ പാതയൊഴികെ മറ്റൊന്നിലും പ്രതീക്ഷ പുലർത്താനാവില്ല. എന്നെപ്പോലെയുള്ള ലക്ഷക്കണക്കിനാളുകൾ സ്വജീവിതത്തിലൂടെ ഈ സത്യസാക്ഷാത്ക്കാരത്തിന് ശ്രമിച്ചു പരാജയപ്പെട്ടാൽത്തന്നെ, ആ പരാജയം അഹിംസയെന്ന ശാശ്വത നിയമത്തിന്റേതായിരിക്കുകയില്ല, അവരുടേത് മാത്രമായിരിക്കും.''

പൂർണമായും ഹിംസാത്മകമായ ആധുനിക ലോകത്ത് മഹാത്മാഗാന്ധിയുടെ വാക്കുകളുടെയും ദർശനങ്ങളുടെയും പ്രസക്തി അന്നും ഇന്നും എന്നും സ്വർണത്തിളക്കത്തെക്കാൾ ശക്തം തന്നെ. വരുന്ന നൂറ്റാണ്ടുകളുടെ മാർഗദർശി തീർച്ചയായും ഗാന്ധിയൻ ദർശനങ്ങൾ തന്നെയായിരിക്കും. അഥവാ ഗാന്ധിമാർഗത്തെ വിസ്മരിച്ചുകൊണ്ട് ഇനിയും ലോകസമൂഹത്തിന് അധികകാലം സ്ഥിരമായി സമാധാനപൂർവം നിലനിൽക്കാൻ സാധിക്കില്ല തന്നെ! അത്തരം ഒരു തിരിച്ചറിവിലേക്ക് ലോകരാഷ്ട്രങ്ങളെയും, വിശിഷ്യ സാമ്രാജ്യത്വശക്തികളെയും നിരപരാധിരളെയും കൊന്നൊടുക്കുന്ന ചാവേർ സംഘങ്ങളെയും നയിക്കാൻ ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന അന്താരാഷ്ട്ര അഹിംസാദിനാചരണത്തിന് തുടക്കമിടാനാവുന്നെങ്കിൽ തീർച്ചയായും ശുഭോദർക്കമായ കാര്യമാണത്.



'യുദ്ധം തീർത്തും തെറ്റായ പ്രവൃത്തിയാണെങ്കിൽ അതിനെ ധാർമികമായി പിന്തുണയ്ക്കാനും ആശംസകളർപ്പിക്കാനും എങ്ങനെ കഴിയും?' - ഗാന്ധിജി

പുതിയ സഹസ്രാബ്ദത്തിലെ അഹിംസാ പ്രവാചകനായ മഹാത്മജിയുടെ അഹിംസാമാർഗത്തിന്റെ പ്രസക്തിയെയും ശക്തിയെയും കുറിച്ച് ലോക സമൂഹത്തിനിടയിൽ വ്യാപകമായ പ്രചരണങ്ങൾക്കും പഠനങ്ങൾക്കും വേദികളുണ്ടാക്കാൻ ലോകത്തെ സമാധാന പ്രേമികൾ പരിശ്രമിക്കേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്. ലോകരാഷ്ട്രങ്ങൾ തമ്മിലും വിരുദ്ധശക്തികൾ തമ്മിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആധുനിക പ്രശ്നങ്ങളിൽ ഒന്നിനെങ്കിലും അഹിംസാമാർഗത്തിലൂടെ പരിഹാരം കണ്ടെത്താനുള്ള പരീക്ഷണപരിശ്രമത്തിന് നേതൃത്വം നൽകാൻ ഈ അഹിംസാദിനത്തിൽ ഐക്യരാഷ്ട്രസഭയ്ക്ക്, ചുരുങ്ങിയ പക്ഷം, അഹിംസാദിന പ്രഖ്യാപന പരിശ്രമങ്ങൾക്ക് ചുക്കാൻ പിടിച്ച ഭാരതത്തിനെങ്കിലും ആയെങ്കിൽ എന്നും ആശിച്ചുപോകുന്നു!

നൂറ് വർഷങ്ങൾക്ക് മുൻപ് ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹ വേളയിൽ ഗാന്ധിജി പറഞ്ഞ വാക്കുകൾ തന്നെ ഇന്നും പ്രസക്തം. "സഹസ്രാബ്ദങ്ങളായി ലോകത്തെ ഭരിക്കുന്നത് കേവലം മൃഗീയ ശക്തിയാണെന്നും മനുഷ്യവർഗം അതിൽ നിന്ന് ഏറ്റവും കൊടിയ വിളകൾ കൊയ്തു കൂട്ടിയിട്ടുണ്ടെന്നും ചരിത്ര പഠനങ്ങളിലൂടെ കണ്ണോടിക്കുന്നവർക്ക് കാണാൻ കഴിയും. ഈ മൃഗീയ ശക്തിയിൽ നിന്ന് ഭാവിയിൽ ഗുണാത്മകമായ എന്തെങ്കിലും ഉരുത്തിരിഞ്ഞു വരുമെന്ന് തോന്നുന്നില്ല. ഇരുട്ടിൽ നിന്ന് വെളിച്ചം ഉണ്ടാകുമെങ്കിൽ മാത്രമേ, വെറുപ്പിൽ നിന്ന് സ്നേഹവും ഉദിക്കൂ''!

ലോകാ സമസ്താ സുഖിനോ ഭവന്തു!! ■

ബിനോയ് വിശ്വം, വനംവകുപ്പുമന്ത്രി

# മെർക്കിസ്റ്റൺ
## വിവാദങ്ങളും വസ്തുതകളും

വിവാദ വ്യവസായം കൊഴുപ്പിക്കുന്നവർ കാര്യങ്ങൾ വ്യക്തമാക്കാതെ ആളുകളെ ആശയക്കുഴപ്പത്തിൽപ്പെടുത്തി തങ്ങളുടെ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

പൊൻമുടിയിലെ മെർക്കിസ്റ്റൺ എസ്റ്റേറ്റ് വക ഭൂമി ഐ.എസ്.ആർ.ഒയ്ക്ക് കൈമാറിയ സംഭവവുമായി ബന്ധപ്പെട്ട് പുകമറസൃഷ്ടിക്കാനും സർക്കാരിനെതിരായ രാഷ്ട്രീയ സമരത്തിന്റെ ഉപകരണമാക്കാനുമുള്ള ശ്രമം കൊണ്ടുപിടിച്ചു നടക്കുന്നുണ്ടല്ലോ. വിവാദവ്യവസായം കൊഴുപ്പിക്കുന്നവർ കാര്യങ്ങൾ വ്യക്തമാക്കാതെ ആളുകളെ ആശയക്കുഴപ്പത്തിൽപ്പെടുത്തി തങ്ങളുടെ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. പക്ഷേ, സത്യത്തിന്റെ ശക്തികൾ പൂർണതേജസ്സോടെ ഉദിച്ചുയരുക തന്നെ ചെയ്യും. എങ്കിലും ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പം നിക്ഷിപ്ത താത്പര്യക്കാർ മുതലെടുപ്പിനായി ഉപയോഗപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. ഈ കുറിപ്പ് അതിനു സഹായകമാകും.

### പശ്ചാത്തലം

നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെർക്കിസ്റ്റൺ എസ്റ്റേറ്റ് 286.825 ഹെക്ടർ വിസ്തീർണമുള്ളതാണ്. 1971-ലെ സ്വകാര്യവനം നിക്ഷിപ്തമാക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ എസ്റ്റേറ്റിൽ വനമായി സ്ഥിതി ചെയ്തിരുന്ന 23.7371 ഹെക്ടർ സ്ഥലം നിക്ഷിപ്തവനമായി പ്രഖ്യാപിച്ചു. ഇതിനെതിരെ കമ്പനി തുടർച്ചയായി നടത്തിയ നിയമയുദ്ധത്തിന്റെ ഒടുവിൽ നിക്ഷിപ്തവനമായി ഏറ്റെടുത്ത ഭൂമി കമ്പനിക്ക് വിട്ടുകൊടുക്കാൻ കോടതി വിധിച്ചു.

പക്ഷേ, ഇതിനിടയിൽ പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കൽ ഓർഡിനൻസ് 2000 ജൂൺ രണ്ടിന് നിലവിൽ വന്നു. ഈ ഓർഡിനൻസിന്റെ വെളിച്ചത്തിൽ എൽ.ഡി.എഫ് സർക്കാർ, പരിസ്ഥിതിശാസ്ത്രപരമായി വളരെ ദുർബലമായ പൊൻമുടിമലയിൽ കിടക്കുന്ന ഈ എസ്റ്റേറ്റിലെ നിക്ഷിപ്തവനം ഉൾപ്പെടെ 268.86 ഹെക്ടർ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2001 ജനുവരി രണ്ടിന് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൽ പഴയ നിക്ഷിപ്തവനം വകുപ്പിന്റെ നിയന്ത്രണത്തിൽ തുടർന്നെങ്കിലും എസ്റ്റേറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമൊന്നും വനം വകുപ്പ് വരുത്തിയിരുന്നില്ല. എസ്റ്റേറ്റ് തുടർന്നും കമ്പനി തന്നെ നടത്തിവന്നു. തോട്ടം വ്യവസായത്തിനും തൊഴിലാളികൾക്കും പ്രയാസം ഉണ്ടാക്കേണ്ട എന്ന ധാരണയിലാവണം അന്നത്തെ സർക്കാർ എസ്റ്റേറ്റ് ഏറ്റെടുക്കാതിരുന്നത്.

പ്രസ്തുത ഓർഡിനൻസ്, തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ 2005 ൽ നിയമമാക്കി. പക്ഷേ, ഓർഡിനൻസിൽ കാതലായ മാറ്റങ്ങൾ വരുത്തിയാണ് നിയമം ഉണ്ടാക്കിയത്. പ്രധാനപ്പെട്ട ഒരു മാറ്റം ഏറെ ശ്രദ്ധേയമാണ്. എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് പ്രകാരം ഏലം, കാപ്പി തോട്ടങ്ങളെ മാത്രം ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ നിയമം വന്നപ്പോൾ ഏലം, കാപ്പി തോട്ടങ്ങൾക്കു പുറമേ തേയില, റബ്ബർ, കമുക് തുടങ്ങിയ തോട്ടങ്ങളേയും ഒഴിവാക്കി. നിയമസഭയിൽ എൽ.ഡി.എഫ് അന്ന് ഈ മാറ്റങ്ങളെ എതിർത്തിരുന്നു. ഈ മാറ്റമാണ് തേയിലത്തോട്ടമായ മർക്കിസ്റ്റൺ എസ്റ്റേറ്റ് തിരികെ നൽകണം എന്ന് ആവശ്യപ്പെടാൻ ഉടമയ്ക്ക് അവകാശം നൽകിയത്.

2005 മാർച്ച് 30ന് തോട്ടം സേവി മനോ മാത്യു മാനേജിങ് ഡയറക്ടർ ആയിട്ടുള്ള കമ്പനി വിലയ്ക്ക് വാങ്ങി. ഇ.എഫ്.എൽ(Ecologically Fragile Land) നോട്ടിഫിക്കേഷൻ പ്രകാരം സർക്കാർവകയായ ഈ ഭൂമി വിൽക്കാനോ വാങ്ങാനോ ഒരു വ്യക്തിക്കും അവകാശമില്ല. എങ്കിലും അന്നത്തെ സർക്കാർ ഈ കൈമാറ്റത്തിനെതിരെ ഒന്നും ചെയ്തില്ല എന്നു മാത്രമല്ല, 2005 ജൂണിൽ വസ്തു സേവി മനോ മാത്യുവിന്റെ കമ്പനിയുടെ പേരിൽ പോക്കുവരവ് ചെയ്തു കൊടുക്കുകയും ചെയ്തു. തികഞ്ഞ ക്രമക്കേടായിരുന്നു ഇത്.

തോട്ടം ഇ.എഫ്.എൽ. പരിധിയിൽപ്പെടുത്തിക്കൊണ്ട് 2001-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കി ഡീനോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണം എന്ന് ആവശ്യപ്പെട്ട് 2007 മാർച്ച് 30-ന് സേവി മനോ മാത്യു ഇ.എഫ്.എൽ. കസ്റ്റോഡിയൻ ആയ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകി.

കസ്റ്റോഡിയന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള പരിശോധനാ കമ്മിറ്റി 2007 മേയ് എട്ടിന് സ്ഥലം സന്ദർശിക്കാൻ തീരുമാനിച്ചു. ഇതിനിടയിൽ ഈ എസ്റ്റേറ്റിലെ വനംവകുപ്പിന്റെ കൈവശമുള്ള നിബിഡവനത്തിൽപ്പെട്ട സ്ഥലത്തു നിന്ന് മേയ് നാല്, അഞ്ച് തീയതികളിൽ കമ്പനി മരംമുറി നടത്തി. ഇതിന് കമ്പനിയുടെ മാനേജിങ് ഡയറക്ടർ, എസ്റ്റേറ്റ് മാനേജർ, സൂപ്പർവൈസർ തുടങ്ങിയവരെ പ്രതിയാക്കി പാലോട് റെയ്ഞ്ചിൽ 14/07-൦൦ നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് പുന

ലൂർ വനംകോടതിയിൽ റിപ്പോർട്ട് നൽകി. മരംമുറിയുടെ വെളിച്ചത്തിൽ കമ്മിറ്റിയുടെ എട്ടാം തീയതി നിശ്ചയിച്ചിരുന്ന പരിശോധന നടത്തിയില്ല.

പിന്നീട് മേയ് 24ന് കമ്മിറ്റി സ്ഥലം പരിശോധിച്ച് റിപ്പോർട്ടു നൽകി. റിപ്പോർട്ട് 2007 ജൂൺ എട്ടിന് കസ്റ്റോഡിയന് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജൂൺ 12ന് കസ്റ്റോഡിയൻ 24.73 ഹെക്ടർ ഒഴിച്ചുള്ള ഭൂമി മുഴുവൻ മുൻഉടമസ്ഥന് സർവെയും സ്ഥലം തിട്ടപ്പെടുത്തലും നടത്തി തിരിച്ചുനൽകി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് വിധിച്ചു.

ഇതിനിടയിൽ സേവി മനോ മാത്യു തോട്ടം നടത്തിപ്പിന് വനംവകുപ്പ് തടസം സൃഷ്ടിക്കുന്നുവെന്നും ഇതുമൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളതെന്നും കാണിച്ച് തൊഴിൽ മന്ത്രിക്ക് കത്തുകൊടുത്തു. തൊഴിൽമന്ത്രി അത് മേൽനടപടികൾക്കായി മേയ് ഒൻപതിന് വനംമന്ത്രിക്ക് നൽകി. ഇതിന്റെ വെളിച്ചത്തിൽ രണ്ടുമന്ത്രിമാരും ചേർന്ന് മേയ് 16ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തു. തോട്ടം പ്രവർത്തനത്തെ വനംവകുപ്പ് തടസ്സപ്പെടുത്തുന്നില്ലെന്ന് യോഗത്തിൽ വ്യക്തമാക്കപ്പെട്ടു. അനധികൃത മരംവെട്ടൽ അനുവദിക്കില്ലെന്നും യോഗം വ്യക്തമാക്കി.

### മെയ് 16 ലെ യോഗം

തോട്ടത്തിന്റെ പ്രവർത്തനങ്ങളെ വനംവകുപ്പ് തടസ്സപ്പെടുത്തുന്നു എന്ന പരാതി ലഭിച്ചതിനെ തുടർന്നാണ് ഈ യോഗം വിളിച്ചത്. എന്നാൽ എസ്റ്റേറ്റ് തന്റെവകയാണെന്നും വനംവകുപ്പിന് അവകാശമില്ലെന്നും ഉള്ള നിലപാട് പരാതിക്കാരൻ എടുത്തപ്പോൾ, നിയമപ്രകാരം കസ്റ്റോഡിയന് അപേക്ഷ കൊടുത്ത് പരാതിക്ക് പരിഹാരം കാണണം എന്ന് യോഗം നിർദ്ദേശിച്ചു. (അല്ലാതെ, ഈ യോഗതീരുമാന പ്രകാരം തോട്ടം വിട്ടുകൊടുക്കാനുള്ള അപേക്ഷ നൽകുകയല്ല ഉണ്ടായത്. അപേക്ഷ വളരെ മുൻപ് 2007 മാർച്ച് 30ന് തന്നെ നൽകിയിരുന്നു). തോട്ടംഭൂമിയിൽനിന്ന് വിറകിനും ലയങ്ങളുടെ അറ്റകുറ്റപ്പണിക്കും ആവശ്യമായ തടി ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ അനുവാദത്തോടെ മുറിക്കാം എന്നും യോഗത്തിൽ തീരുമാനിക്കപ്പെട്ടു. മാർച്ച് മൂന്നിന് നൽകിയ അപേക്ഷപ്രകാരം ജൂൺ 12 ന് കസ്റ്റോഡിയൻ എടുത്ത തീരുമാനത്തിന് ഈ യോഗവുമായി ഒരു ബന്ധവുമില്ല എന്ന് മുകളിൽ പറഞ്ഞ വസ്തുതകളിൽനിന്ന് മനസ്സിലാക്കാം.

ജൂലായ് 20 ന് ആണ് ഐ.എസ്.ആർ.ഒ.ക്ക് ഭൂമി കൈമാറി പ്രമാണം ചെയ്തത്. ഈ വിവരം അറിഞ്ഞപ്പോൾ ഡീനോട്ടിഫിക്കേഷൻ ഉണ്ടാകുന്നതിനു മുമ്പ് പ്രമാണം നടന്ന സാഹചര്യം അന്വേഷിക്കാൻ വനംസെക്രട്ടറിയെ മന്ത്രി ചുമതലപ്പെടുത്തി.

ഈ ഇടപാടിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കസ്റ്റോഡിയൻ വി.എസ്.എസ്.സിക്ക് കത്തു നൽകി. വനം മന്ത്രി ഐ.എസ്.ആർ.ഒ അധികാരികളെ ബന്ധപ്പെട്ടു. തുടർന്ന് ഐ.എസ്.ആർ.ഒ അധികൃതർ വനംവകുപ്പ് മന്ത്രിയെ കണ്ട് ചർച്ചനടത്തുകയുണ്ടായി. തുടർന്ന് 2007 സെപ്തംബർ ആറിന് വനം, റവന്യൂ, നിയമ മന്ത്രിമാരും വി.എസ്.എസ്.സി അധികാരികളും ചേർന്നുള്ള യോഗം മുഖ്യമന്ത്രി വിളിച്ചുചേർത്തു. ആവശ്യമുള്ള 200 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി സൗജന്യമായി കേരളസർക്കാർ നൽകും എന്ന് യോഗത്തിൽ മുഖ്യമന്ത്രി ഐ.എസ്.ആർ.ഒ.ക്ക് ഉറപ്പ് നൽകി.

2007 സെപ്തംബർ എട്ടിന് സർക്കാർ ഭൂമിയായ മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ നിന്നും ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ട് സേവി മനോ മാത്യുവിന് നോട്ടീസ് നൽകി. ഈ നോട്ടീസിനെതിരെ സേവി മനോ മാത്യു ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെങ്കിലും നോട്ടീസ് സ്റ്റേ ചെയ്യാൻ കോടതി തയ്യാറായില്ല.



സർക്കാരിൽ നിക്ഷിപ്തമായ 707 ഏക്കർ ഭൂമി 2005 മാർച്ച് 30ന് സേവി മനോ മാത്യു വാങ്ങുമ്പോൾ ഇന്നത്തെ പ്രതിപക്ഷം നയിച്ച 2003-ലെ സർക്കാർ എന്തു ചെയ്യുകയായിരുന്നു?

### ഉദ്യോഗസ്ഥർക്കെതിരെ നടപടി

വീഴ്ചവരുത്തിയതായി ആക്ഷേപമുള്ള വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി 2007 സെപ്തംബർ 18ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വി. ഗോപിനാഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കൊല്ലം കൺസർവേറ്റർ കെ.ജെ വർഗീസിനെയും തിരുവനന്തപുരം ഡി.എഫ്.ഒ. പാട്രിക് ഗോമസിനേയും സ്ഥലം മാറ്റുകയും ചെയ്തു. ഇവർ ഉൾപ്പെടെ അഞ്ച് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

### പ്രസക്തമായ ചോദ്യങ്ങൾ

സർക്കാരിൽ നിക്ഷിപ്തമായ 707 ഏക്കർ ഭൂമി 2005 മാർച്ച് 30ന് സേവി മനോ മാത്യു വാങ്ങുമ്പോൾ ഇന്നത്തെ പ്രതിപക്ഷം നയിച്ച 2003-ലെ സർക്കാർ എന്തു ചെയ്യുകയായിരുന്നു?

സേവി മാത്യുവിന് 2005 ജൂൺ 30ന് സർക്കാർ ഭൂമി പോക്കുവരവ് ചെയ്തുകൊടുത്തതും 30 ലക്ഷം രൂപ ലാഭം വരത്തക്ക വിധത്തിൽ സ്റ്റാമ്പ്ഡ്യൂട്ടി ഇളവു ചെയ്തു നൽകിയതും സർക്കാരല്ലേ? ഈ പോക്കുവരവ് റദ്ദാക്കാൻ നടപടി സ്വീകരിച്ചത് ഇപ്പോഴത്തെ സർക്കാരല്ലേ?

2003ലെ സർക്കാർ കൊണ്ടുവന്ന ആക്ട് പ്രകാരം സേവി മനോ മാത്യു നൽകിയ അപേക്ഷപ്രകാരം ടി ഭൂമി ഡീനോട്ടിഫൈ ചെയ്യാതെ സർക്കാരിൽത്തന്നെ സൂക്ഷിക്കുന്നതും ഈ സർക്കാരല്ലേ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിമർശകർക്ക് ബാദ്ധ്യതയുണ്ട്.

### വനസംരക്ഷണത്തിന് പ്രതിജ്ഞാബദ്ധം

ചന്ദനമാഫിയയ്ക്കെതിരായി ഉറച്ചു നിൽക്കുന്ന ഈ സർക്കാർ മാഫിയകണ്ണികളായ 135 പേരെയാണ് ഇതിനകം പിടികൂടിയത്. പ്രതിദിനം ഏഴു ചന്ദനമരങ്ങൾ മോഷണം പോയിരുന്ന മറയൂരിൽ അത് 0.2-ലേക്ക് താണുവന്നിരിക്കുന്നു. സർക്കാരിന്റെ ധീരമായ നടപടികൾക്കെതിരെ അന്താരാഷ്ട്രബന്ധമുള്ള മൃഗവേട്ടക്കാരും ചന്ദനക്കള്ളക്കടത്തുകാരും വെല്ലുവിളികളും ഭീഷണികളും വേണ്ടുവോളം പ്രയോഗിച്ചുനോക്കി. അവയ്ക്കൊന്നിനും മുന്നിൽ ഈ ഗവൺമെന്റ് മുട്ടുകുത്തില്ലെന്ന് കണ്ടപ്പോഴാണ് ആ കറുത്ത ശക്തികൾ വിവാദങ്ങൾക്ക് ഊർജം പകരാനെത്തിയത്. തടിവിൽപ്പനരംഗത്ത് സർക്കാർ കൈക്കൊണ്ട സുതാര്യമായ നടപടികളിൽ അമർഷമുള്ളവരേറെയുണ്ട്. മാങ്കുളത്തെ 22,253 ഏക്കർ ഭൂമിയും കൈയേറ്റക്കാർ കണ്ണുവെച്ച വാഗമണിലെ 1100 ഏക്കർ ഭൂമിയും റിസർവ് വനമായി പ്രഖ്യാപിച്ച സർക്കാരാണിത്. കഞ്ചാവ്-കൈയേറ്റ ലോബിയുടെ വിഹാരരംഗമായിരുന്ന 8000 ഏക്കർ ഭൂമി നീലക്കുറിഞ്ഞി സാങ്ചറിയായി പ്രഖ്യാപിച്ചതും ഈ സർക്കാരാണ്. ചിരകാലമായി കേരളജനത കാത്തിരിക്കുന്ന സൈലന്റ്‌വാലി ബഫർ സോൺ യാഥാർത്ഥ്യമാക്കിയത് ഈ സർക്കാരാണ്. ഭാവിതലമുറയുടെ രക്ഷയ്ക്കുവേണ്ടി വനങ്ങൾ സംരക്ഷിക്കാനുള്ള പ്രതിജ്ഞാബദ്ധത തന്നെയാണ് ഈ സർക്കാരിന്റെ മുഖമുദ്ര.

അപവാദപ്രചരണത്തിനുമുന്നിൽ ആ നിലപാടിന് ലവലേശം ഇളക്കം തട്ടുമെന്ന് നിക്ഷിപ്ത താത്പര്യക്കാർ ആരും വ്യാമോഹിക്കേണ്ടതില്ല. കൈയിൽ സമ്പത്തും പിന്നിൽ കൗശലവും ഉള്ളിൽ ക്രൂരമായ രാഷ്ട്രീയമോഹങ്ങളുമായി വനസംരക്ഷണപ്രവർത്തനങ്ങളെ അട്ടിമറിക്കാനും നാടുകൊള്ളയടിക്കാനും ആരും നോക്കണ്ട. അവരെ തളച്ചിടാൻ കരുത്തുള്ള സർക്കാരും അവർക്ക് പിൻബലമേകുന്ന പ്രബുദ്ധരായ ജനലക്ഷങ്ങളും ഇവിടെയുണ്ട്. ■



ഡോ. ആർ. അജയ്കുമാർ വർമ

# പ്ലാസ്റ്റിക് നിരോധനം പശ്ചാത്തലവും ഭാവിയും

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ കണ്ടുപിടിക്കപ്പെട്ട പ്ലാസ്റ്റിക് ഇന്ന് മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സർവസാധാരണമായ ഒരു വസ്തുവായി മാറിയിരിക്കുന്നു. ക്യാരിബാഗുകൾ തുടങ്ങി ഹൃദയവാൽവുകളും ശൂന്യാകാശപേടകങ്ങളും വരെ പ്ലാസ്റ്റിക് കൊണ്ടാണ് നിർമിക്കപ്പെടുന്നത്. വൈവിധ്യമാർന്നതും വ്യാപകവുമായ ഉപയോഗം കൊണ്ടുതന്നെ ഇന്ന് നിത്യജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഒരു വസ്തുവായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. പ്രായോഗികമായി നാം ഇന്ന് പ്ലാസ്റ്റിക് യുഗത്തിലാണ്.

## എന്താണ് പ്ലാസ്റ്റിക്?

ചൂടും മർദവും  കൊടുത്ത് അടിച്ചുപരത്താവുന്നതും വലിച്ചുനീട്ടാവുന്നതും ദ്രവരൂപത്തിലാക്കി ആവശ്യമുള്ള ആകൃതിയും വലുപ്പവും നൽകാവുന്നതുമായ വസ്തുക്കളാണ് പ്ലാസ്റ്റിക്കുകൾ. ലോകത്തുള്ള എല്ലാ ദ്രവ്യങ്ങളെയും പോലെ ആറ്റങ്ങളുടെ സങ്കീർണമായ ബന്ധപ്പെടലുകളിലൂടെയുണ്ടാകുന്ന തന്മാത്രകൾ ചേർന്നാണ് പ്ലാസ്റ്റിക് ഉണ്ടാകുന്നത്. എന്നാൽ പ്ലാസ്റ്റിക് തന്മാത്രകൾ ബൃഹത്തായവയാണ്. ഇവയെ പോളിമർ എന്നു പറയുന്നു. ഓരോ പോളിമറിലും ഒരു മുത്തുമാലയിലെ മുത്തെന്നപോലെ, നിരവധി മോണോമറുകൾ ഉണ്ടാകും. മോണോമറുകളിൽ അടിസ്ഥാനയൂണിറ്റായി കാർബൺ ആറ്റങ്ങളും അവയോട് ചേർന്ന് ഹൈഡ്രജൻ, ഓക്സിജൻ, ക്ലോറിൻ, സൾഫർ തുടങ്ങിയ ആറ്റങ്ങളുമുണ്ടാകാം. മോണോമറുകളുടെ അടിസ്ഥാന ഘടകങ്ങളിലും അവ ചേർന്നുണ്ടാകുന്ന പോളിമറുകളുടെ രാസഘടനയിലും വ്യത്യസ്തത അനുസരിച്ച് വിവിധ ഘടനകളും സ്വഭാവസവിശേഷതകളുമുള്ള പോളിമറുകളെ സൃഷ്ടിച്ചെടുക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഇതോടൊപ്പം പ്രകൃതിയിൽ സ്വാഭാവികമായി കാണപ്പെടുന്ന പോളിമറുകളുമുണ്ട്. സെല്ലുലോസ്, അന്നജം (Starch), പരുത്തി, സിൽക്ക്, റബ്ബർ, ഷെല്ലാക്ക്, രോമങ്ങൾ തുടങ്ങിയവ പ്രകൃതിദത്ത പോളിമറുകളാണ്.

പത്തൊൻപതാം നൂറ്റാണ്ടിൽ ഫ്രെഡറിക് ഷോൺ ബിൻ എന്ന ജർമൻ ശാസ്ത്രജ്ഞൻ തികച്ചും ആകസ്മികമായി കണ്ടെത്തിയ നൈട്രോ സെല്ലുലോസാണ് പ്ലാസ്റ്റിക് യുഗത്തിന് നിദാനമായതെന്നു പറയാം. ഇന്ന് പ്രചാരത്തിലുള്ള മിക്ക പ്ലാസ്റ്റിക് വസ്തുക്കളുടെയും നിർമാണത്തിനുപയോഗിക്കുന്ന പ്രധാന അസംസ്കൃത വസ്തു പ്രകൃതിവാതകങ്ങളും അസംസ്കൃത എണ്ണയുമാണ്.

## പ്ലാസ്റ്റിക് വൈവിധ്യം

പ്രകൃതിദത്ത പോളിമറുകൾക്കു പറമെ തെർമോ പ്ലാസ്റ്റിക്കുകൾ, തെർമോസെറ്റ് പ്ലാസ്റ്റിക്കുകൾ എന്നീ രണ്ടുതരം മനുഷ്യനിർമിത പ്ലാസ്റ്റിക് വിഭാഗത്തിൽ വിഭിന്ന സവിശേഷതകളുള്ള ആയിരത്തിലധികം പോളിമറുകളാണുള്ളത്. ഇവയിൽ ഏക

ദേശം 30-40 എണ്ണം മാത്രമേ പൊതുവിൽ ഉപയോഗപ്പെടുത്തുന്നുള്ളൂ. നാം നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന പല പ്ലാസ്റ്റിക്കുകളും തെർമോപ്ലാസ്റ്റിക് വിഭാഗത്തിൽ പെട്ടവയാണ്. ഇവ ചൂടും മർദവും ഉപയോഗിച്ചു ഉരുക്കി യഥേഷ്ടം രൂപകല്പന നടത്താൻ സാധിക്കുന്നവയും നിരവധി തവണ ഉരുക്കാനും പുനഃചക്രമണം നടത്തി ആവശ്യമുള്ള വസ്തുക്കൾ ഉണ്ടാക്കാനും സാധിക്കുന്നവയുമാണ്. പാക്കേജിങ് സാമഗ്രികൾ, സംഭരണ ടാങ്കുകൾ, തുണിത്തരങ്ങൾ, നിർമാണസാമഗ്രികൾ തുടങ്ങിയ വസ്തുക്കളെല്ലാം തന്നെ ഈ വിഭാഗത്തിൽ പെടുന്ന വിവിധ പോളി എത്തിലീനുകൾ, പോളിവിനൈൽ ക്ലോറൈഡ് (PVC) അക്രിലിക്കുകൾ തുടങ്ങിയ നിരവധി പോളിമറുകളാൽ നിർമിക്കപ്പെടുന്നവയാണ്.

ഒരിക്കൽ ഉത്പ്ദിപ്പിച്ചുകഴിഞ്ഞാൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കാത്തവയാണ് തെർമോസെറ്റ് പ്ലാസ്റ്റിക്കുകൾ. ചൂടാക്കിയാൽ അവയ്ക്കു മൃദുത്വം വരുകയോ ഉരുകുകയോ ഇല്ല. ഉറപ്പും ബലവും ദൃഢതയുമുള്ള ഇവ ഇലക്ട്രിക് സ്വിച്ചുകൾ, കുക്കറിന്റെ കൈപ്പിടി തുടങ്ങിയവ നിർമിക്കാനും ഉപയോഗിക്കപ്പെടുന്നു.

പ്ലാസ്റ്റിക്കിന് കൂടുതൽ മൃദുത്വം കൈവരിക്കുന്ന പ്ലാസ്റ്റിസൈസറുകളും ആകർഷകത്വം നൽകുന്നതിന് നിറങ്ങളും ചായങ്ങളും ഗുണങ്ങളിൽ മാറ്റം വരുത്തുന്നതിന് ഫില്ലറുകളും ഓക്സീകരണം തടയുന്നതിനായി ആന്റീ ഓക്സീകാരകങ്ങളും താപനിമ്നീകരണം തടയാനായി സ്ഥിരീകാരകങ്ങളും (stabilizers) വ്യാപകമായി ഉപയോഗിക്കുന്നു.

## പ്ലാസ്റ്റിക് എന്ന മിത്രം

പ്ലാസ്റ്റിക് പ്രയോഗത്തിലില്ലാത്ത മേഖല കണ്ടെത്തുക വിഷമമാണ്. വലിയ മാറ്റങ്ങളൊന്നും കൂടാതെ ദീർഘകാലം നിലനില്ക്കാനുള്ള കഴിവ് പ്ലാസ്റ്റിക്കിനുണ്ട്. ചൂടോ മർദമോ ഉപയോഗിച്ച് ഏതു രൂപത്തിലും ആകൃതിയിലും മാറ്റിയെടുക്കാം. പെട്ടെന്നു പൊട്ടിപ്പോകില്ല. ഏതു സാഹചര്യത്തിലും ഉപയോഗപ്പെടുത്താം. നനയുന്നതുകൊണ്ട് നശിക്കില്ല. അധികഭാരമില്ല. എളുപ്പത്തിൽ വൃത്തിയാക്കാം. വിലയും താരതമ്യേനകുറവ്- ഇത്തരത്തിൽ പ്ലാസ്റ്റിക് മനുഷ്യന്റെ മിത്രമായി വേഗത്തിൽ മാറുകയാണുണ്ടായത്. ഇന്ത്യയിൽ ഇന്നുപയോഗിക്കുന്ന പാക്കേജിങ് വസ്തുക്കളിൽ 21 ശതമാനത്തലധികവും പ്ലാസ്റ്റിക് നിർമിതമാണ്. ജലസംഭരണത്തിനും ജലവിതരണത്തിനുമെല്ലാം പ്ലാസ്റ്റിക് ഉപയോഗം വ്യാപകമാണ്. കസേരകൾ, മേശകൾ, വീടുനിർമാണത്തിനാവശ്യമായ സാധനങ്ങൾ തുടങ്ങി തടി ഉപയോഗിച്ചു ചെയ്യാവുന്ന ഏതാണ്ട് എല്ലാ

> ഒരു ലക്ഷത്തോളം സമുദ്രജീവികൾ, പ്രത്യേകിച്ച് സീലുകളും കടലാമകളും, ഓരോ വർഷവും പ്ലാസ്റ്റിക് അന്നനാളത്തിൽ കുടുങ്ങിയോ നൈലോൺ വലകളിൽ കുടുങ്ങിയോ മരണപ്പെടാറുണ്ട്.

സാധനങ്ങളും പ്ലാസ്റ്റിക് ഉപയോഗിച്ചു നിർമിക്കുന്നു. കൃത്രിമമാവയവ, നിർമാണത്തിനുപയോഗിക്കുന്ന ജൈവസ്ഥിരതയുള്ള പ്ലാസ്റ്റിക്കുകൾ, ശരീരവുമായി പ്രതിപ്രവർത്തിച്ച് വിഘടനം സംഭവിക്കുന്ന പ്ലാസ്റ്റിക്കുകൾ (മരുന്നുകൾ, മുറിവ് തയ്ക്കാനുള്ള നൂലുകൾ), വെള്ളത്തിൽ ലയിക്കുന്ന പ്ലാസ്റ്റിക്കുകൾ (കൃത്രിമ പ്ലാസ്മ, കൃത്രിമ രക്തം) എന്നിങ്ങനെ ആരോഗ്യരംഗത്തും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറവല്ല. ഇതിനൊക്കെപുറമെ മറ്റനേകം ആധുനിക ശാസ്ത്ര സാങ്കേതിക മേഖലകളിലും പ്ലാസ്റ്റിക്കിന്റെ സ്വാധീനം വളരെ പ്രകടമാണ്. പക്ഷേ, ഒഴിവാക്കാൻ സാധ്യമല്ലെങ്കിലും അതിരു കവിഞ്ഞ ദുരുപയോഗം പ്ലാസ്റ്റിക്കിനെ പരിസ്ഥിതിക്ക് വിനാശകാരികളാക്കി മാറ്റുന്നു.

## പ്ലാസ്റ്റിക് വിനാശകാരിയോ?

ലോകമെമ്പാടും പ്ലാസ്റ്റിക് വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവും അപകടകരമാം വിധം ഉയരാൻ തുടങ്ങി. പെട്ടെന്ന് ജൈവവിഘടനം സംഭവിക്കാത്തതും പരിസ്ഥിതിക്ക് ഹാനികരമായ നിരവധി രാസവസ്തുക്കളുടെ സാന്നിദ്ധ്യവുമാണ് പ്ലാസ്റ്റിക്കിനെ പ്രശ്നകാരിയാക്കി മാറ്റുന്നതിന് മൂലഹേതു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകളും പൊതിയൽ വസ്തുക്കളും കുപ്പികളും ഗ്ലാസ്സുകളും ജലനിർഗമനചാലുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നു. ഇവയിൽ തങ്ങിനില്ക്കുന്ന ജലം കൊതുകുകളുടെ പ്രജനനകേന്ദ്രങ്ങളായും അനവധി രോഗാണുക്കളുടെ വിന്യാസകേന്ദ്രങ്ങളായും വർത്തിക്കുന്നു. നൂറ്റാണ്ടുകൾ കൊണ്ട് രൂപം കൊള്ളുന്ന മണ്ണിന്റെ താപനിയന്ത്രണത്തിനും വായു-ജല വിനിമയത്തിനും പ്ലാസ്റ്റിക് തടസ്സമുണ്ടാക്കുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉള്ളിൽ ചെന്ന് നിരവധി മൃഗങ്ങളുടെ മരണം സംഭവിക്കുന്നുവെന്നും നമുക്കറിയാം.

പ്ലാസ്റ്റിക് വസ്തുക്കൾ അടിഞ്ഞുകൂടി പല ജലാശയങ്ങളും ഇന്ന് നാശോന്മുഖമായിരിക്കുന്നു. സമുദ്രജലത്തിൽ ഓരോ ചതുരശ്രകിലോമീറ്ററിലും ഒരു ലക്ഷത്തിലധികം പ്ലാസ്റ്റിക് കഷണങ്ങളെങ്കിലുമുണ്ടാകുമെന്നാണ് കണക്ക്. അന്തർദേശീയ സമുദ്രമേഖലയിൽ സഞ്ചരിക്കുന്ന കച്ചവടക്കപ്പലുകളിൽ നിന്ന് 5 ലക്ഷം പ്ലാസ്റ്റിക് സംഭരണികളെങ്കിലും വലിച്ചെറിയപ്പെടുന്നുണ്ട്. ഒരു ലക്ഷത്തോളം സമുദ്രജീവികൾ, പ്രത്യേകിച്ച് സീലുകളും കടലാമകളും, ഓരോവർഷവും പ്ലാസ്റ്റിക് അന്നനാളത്തിൽ കുടുങ്ങിയോ നൈലോൺ വലകളിൽ കുടുങ്ങിയോ മരണപ്പെടാറുണ്ട്.

പ്ലാസ്റ്റിക് കൂടുകൾക്ക് നിറം കൊടുക്കാനായി ചേർക്കുന്ന ഈയം(ലെഡ്), കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങൾ, പ്ലാസ്റ്റിക്-അലുമിനിയം ഫോയിൽ എന്നിവ ചേർത്തുള്ള ടെട്രാപാക്കിൽ നിന്ന് ഊർന്നിറങ്ങുന്ന അലുമിനിയം ഇവ ഉയർന്ന തോതിൽ ഹാനികരമാണ്. ഇന്ന് ലോകത്തിൽ ഏറ്റവും പ്രചാരമുള്ള പിവിസി പ്ലാസ്റ്റിക്കിന്റെ നിർമാണഘട്ടങ്ങളിൽ

## നിരോധനം ലംഘിച്ചാൽ....!!

നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരിബാഗുകളും കണ്ടെയ്നറുകളും 10,000 എണ്ണത്തിൽ കൂടുതൽ പുതുതായോ പുനരുപയോഗം വഴിയോ പുനർ ചംക്രമണം വഴിയോ ഉത്പാദിപ്പിക്കുന്നതോ കൈകാര്യം ചെയ്യുന്നതോ ശ്രദ്ധയിൽപ്പെടുന്ന അധികാരികൾ അത് രേഖാമൂലം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കോ മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർക്കോ പരിസ്ഥിതി വകുപ്പിലെ 15, 19 വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി കൈക്കൊള്ളാനായി റിപ്പോർട്ടു ചെയ്യേണ്ടതാണ്; പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ കൈമാറേണ്ടതുമാണ്.

ഇന്ത്യൻ പീനൽ കോഡിലെ 188-ാം വകുപ്പനുസരിച്ച് ഒരു മാസം വരെ തടവോ 200 രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്.

പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 15, 19 വകുപ്പുകൾ പ്രകാരം അഞ്ചു വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ, കുറ്റം തുടരുകയാണെങ്കിൽ പ്രതിദിനം 5000 രൂപ പിഴയും കൂടിയോ ആകുന്നു ശിക്ഷ. ആദ്യ ശിക്ഷയ്ക്കു ശേഷം ഒരു വർഷത്തിൽ കൂടുതൽ കുറ്റം തുടർന്നാൽ ഏഴു വർഷം വരെ തടവിനും അർഹതയുണ്ട്.

ക്ലോറിൻ, എത്തിലിൻ, ഡൈക്ലോറൈഡ്, വിനൈൽ ക്ലോറൈഡ് തുടങ്ങിയ അർബുദകാരികളായ വാതകങ്ങൾ വലിയ അളവിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. പിവിസിയുടെ ഉത്പാദന വേളകളിലും ഉപയോഗ സമയത്തും നിർമാർജനവേളകളിലും ഡയോക്സിൻ പോലുള്ള മാരകവിഷങ്ങളുമുണ്ടാകുന്നു. പിവിസി തറയോടുകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് സിക്ക് ബിൽഡിങ് സിൻഡ്രോം എന്ന രോഗബാധയ്ക്ക് സാധ്യതയുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പോളി പ്രൊപ്പിലീൻ, പോളി എത്തിലീൻ, പോളി സ്റ്റൈറീൻ തുടങ്ങിയവയാൽ നിർമിതമായ ശുദ്ധമായ പ്ലാസ്റ്റിക് സഞ്ചികൾ, പാൽ കവറുകൾ, പാക്കേജിങ് വസ്തുക്കൾ എന്നിവ കത്തിക്കുന്നത് കാർബൺ ഡയോക്സൈഡ് വർദ്ധനയ്ക്ക് കാരണമാകുമെന്നതൊഴിച്ചാൽ മറ്റു പ്രശ്നങ്ങളുണ്ടാകില്ല എന്നാണ് ശാസ്ത്രീയാഭിപ്രായം. എന്നാൽ പിവിസി പ്ലാസ്റ്റിക് കത്തിച്ചാൽ സ്ഥിതി ഗുരുതരമാണെന്നറിയണം. പിവിസി കത്തി തുടങ്ങുന്നതിനു മുമ്പുതന്നെ പുറത്തു വരുന്ന ഹൈഡ്രജൻ ക്ലോറൈഡ് വാതകം ശ്വാസകോശത്തിലെ ജലവുമായി ചേർന്ന് ഹൈഡ്രോക്ലോറിക് ആസിഡായി മാറുകയും അത് മാരകമായ പൊള്ളലിനും തുടർ പ്രശ്നങ്ങൾക്കും കാരണമാകുകയും ചെയ്യും. കൂടാതെ കത്തിക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ഡയോക്സിൻ, വിനൈൽ ക്ലോറൈഡ്, ക്ലോറോബെൻസീൻ തുടങ്ങിയ വാതകങ്ങൾ അർബുദകാരികളാണ്. കത്തിത്തീരുമ്പോൾ അവശേഷിക്കുന്ന ചാരത്തിൽ സ്ഥിരീകാരകങ്ങളായും നിറം നൽകുന്നതിനുമുപയോഗിക്കുന്ന രാസവസ്തുക്കളിൽ അടങ്ങിയിരിക്കുന്ന ഘനലോഹങ്ങൾ ഉണ്ടാകും.

മാനവരാശിക്ക് അറിവുള്ളതിൽ വച്ചേറ്റവും മാരകമായ വിഷമാണ് ഡയോക്സിൻ. ഡി.ഡി.റ്റിയെക്കാൾ 2ലക്ഷം മടങ്ങ് വിഷാംശമാണ് ഡയോക്സിനു കല്പിക്കുന്നത്. വെള്ളത്തിൽ ലയിക്കാത്ത ഡയോക്സിൻ മണ്ണിലും അനന്തകാലം മാറ്റങ്ങളൊന്നുമില്ലാതെ നിലനിൽക്കുന്നു. ഭൂമിയിൽ ഡയോക്സിന്റെ ഏറ്റവും പ്രധാന ഉറവിടം പിവിസി പ്ലാസ്റ്റിക് ആണെന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകളും ക്രമമായി കുറയുന്ന വിലയും ഇലക്ട്രോണിക് മാലിന്യങ്ങളുടെ അളവും ഗണ്യമായി വർദ്ധിക്കുന്നതിനു കാരണമായിട്ടുണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങളിലും പിവിസി പ്ലാസ്റ്റിക്കാണ് ഏറ്റവും കൂടുതലായി കാണപ്പെടുന്നത്.

### പ്ലാസ്റ്റിക് ഉപയോഗം

2000-2001 കാലഘട്ടത്തിൽ ഭാരതത്തിലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം 4 ദശലക്ഷം ടൺ ആയിരുന്നു. 2006-07ൽ ഇത് 7.5 ദശലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുമെന്നാണ് കണക്ക്. ഒരു ഭാരതീയന്റെ ശരാശരി വാർഷിക പ്ലാസ്റ്റിക് ഉപഭോഗം 2.1കിലോഗ്രാമാണ്. എന്നാൽ കേരളത്തിലാകട്ടെ പ്ലാസ്റ്റിക്കിന്റെ പ്രതിശീർഷ ഉപയോഗം വർഷത്തിൽ 6 കിലോഗ്രാമിലധികമാണ്. സംസ്ഥാനത്തെ ഓരോ കുടുംബവും പ്രതിദിനം 3 മുതൽ 20 വരെ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ വാണിജ്യ-വ്യാവസായിക-വിനോദസഞ്ചാര മേഖ



ലകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം വളരെ ഉയർന്നതാണ്. കോവളത്തെ ഒരു ശരാശരി റിസോർട്ടിൽ നിന്നു മാത്രം ഓരോ സീസണിലും 19000 പ്ലാസ്റ്റിക് കുപ്പികൾ, 5500 പാൽകവറുകൾ, 7200 പോളിത്തീൻ സഞ്ചികൾ, 1700 ഡിസ്പോസിബിൾ കപ്പുകൾ എന്നിവ പൊതുമാലിന്യസരണിയിലെത്തുന്നുണ്ട്. പ്രതിമാസം ശരാശരി 120 മെട്രിക് ടൺ പ്ലാസ്റ്റിക് കവറുകളാണ് കേരളത്തിൽ ഉപയോഗിക്കപ്പെടുന്നത്. ഇതിൽ 12-13% മാത്രമേ കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളൂ എന്നതും ശ്രദ്ധേയമാണ്. കേരളത്തിലെ പ്രധാന നഗരങ്ങളിൽ ഖരമാലിന്യസരണിയിലെത്തുന്ന പ്ലാസ്റ്റിക് തൂക്കത്തിന്റെ അടിസ്ഥാനത്തിൽ 2-5% വരെയാണെന്ന് കാണാം. ദേശീയ ശരാശരിയാകട്ടെ 0.5 ശതമാനവും.

വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് ഉപയോഗം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്നു. അശ്രദ്ധമായി പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ സംസ്ഥാനത്തിന്റെ സ്വാഭാവിക സൗന്ദര്യം ഇല്ലാതാക്കുന്നതിനു പുറമെ സുഗമമായ ഖരമാലിന്യ പരിപാലനത്തെയും ബാധിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് ക്രമമായി കുറച്ചുകൊണ്ടു വരിക എന്നത് മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിയുടെ സംരക്ഷണത്തിന്നു അനിവാര്യമായിരിക്കുന്നു.

### പ്ലാസ്റ്റിക് നിയന്ത്രണം

പ്ലാസ്റ്റിക് ചപ്പുചവറുകൾ മൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിന് പുനരുപയോഗവും പുന:ചംക്രമണവും ഒരു പരിധി വരെ പരിഹാരമാണ്. എന്നാൽ അനിയന്ത്രിതമാകുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഫലപ്രദമായി ശേഖരിക്കാനോ പുനരുപയോഗിക്കാനോ പുന:ചംക്രമണം നടത്തി വീണ്ടും ഉത്പന്നങ്ങളാക്കി മാറ്റാനോ നമുക്കാവുന്നില്ല. ഉപയോഗത്തിലെ വർദ്ധനയും നിയന്ത്രണമില്ലായ്മയും ഇതിനൊരു പ്രധാന കാരണമാണ്. മാത്രവുമല്ല, തുടർച്ചയായുള്ള ഇവയുടെ പുന:ചംക്രമണവും പ്രശ്നമാണ്. ഇതിന്റെയടിസ്ഥാനത്തിൽ നിരവധി ലോക

## ബോധവത്കരണ പ്രവർത്തനങ്ങൾ

പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം പ്രകൃതിക്കും പരിസ്ഥിതിക്കും ഉണ്ടാക്കാവുന്ന ആഘാതത്തെക്കുറിച്ച് തുടർച്ചയായ ബോധവത്കരണം നടത്തേണ്ടതുണ്ട്. ഇതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

മാലിന്യം ഉറവിടത്തിൽ തന്നെ ജൈവ-ജൈവേതരമെന്ന് തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബോധവത്കരണം നടപ്പിലാക്കുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, വ്യാപാരികൾ, വ്യവസായികൾ, ട്രേഡ് യൂണിയനുകൾ, സർവീസ് സംഘടനകൾ, എൻ.ജി.ഒ.കൾ, റസിഡൻസ് അസോസിയേഷനുകൾ, പൗരസമിതികൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ കൂട്ടായ്മയോടുകൂടി വിവിധ തലത്തിലുള്ള ബോധവത്കരണം സംഘടിപ്പിക്കുക.

പ്ലാസ്റ്റിക് മാലിന്യമുക്തമായ സ്കൂൾ, കോളേജ് ക്യാമ്പസുകളും, സ്ഥാപനങ്ങളും, തെരുവും, വ്യാപാരകേന്ദ്രങ്ങളും, കല്യാണ മണ്ഡപങ്ങളും, ആശുപത്രികളും, കോളനികളും, വാർഡുകളും, പഞ്ചായത്ത് ബ്ലോക്ക് ജില്ലകളും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുക. ഇവ നടപ്പിലാക്കിയെടുക്കുന്നതിന് താഴെ പ്പറയുന്ന മാർഗങ്ങൾ അവലംബിക്കാവുന്നതാണ്:

എക്സിബിഷനുകളും, ചർച്ചയും സെമിനാറും, വിളംബരജാഥകളും, കാൽനടജാഥകളും, ഭവനസന്ദർശനവും നടത്താവുന്നതാണ്. തെരുവുകൾ ശുചീകരിക്കണം. കാർട്ടൂൺ മത്സരവും കാർട്ടൂൺ പ്രദർശനവും ആകാം. പ്ലാസ്റ്റിക് മാലിന്യ വിമുക്തമേഖലകളായി പ്രഖ്യാപനം ചെയ്യുന്നതും ഗുണകരമാകും. വീടുകളെയും സ്ഥാപനങ്ങളെയും പരിസ്ഥിതിക്കിണങ്ങുന്നവയായി തരംതിരിക്കുകയും അവാർഡു

രാജ്യങ്ങൾ പ്ലാസ്റ്റിക്കിന്റെ നിർമാണത്തിലും ഉപയോഗത്തിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. പിവിസി പോലെയുള്ള പ്ലാസ്റ്റിക്കിനെ പൂർണ്ണമായും ഒഴിവാക്കാനും പല വികസിത രാജ്യങ്ങളും കർമപരിപാടികൾ നടപ്പിലാക്കി വരുന്നു.

ഇന്ത്യയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ ആദ്യമായി നിയന്ത്രണം കൊണ്ടുവന്നത് 1995-ൽ ഹിമാചൽ പ്രദേശ് സർക്കാരാണ്. തുടർന്ന് 1998-ൽ ഗോവയിലെ ചില മേഖലകളിൽ പ്ലാസ്റ്റിക് നിയന്ത്രണമേർപ്പെടുത്തി. കോടതി ഇടപെടലുകളുടെയും സമ്മർദ്ദങ്ങളുടെയും ഫലമായി 1999-ൽ കേന്ദ്രസർക്കാർ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം പ്ലാസ്റ്റിക് നിർമാണവും ഉപയോഗവും സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് 20 മൈക്രോൺ വരെ ഘനമുള്ള ക്യാരിബാഗുകളുടെ വ്യാപനം നിയന്ത്രിക്കുക എന്നതായിരുന്നു ഒരു മുഖ്യലക്ഷ്യം.

കോട്ടയം ജില്ലയിൽ പ്ലാസ്റ്റിക് കൂടുകളുടെ ഉപയോഗം നിയന്ത്രിച്ചുകൊണ്ട് കോട്ടയം സബ്ഡിവിഷൻ മജിസ്ട്രേറ്റ് 1997-ൽ ഇറക്കിയ ഉത്തരവാണ് കേരളത്തിലെ ആദ്യത്തെ പ്ലാസ്റ്റിക് നിയന്ത്രണമെന്നാണ് അറിവ്. 1997-ൽ കേരളനിയമസഭാ പരിസ്ഥിതി കമ്മിറ്റി പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് അടിയന്തിര നിയമനടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. പ്ലാസ്റ്റിക് ഉത്പാദനവും ഉപയോഗവും പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 1998-ൽ കേരളസർക്കാർ നിയോഗിച്ച മൂന്നംഗ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു മാത്രമായി പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിന് എതിരായ ഒരു നിലപാടാണ് സർക്കാർ സ്വീകരിച്ചത്. പ്ലാസ്റ്റിക്കിന്റെ വ്യാപനം നിയന്ത്രണാതീതമായി വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ 2003 സെപ്റ്റംബറിൽ 30 മൈക്രോൺ വരെ ഘനവും 20 × 30 സെന്റീമീറ്ററിൽ താഴെ വലിപ്പവുമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിർമാണം, സംഭരണം ഉപയോഗം ഇവയ്ക്ക് നിരോധനമേർപ്പെടുത്തുകയുണ്ടായി. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ, ജില്ലാ പൊലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വില്പന നികുതി വകുപ്പ്, പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർക്ക് ഉത്തരവാദിത്വം നൽകിയിരുന്നെങ്കിലും ഫലപ്രദമായി നിരോധനം നടപ്പിലാക്കാനായില്ല. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും ബോധവത്കരണ ശ്രമങ്ങളുടെ അഭാവവും തുടർനിരീക്ഷണത്തിന്റെ അഭാവവുമെല്ലാം നിരോധനം ഫലപ്രദമാകാതിരിക്കുന്നതിനു കാരണമായി.

തുടർച്ചയായുണ്ടായ ആരോഗ്യപ്രശ്നങ്ങളും അശ്രദ്ധമായ പ്ലാസ്റ്റിക് വിനിയോഗം മൂലം വർദ്ധിച്ച പരിസ്ഥിതി പ്രശ്നങ്ങളും പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തെ കുറയ്ക്കേണ്ടത് അനിവാര്യമാക്കി മാറ്റി. ഈ പശ്ചാത്തലത്തിൽ 30 മൈക്രോൺ വരെ കനമുള്ള ക്യാരിബാഗുകളുടെ വില്പനയും ഉപയോഗവും ഇപ്പോൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നിരോധന ഉത്തരവാണ് നടപ്പിലാക്കിവരുന്നത്.

### നിരോധനത്തോടുള്ള പ്രതികരണം

നിരോധനത്തിന്റെ ആദ്യദിവസങ്ങൾ പ്രോത്സാഹജനകമാണ്. നിയന്ത്രണത്തിന്റെ സന്ദേശം സമൂഹത്തിന്റെ വിവധ തലങ്ങളിൽ ഇനിയും എത്തേണ്ടതുണ്ട്. നിരോധനമല്ല മറിച്ച് അശ്രദ്ധമായി വലിച്ചെറിയുന്നതിനെതിരെയുള്ള നടപടികളാണ് വേണ്ടത് എന്ന വാദം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ട്. 30 മൈക്രോണിൽ കൂടുതൽ ഘനമുള്ള ക്യാരിബാഗുകൾ വ്യാപകമായി ലഭ്യമാകുകയും ചെയ്യുന്നു. ഇത്തരുണത്തിൽ നിരോധനവുമായി മുൻപോട്ടുപോകുകയും പ്ലാസ്റ്റിക്കിന്റെ വ്യാപനം പരമാവധി കുറയ്ക്കുകയും ചെയ്യുക എന്നത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി പുനരുപയോഗിക്കുന്നതിനും പുന:ചംക്രമണം നടത്തുന്നതിനുമുള്ള സംവിധാനങ്ങളുണ്ടാക്കണം. ഇതിനായി ഖരമാലിന്യ പരിപാലനപരിപാടി അപ്പാടെ ശക്തിപ്പെടുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം വിതരണം ചെയ്തതു കൊണ്ടുമാത്രം ഇത് ലക്ഷ്യം കാണില്ല. ■

*സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞനാണ് ലേഖകൻ.*

## പ്ലാസ്റ്റിക്കിനു പകരം.....

പ്ലാസ്റ്റിക് നിരോധിക്കുന്നതോടെ പകരം എന്ത് എന്ന ചോദ്യം സാധാരണക്കാരെ കുഴയ്ക്കുകയാണ്. ഈ ആശങ്ക പരിഹരിക്കാൻ പേപ്പർ ബാഗുകളുടെയും തുണിസഞ്ചികളുടെയും നിർമാണ യൂണിറ്റുകൾ തുടങ്ങാനും ഇത്തരം ബാഗുകളുടെ ലഭ്യത ഉറപ്പുവരുത്താനുമായുള്ള നടപടികൾ സ്വീകരിക്കാൻ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ SGSY, SHGകൾ എന്നിവർ മുൻകൈ എടുക്കണം.

ഓരോ പഞ്ചായത്തും കുറഞ്ഞത് ഇത്തരത്തിലുള്ള രണ്ട് യൂണിറ്റെങ്കിലും പ്രവർത്തനക്ഷമമാക്കണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതിന് നിർമാണ യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുകയും അവയുടെ ഉത്പാദന -വിപണന പുരോഗതി തദ്ദേശഭരണ സ്ഥാപനങ്ങൾ മാസംതോറും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്.

വീടുകളിലും സ്കൂളുകളിലും പ്ലാസ്റ്റിക്കിതര ബാഗുനിർമാണം പ്രോത്സാഹിപ്പിക്കണം. മാർക്കറ്റ്, ടെക്സ്റ്റൈൽ, ഹോട്ടലുകൾ എന്നിവിടങ്ങളിലേക്കായി പ്രത്യേകതരം സഞ്ചികളുടേയും കവറുകളുടേയും നിർമാണം പ്രോത്സാഹിപ്പിക്കണം. ഇതിനുവേണ്ടി നല്ല ഡിസൈനുകളും മാതൃകകളും സൗജന്യമായി ലഭ്യമാക്കണം.

കുറഞ്ഞ ചെലവിൽ ഇവ ഉണ്ടാക്കുവാനുള്ള സാങ്കേതികവിദ്യ തദ്ദേശസ്ഥാപനങ്ങൾ പ്രചരിപ്പിക്കണം. സാങ്കേതികവിദ്യയും നിർമാണോപകരണങ്ങളും ലഭ്യമാക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും സ്ഥിരമായ ഉപയോഗത്തിന് സ്റ്റീൽഗ്ലാസും പാത്രങ്ങളും വാങ്ങാവുന്നതാണ്. പ്ലാസ്റ്റിക് കപ്പുകൾ നിർബന്ധമായും ഒഴിവാക്കണം.

സർക്കാർ പരിപാടികളിൽ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് ബാനർ, പോസ്റ്റർ, പ്ലാസ്റ്റിക് കപ്പ് തുടങ്ങി എല്ലാ വിധ വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കണം. പ്ലാസ്റ്റിക്കിന്റെ കൊടിതോരണങ്ങളും പതാകകളും ഉപയോഗിക്കാതിരിക്കാൻ രാഷ്ട്രീയ പാർട്ടികളും സംഘടനകളും തൊഴിലാളി സംഘടനകളും ശ്രദ്ധിക്കണം.

എല്ലാ സർക്കാർ ഓഫീസുകളിലും പുകവലിക്കെതിരെ എന്ന പോലെ പ്ലാസ്റ്റിക് മാലിന്യത്തിനെതിരെയും ബോർഡുകൾ സ്ഥാപിക്കണം.

കൾ ഏർപ്പെടുത്തുകയും ചെയ്യണം.

അംഗീകാരം നൽകലും, കൈപ്പുസ്തകങ്ങളും ലഘുലേഖയും വിതരണം ചെയ്യലും.

ബോർഡുകൾ സ്ഥാപിക്കുകയുമാവാം.

ഓരോ വീട്ടിലും ഓരോ വ്യക്തിയും പ്ലാസ്റ്റിക്കിനെതിരെ ബോധമുള്ളവരാകുന്നതിലൂടെയേ നിരോധനം പ്രാവർത്തികമാവുകയുള്ളൂ. ഇതിന് സഹായകമാവുന്ന എല്ലാ നടപടികളും സ്വീകരിക്കണം.

റേഡിയോ, ടി.വി., കേബിൾ ഓപ്പറേറ്റർമാർ വഴി ദൃശ്യ-ശ്രവ്യ പരിപാടികളും പരസ്യങ്ങളും, ഫില്ലറുകളും എല്ലാ തിയേറ്ററുകളിലും ചെറു ഫിലിമുകളും, സ്ലൈഡുകളും നൽകുന്നത് ബോധവത്കരണത്തിന് ചെറുതല്ലാത്ത സഹായമാവും ചെയ്യുക.

വത്സൻ പിലിക്കോട്



ഫലപ്രദമായ
സംരക്ഷണ
നടപടികൾ
ഉണ്ടായില്ലെങ്കിൽ
അന്യം നിന്നു
പോകും
ഈ കലാരൂപം

# പുതുജീവൻ തേടി ചാക്യാർകൂത്ത്

കൂത്തും കൂത്തമ്പലങ്ങളും അന്യം നിന്നുപോകാതെ സംരക്ഷിക്കേണ്ടതുണ്ട്. ഒപ്പം കൂത്തിന്റെ ആസ്വാദ്യത കാലാനുസൃതമായി പരുവപ്പെടുത്തേണ്ടതുമുണ്ട്. സംസ്കൃത ശ്ലോകങ്ങളെ സന്ദർഭോചിത ഹാസ്യത്തിന്റെ പിൻബലത്തിൽ അവതരിപ്പിക്കുക വഴി ആസ്വാദകനു പ്രിയപ്പെട്ടതായി മാറിയ അനുഷ്ഠാന-ക്ലാസിക്കൽ നൃത്തരൂപമാണ് കൂത്ത്. കൂത്തെന്നാൽ നൃത്തം എന്നാണ് തമിഴിലുള്ള ലളിതമായ അർത്ഥം. ക്രീഢ എന്നർത്ഥം വരുന്ന കുർദ എന്ന സംസ്കൃതധാതുവിന്റെ തദ്ഭവ രൂപമാണു കൂത്തെന്ന് സർവ വിജ്ഞാനകോശം പറയുന്നു. ഏകാഭിനയപ്രധാനമായ കലയെന്ന നിലയ്ക്കാണിതിനു പ്രചാരം സിദ്ധിച്ചിട്ടുള്ളത്.

## ഉത്പത്തി

കൂത്തിന്റെ ഉത്ഭവം സംബന്ധിച്ച് കൃത്യമായ കാലഗണന അസാധ്യമാണ്. സംഘകാല കൃതിയായ ചിലപ്പതികാരത്തി ൽ പെരുമാക്കന്മാരുടെ കൊട്ടാരത്തിൽ പറൈയൂർ കൂത്തച്ചാക്കൈയെൻ നടത്തിയ അർദ്ധനാരീശ്വര നൃത്തത്തെപ്പറ്റിയുള്ള പരാമർശമുണ്ട്. ഇതിൽ നിന്നും ഏതാണ്ട് രണ്ടായിരം വർഷത്തെ പഴക്കമെങ്കിലും ഇതിനുണ്ടെന്നുവേണം അനുമാനിക്കാൻ. നൈമിശാരണ്യത്തിൽ സൂതൻ നടത്തിയ പുരാണകഥാ പ്രവചനമാണ് കൂത്തിന്റെ ഏറ്റവും പ്രാഥമികരൂപം. പീഠത്തിലിരുന്നു കഥ പറയുകയായിരുന്ന സൂതൻ മുനിമാരെ ധിക്കരിക്കുകയാണെന്ന തോന്നലിൽ ബലഭദ്രൻ തന്റെ കലപ്പകൊണ്ടയാളെ വകവരുത്തി. ഇതോടെ സദ്ഗതിദായകമായ കഥാപ്രവചനം മുടങ്ങി. തുടർന്ന് പ്രായശ്ചിത്തമെന്നോണം കേരളത്തിലെ പറവൂർ, കുട്ടഞ്ചേരി, അമ്മന്നൂർ, കൊയ്പ, പന്തല്ലൂർ, മേക്കാട്, കിടങ്ങൂർ, ചെറിയ പരിഷ, വലിയ പരിഷ, അമ്പലപ്പുഴ, കഴക്കൂട്ടം, പൊതിയിൽ, തോട്ടം മങ്ങാനം, ഏവൂർ, മണലിക്കര, പെരിഞ്ചല്ലൂർ, തളി എന്നീ പതിനെട്ടു ഗ്രാമങ്ങളിൽ നിന്നും ബ്രാഹ്മണർ സൂതവൃത്തിയ്ക്കായി നിയോഗിക്കപ്പെട്ടു. ഇവരെ ബ്രാഹ്മണ സമുദായത്തിൽ നിന്നും തരം താഴ്ത്തി ശ്ലാക്യഘീർ എന്നു വിളിച്ചുവന്നു. ഇവരാണ് ഇന്നത്തെ ചാക്യാന്മാരായി അറിയപ്പെടുന്നത്. മാന്യപുരുഷൻ എന്നു ദ്യോതിപ്പിക്കുന്ന ശ്ലാഘന്റെ തദ്ഭവമാണ് ചാക്യാരെന്നും, ശാക്യമഹർഷിയുടെ പിന്മുറക്കാരാണ് ചാക്യാരായിത്തീർന്നതെന്നും മറ്റുമുള്ള വാദങ്ങളും നിലനിൽക്കുന്നുണ്ട്.

നാട്യശാസ്ത്രവിധിപ്രകാരമുള്ള അഭിനയത്തോടൊപ്പം പ്രസംഗരൂപത്തിലുള്ള കഥാവതരണവും ചേരുമ്പോഴാണ് കൂത്ത് മനോഹരമാകുന്നത്. സംസ്കൃത നാടകരൂപമായ കൂടിയാട്ടത്തിലെ വിദൂഷകൻ സ്വതന്ത്രമായി കഥാഖ്യാനം നടത്തുന്നതാണ് കൂത്തിൽ കണ്ടുവരുന്നത്. നാടകാഭിനയം, കഥാപ്രസംഗം എന്നിങ്ങനെ രണ്ടു വകഭേദങ്ങളുണ്ടെങ്കിലും ഇന്നത്തെ കൂത്ത് കഥാപ്രസംഗത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. കൃത്യമായും സാമുദായികമുദ്ര പതിഞ്ഞ കലയെന്ന നിലയ്ക്ക് അമ്പലവാസി സമുദായത്തിൽപ്പെടുന്ന ചാക്യാർക്കു മാത്രമേ കൂത്തു ദൃശ്യവത്കരിക്കാൻ അനുവാദമുള്ളൂ. പ്രധാന വാദ്യോപകരണമായ മിഴാവ് നമ്പ്യാരും കുഴിത്താളം നങ്ങ്യാരും മാത്രമേ പ്രയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അഭീഷ്ടസിദ്ധിക്കായുള്ള കൂത്തുകൾ(അംഗുലിയാങ്കം, മത്തവിലാസം), അടിയന്തിരക്കൂത്ത് (പ്രബന്ധക്കൂത്ത്), കാഴ്ചക്കൂത്ത് എന്നിങ്ങനെയുള്ള വേർതിരിവുകൾ കൂത്തിലുണ്ട്. കഥാവതരണവേളയിൽ സദസ്യരും പാത്രങ്ങളായി വരുമെങ്കിലും പരിഹാസപ്രയോഗത്തിനുനേരെ ക്ഷോഭിക്കാനോ പ്രതികരിക്കാനോ അവർക്കവകാശമില്ല.

## വേഷവിധാനം

പൃഷ്ഠം കനപ്പിച്ച് പൈതകം വച്ചുടുത്ത് കടിസൂത്രം കെട്ടുന്നതാണ് കൂത്തിന്റെ പ്രധാന ആഹാര്യം. കാതിൽ ഒന്നിൽ തെച്ചിമാലയും മറ്റേതിൽ വെറ്റിലച്ചുരുളുമുണ്ടാകും. മുഖത്തും മാറിലും മുട്ടിനുമീതെ കൈയിലും അരിമാവു തേച്ച് കുറിവരച്ചിരിക്കും. നെറ്റി, മൂക്ക്, കവിൾ, കീഴ്ത്താടി, മാറിടം, കൈകൾ എന്നിവിടങ്ങളിൽ നൂറും മഞ്ഞളും ചാലിച്ച ചുവന്ന പൊട്ടുതൊടുന്നതും കൂത്തിന്റെ ചുട്ടികുത്തിൽ പ്രധാനമാണ്. കൺപോളയടക്കം മഷിയെഴുതി വാലിടുക, മീശയുടെ ഒരറ്റം മേല്പ്പോട്ടും മറ്റേത് കീഴ്പോട്ടും വരയ്ക്കുക, ശിരസ്സിൽ കുടുമ, വാസികം, പീലിപ്പട്ടം എന്നിവയും കയ്യിൽ ഹസ്തകടകം മുതലായവയുമായാൽ കൂത്തിന്റെ ഒരുങ്ങളായി.

നമ്പ്യാർ മിഴാവ് ഒച്ചപ്പെടുത്തിയതിനുശേഷം ചാക്യാർ വന്ന് കത്തിച്ചുവച്ച നിലവിളക്കിനുനേരെ തിരിഞ്ഞ് ചാരിയെന്ന നൃത്തമാരംഭിക്കും. ഒരു കാൽമാത്രമായി നീക്കുന്നതാണു ചാരി. ബ്രഹ്മ-വിഷ്ണു-മഹേശ്വര സങ്കല്പത്തിൽ ത്രേതാഗ്നി തെളിച്ച വിളക്കാവും അരങ്ങിലുണ്ടാവുക. ചാരിക്കുശേഷം വിദൂഷകസ്തോഭം, പ്രാർത്ഥന, പീഠിക എന്നിവയും കഴിഞ്ഞാണു കഥാപ്രവേശം. ഒടുക്കം ഭ്രമരികൊണ്ട് അവസാനിപ്പിക്കും. സദസ്സുകണ്ടതിനുശേഷം മാത്രമേ കഥ തീരുമാനിക്കുവെന്നത് ചാക്യാർകൂത്തിനു മാത്രം അവകാശപ്പെടാവുന്ന ഒരു പ്രത്യേകതയാണ്.

കൂത്താരംഭത്തിനു മുമ്പ് പൂണൂൽ തേക്കുക, കുടുമ വേർപെടുത്തുക, മീശ ശരിപ്പെടുത്തുക, ഗോഷ്ഠി കാണിക്കുക, അരങ്ങു തളിക്കുക എന്നീ ക്രിയകളുമുണ്ട്.

എ.ഡി. 9-ാം നൂറ്റാണ്ടിൽ കുലശേഖരപ്പെരുമാളിന്റെ കാലത്താണ് കൂത്തും കൂടിയാട്ടവും ഇന്നു കാണുന്ന നിലയിൽ പരിഷ്ക്കരിക്കപ്പെട്ടത്. ഭാവാഭിനയം, രസപുഷ്ടിയോടെയുള്ള പ്രബന്ധാവതരണം എന്നിവയായിരുന്നു നവീകരണത്തെത്തുടർന്ന് കൂത്തിൽ സാധ്യമായത്. മേല്പത്തൂരിന്റെ സുഭദ്രാധനഞ്ജയം, ദൂതവാക്യം, രാജസൂയം, കിരാതാർജ്ജുനീയം എന്നിവയ്ക്കൊപ്പം നൃഗമോക്ഷം, രുഗ്മിണീ സ്വയംവരം എന്നിവയാണ് പ്രധാന പ്രബന്ധങ്ങളായി അവതരിപ്പിക്കുന്നത്. അഭിനയത്തിന്റെ സവിശേഷതകൊണ്ട് കഥകളിക്ക് ഉറച്ച പിന്തുണയേകിയ കലാരൂപമാണ് ചാക്യാർകൂത്തെന്ന് കഥകളി വിജ്ഞാനകോശത്തിൽ (പുറം-66) അയ്മനം കൃഷ്ണക്കൈമൾ പ്രസ്താവിച്ചിട്ടുണ്ട്.

## സാമൂഹികവിമർശനത്തിന്റെ ഹേതു

കുഞ്ചൻനമ്പ്യാരുടെ തുള്ളൽ സാമൂഹികവിമർശനം ഏറ്റെടുത്തു നടത്തുന്നതിനുമെത്രയോ മുമ്പു തന്നെ പ്രശ്നങ്ങളെ ഇഴകീറി വെളിച്ചത്തു കാട്ടാൻ കഴിവുള്ള ഒരു കലാമാധ്യമമെന്ന നിലയ്ക്ക് കൂത്ത് ജനശ്രദ്ധ നേടിയിരുന്നു. ഉപരിവർഗത്തിന്റെ കൊള്ളരുതായ്മകൾ മൂലം വന്നുപെടുന്ന സാമൂഹികനെറികേടുകളെ മറനീക്കിക്കാണിക്കാൻ കൃത്യമായും കൂത്തിനെ ഉപയോഗപ്പെടുത്തിയ ചാക്യാന്മാരുണ്ട്. രാജകൊട്ടാരത്തിലെ ഭക്ഷണം നിലവാരം കുറഞ്ഞതാണെന്നു രാജാവിനെ ധരിപ്പിക്കാൻ, വയറിളകിയ പശുവിനോട് നിനക്കും പക്കത്താണോ ഊണ്? എന്ന മട്ടിലുള്ള ചോദ്യങ്ങളുയർത്തിയ ചാക്യാന്മാരുമുണ്ടായിരുന്നതായി കൂത്തിനെ സംബന്ധിക്കുന്ന

വാമൊഴിസാക്ഷ്യങ്ങൾ വ്യക്തമാക്കുന്നു. ഇന്ന് കൂത്ത് നടക്കുന്ന സന്ദർഭങ്ങളിലെ കാലികമായ സംഭവങ്ങളെയും പ്രബന്ധത്തിൽ ചേർത്ത് കലയെ കാലത്തോടടുപ്പിച്ചുവയ്ക്കുകയെന്ന ചരിത്രദൗത്യം വളരെ നല്ലനിലയിൽത്തന്നെ നിർവ്വഹിച്ചു പോരുന്നുണ്ട്. ഭരണാധിപന്മാരുടെ ഉത്തരവാദരാഹിത്യം, അഴിമതി, സ്വജനപക്ഷപാതം തുടങ്ങിയ സദാചാര രാഹിത്യങ്ങളത്രയും ചാക്യാരുടെ പരിഹാസത്തിനു വിധേയമാകാറുണ്ട്.

### ഇതരകലകളുടെ സ്വാധീനം

കേരളത്തിൽ നിലവിലുണ്ടായിരുന്ന സംസ്കൃതപാരമ്പര്യത്തിന്റെ പ്രകടമായ നിദർശനമാണ് കൂത്ത്. ജാതീയമായ മുദ്രണമുണ്ടെങ്കിൽത്തന്നെയും, കലാമണ്ഡലത്തിൽ ജനാധിപത്യരീതിയിലാണു കൂത്ത് പരിശീലനം നൽകിവരുന്നത്. അനുഷ്ഠാന ജീവിതത്തിന്റെ ഉപോത്പന്നങ്ങളായി പിറവികൊണ്ടിട്ടുള്ള ഒട്ടേറെ നാടോടി കലാരൂപങ്ങൾ നേരിട്ടും അല്ലാതെയും കൂത്തിനെ സ്വാധീനിച്ചിട്ടുള്ളതായി സൂക്ഷ്മ നിരീക്ഷണത്തിൽ വ്യക്തമാകും.



ക്ഷേത്രവരുമാനത്തിന്റെ പകുതിയിലധികം പത്ത് ക്ഷേത്രോപാസകർക്കു വേണ്ടി ചെലവിടണമെന്ന മൺറോ പ്രഭുവിന്റെ പ്രഖ്യാപനം ഫലവത്തായാൽ കൂത്തിന്റെ ഇന്നത്തെ നിലയ്ക്ക് മാറ്റമുണ്ടാകും.

ചാക്യാർ, വയറിൽ അരിമാവുതേച്ചു പിടിപ്പിക്കുന്ന മെയ്യെഴുത്ത് തെയ്യാട്ടത്തിൽ നിന്നുമാണ് കടം കൊണ്ടിട്ടുള്ളത്. അഗ്നിയിൽ അനുഷ്ഠാന നൃത്തം നടത്തേണ്ടിവരുമ്പോൾ ദേഹത്തെ കൊടുംചൂടിൽ നിന്നും സംരക്ഷിക്കുന്നതിനായി അരിമാവ് ചിത്രപ്പണികളോടെ ശരീരത്തിൽ തേച്ചുപിടിപ്പിക്കുകയെന്നത് തെയ്യം കലയിൽ നേരത്തെതന്നെ പിന്തുടർന്നുപോരുന്ന ഒരു കാര്യമാണ്. അരയിലെ ആസനത്തിന്റെ പ്രാഥമിക രൂപം ഭദ്രകാളിയത്തീയ്യാട്ടിൽ കാണുന്നു. ഇതോടൊപ്പം സംഘക്കളി, തിറ, പൊറാട്ട് തുടങ്ങിയ കലകളുടെയും പ്രകടമായ സ്വാധീനം ചാക്യാർകൂത്തിലുണ്ട്.

### പ്രശ്നമണ്ഡലങ്ങൾ

അഷ്ടബന്ധപ്രതിഷ്ഠ ചെയ്ത് കലശം കഴിച്ച ക്ഷേത്രങ്ങളിൽ മാത്രമേ കൂത്താടാവൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കലയിലെ ജനാധിപത്യമെന്ന വാദം കലശലായതോടെ ക്ഷേത്രമതിലകം വിട്ട് പൊതുവേദികളിലും കൂത്ത് കുടിയേറി. അഭിനയവും, സംഭാഷണവും ഇഴപിരിക്കാനാവാത്ത വിധം ചേർന്നുനിൽക്കേണ്ടുന്ന കൂത്തിൽ, ഇന്നു സംഭാഷണം മാത്രമായ നിലയുണ്ട്. പുരാണ കഥകളിലെ അപാരവും അഗാധവുമായ പാണ്ഡിത്യം കൂത്തുപറച്ചിലിനത്യാവശ്യമാണ്. കലയിൽത്തുടരുന്ന നവീന രീതികൾക്കും അന്യം നിന്നുപോയ വായനാസംസ്കാരത്തിനുമൊപ്പം പുതിയ നിലയ്ക്കുള്ള ദൃശ്യകലാസംസ്കാരം പരുവപ്പെട്ടു വരികയും ചെയ്തതോടെ ഈ രംഗത്ത് പ്രശ്നങ്ങൾ കലശലായി. ക്ഷേത്രപാരമ്പര്യത്തിന്റെ തണലിൽ വികാസം പ്രാപിച്ച ഇതര ക്ലാസ്സിക്കൽ കലകൾക്കൊന്നുമില്ലാത്ത ഒരു പ്രത്യേകത ചാക്യാർകൂത്ത് ഒരു കുലവൃത്തിയാണെന്നതാണ്. എന്നാൽ ഇന്ന് കേരളത്തിൽ ആകെയുള്ള ചാക്യാന്മാരുടെ അംഗസംഖ്യ കേവലം 376 മാത്രമാണ്. ഇതിൽത്തന്നെ കൂത്തുരംഗത്ത് നിലനിൽക്കുന്ന ഇരുപതിനടുത്ത കലാകാരന്മാരേയുള്ളൂ. കലാവതരണത്തിൽ സ്വാശ്രയത്വം ലാക്കാക്കി ചില ചാക്യാന്മാർ നങ്ങ്യാരെ വിവാഹം ചെയ്യുന്നതാണു ചാക്യാർകുലത്തിന്റെ വംശപ്പെരു

മയ്ക്ക് ഭീഷണിയാവുന്നത്. വളരെ ക്ലേശിച്ച് കണ്ണു സാധകം, മെയ്സാധകം, ചുവടുസാധകം, മുദ്രാസാധകം തുടങ്ങി അതികഠിനമായ പരിശീലനമുറയാണിതിനുള്ളത്. ഇത്രയും വൈതരണികൾ പിന്നിട്ട് കൂത്തിനെ ഉപാസിച്ചാലും ഒഴിഞ്ഞ കീശയേ മിച്ചമായിക്കിട്ടൂവെന്ന തോന്നലിലാണ് പലരുമിതിനെ കൈയൊഴിഞ്ഞത്. ആസ്വാദകരുടെ എണ്ണത്തിലും ഭീമമായ കുറവു വന്നിട്ടുണ്ട്. മാണിവാസുദേവ ചാക്യാരെപ്പോലുള്ളവർ നടത്തിയതുപോലുള്ള പരീക്ഷണങ്ങൾ വേണ്ട രീതിയിൽ ഇന്നു നടക്കുന്നില്ല. വിശ്വസാഹിത്യകൃതികളും മറ്റും കഥയാക്കിക്കൊണ്ടുവന്ന് കൂത്തിൽ ഒരു നൂതനദൃശ്യസാധ്യതയ്ക്ക് വഴിതുറക്കുന്നതിനദ്ദേഹത്തിനു സാധിച്ചു.

ചാക്യാർകൂത്തിന്റെ ഭാഗമായി അവതരിപ്പിച്ചു വന്നിരുന്ന പാഠകം ഒരു സ്വതന്ത്രകലയാവാനായുന്നതാണ് കൂത്തിന്റെ മറ്റൊരു ദുര്യോഗം. പുരുഷൻമാർക്കിടയിലേക്ക് കൂത്താട്ടം കാണാൻ അവസരം ലഭിക്കാതെ പോകുന്ന രാജകൊട്ടാരത്തിലെ സ്ത്രീകൾക്കായി മിഴാവുകൊട്ടുന്ന നമ്പ്യാർ കഥ ചുരുക്കിപ്പറഞ്ഞുകൊടുക്കും. ഇതാണ് പാഠകമെന്നറിയപ്പെടുന്നത്. ഇവിടെ വിമർശനം, കളിയാക്കൽ എന്നിവ പാടില്ല. പ്രത്യേകിച്ചൊരു വേഷവുമിതിനു നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ കലയുടെ സ്വതന്ത്രപദവിയെന്ന പഴുതുപയോഗിച്ച് പാഠകം കൂത്തിനെ മറികടക്കുന്നതാണ് കുഴപ്പം സൃഷ്ടിക്കുന്നത്. എണ്ണം പറഞ്ഞ കലാകാരൻമാർ ഏറെയുണ്ടായിട്ടും കൂത്തുകലയിൽ ആചാര്യസ്ഥാനത്തേക്ക് ആരുമുയർന്നു വരാത്തതും അവതരണരീതികൾ ക്രോഡീകരിക്കപ്പെടാത്തതും പ്രശ്നങ്ങൾ തന്നെ. അടിയന്തിരക്കൂത്താണ് ചാക്യാരുടെ മുഖ്യകളരി. തെറ്റുകൾ കണ്ടും കേട്ടും അനുഭവത്തിന്റെ വെളിച്ചത്തിൽ തിരുത്തിയെടുക്കുന്നതിന് ഇതത്യന്താപേക്ഷിതമാണ്. കൂത്തമ്പലങ്ങളുടെ ചുമതലയുള്ള വിവിധ ദേവസ്വം ബോർഡുകളാണ് ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടത്. അക്കാദമിക സ്ഥാപനങ്ങളിൽ നിന്നും ചെറിയനിലയ്ക്കു പോലും പ്രോത്സാഹനമുണ്ടാകുന്നില്ല. മറ്റു കലാരൂപങ്ങളെയപേക്ഷിച്ച് അടിത്തറയിൽ സംസ്കൃതഭാഷയ്ക്കുള്ള പ്രകടമായ സ്വാധീനം കൂത്തിന്റെ ജനകീയതയ്ക്കു തടസ്സമാവുന്ന മറ്റൊരു ഘടകമാണ്.

## പരിഹാരങ്ങൾ

കൂത്തിനെ സംബന്ധിച്ചുള്ള സങ്കൽപ്പം ശാസ്ത്രീയമാക്കുകയാണ് അതിനെ അനന്യശോഭയോടെ തിരിച്ചെടുക്കുന്നതിൽ പ്രധാനം. സമ്പന്ന സംസ്കൃതിയുടെ തിരുശേഷിപ്പുകളായി നിലനിൽക്കുന്ന കൂത്തമ്പലങ്ങളുടെ പവിത്രത കാത്തുസൂക്ഷിച്ചുകൊണ്ട് സംരക്ഷിക്കണം. ഗുരുക്കന്മാർക്കൊപ്പം പഠിതാക്കളായെത്തുന്നവർക്കും സാമ്പത്തിക ഉപാധികൾ ഏർപ്പെടുത്തിയാലേ പരിശീലനത്തിന് ആളെക്കിട്ടൂ. കൂത്തു പഠനത്തിൽ ഇന്നു ഗുരുകുല സമ്പ്രദായം തീരെയില്ലാത്തതുനിമിത്തം ശൈലികളോ അവയുടെ പകർത്തലോ നടക്കുന്നില്ല. ചാക്യാർ ഭവനങ്ങളിലുള്ള ഗ്രന്ഥങ്ങളിലെ സൈദ്ധാന്തികാംശങ്ങൾ ക്രോഡീകരിച്ച് ഒരു പ്രമാണഗ്രന്ഥം തയ്യാറാക്കുന്നതിനെക്കുറിച്ച് ഇനിയെങ്കിലുമാലോചിക്കണം. കലാകാരൻമാർക്കൊപ്പം കലാനിരൂപകർ, ആസ്വാദകർ എന്നിവരുമായുള്ള സമ്പർക്കത്തിലൂടെ ഇതു സാധ്യമാക്കാവുന്നതേയുള്ളൂ. ചാക്യാന്മാരുടെ പക്ഷത്തു നിന്നു നോക്കുമ്പോൾ അടിയന്തിരം ഉപജീവനോപാധിയാകലാണു



പ്രധാന വാദ്യോപകരണമായ മിഴാവ്: ഇത് നമ്പ്യാരും കുഴിത്താളം നങ്ങ്യാരും മാത്രമേ പ്രയോഗിക്കാവൂ എന്നാണ് വ്യവസ്ഥ

പ്രധാനം. കൂടൽമാണിക്യമടക്കമുള്ള ക്ഷേത്രങ്ങളിൽ നിലച്ചുപോയ കൂത്ത് തിരിച്ചെടുക്കാൻ ശ്രമം നടക്കുന്നുണ്ട്. ഇത് മറ്റുള്ളവരും മാതൃകയാക്കാൻ ശ്രമിക്കണം. ക്ഷേത്രവരുമാനത്തിന്റെ പകുതിയിലധികം പത്ത് ക്ഷേത്രോപാസകർക്കു മാത്രമായി ചെലവിടണമെന്ന മൺറോ പ്രഭുവിന്റെ പ്രഖ്യാപനം ഫലവത്തായാൽ മാത്രം ഇന്നത്തെ നിലയ്ക്കുമാറ്റമുണ്ടാകും. പാരമ്പര്യ കൂത്തമ്പലങ്ങൾ സംരക്ഷിക്കുകയും ഇവയെ കൂത്തുകലയുടെ സ്ഥിരം വേദികളാക്കി മാറ്റിത്തീർക്കുകയും ചെയ്യുന്നതും സജീവമായിത്തന്നെ പരിഗണിക്കണം. ഒപ്പം സോദാഹരണാവതരണങ്ങളിലൂടെയും മറ്റും കൂത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കാൻ കലാകാരൻമാർ വലുപ്പച്ചെറുപ്പം മറന്ന് കൈകോർക്കുകയും വേണം. ഇന്നുള്ള കലാകാരൻമാരുടെ ഒരു കൂട്ടായ്മയുണ്ടാക്കുകയും കൂത്തുകലയ്ക്ക് നിർഭയം നിന്നു പുലരാനുള്ള ഭൗതിക തലം ഒരുക്കിയെടുക്കുകയും ചെയ്താൽ മാത്രമേ പ്രശ്നങ്ങൾക്കു പരിഹാരമാകൂ. എന്നാൽ പൂച്ചയ്ക്കാരുമണികെട്ടുമെന്ന കലാസ്വാദകന്റെ ചോദ്യത്തിനുമാത്രം ഉത്തരം നൽകാൻ നമുക്കാവുന്നില്ല (ആവുകയുമില്ല!). ■

എൽ.ആർ. മധുജൻ

# പാൻ മസാല
## നിശബ്ദനായ കൊലയാളി

പുകയിലയുടെ പുതിയ അവതാരമായ പാൻമസാല വർധിച്ച വേഗത്തിൽ നമ്മുടെ ചെറുപ്പക്കാരെ കീഴടക്കുകയാണ്. പാൻ കിങ്, പാൻപരാഗ്, ശംഭു, ചൈനി ഖൈനി......ഇങ്ങനെ ഇരുപത്തിരണ്ടോളം തരം പാൻമസാലകൾ ഇന്ത്യയിൽ നാനാഭാഗത്തു നിന്നും പുറത്തിറങ്ങുന്നുണ്ട്.



യുവാക്കളിൽ പുകവലി ശീലം കുറഞ്ഞുവരുന്നു എന്നു കാണുന്നതിൽ ആശ്വാസം കൊള്ളാൻ വരട്ടെ. പുകയിലയുടെ പുതിയ അവതാരമായ പാൻമസാല വർധിച്ച വേഗത്തിൽ നമ്മുടെ ചെറുപ്പക്കാരെ കീഴടക്കുകയാണ്. അതുയർത്തുന്ന ദുരന്തങ്ങളെ മനസ്സിലാക്കി കഴിഞ്ഞപ്പോൾ 'പഴയ പുകവലി തന്നെയായിരുന്നു ഭേദം' എന്നു വിഷമത്തോടെ പറഞ്ഞുപോയ എന്റെ ഒരു ഗുരുനാഥന്റെ മുഖം ഞാനോർക്കുന്നു. പക്ഷേ പലരും ഈ ദുരന്തത്തിന്റെ വ്യാപ്തി വേണ്ടത്ര ഉൾക്കൊണ്ടിട്ടുണ്ടോ എന്നു സംശയമുണ്ട്. കാരണം ആവശ്യമായ ഒരു സാമൂഹിക ശ്രദ്ധ ഇതിനു കിട്ടിക്കാണുന്നില്ല എന്നതു തന്നെ.

### പാൻമസാല

മനോഹരമായ പേരുകളിൽ സുന്ദരമായ വെള്ളിക്കവറുകളിൽ പാൻഷോപ്പുകൾ മുതൽ ഗിഫ്റ്റു സെന്ററുകൾ വരെ എന്തിന് മെഡിക്കൽ സ്റ്റോറുകളിൽ വരെ ഇന്ന് പാൻമസാലകൾ ലഭ്യമാണ്. പാൻ കിങ്, പാൻപരാഗ്, ശംഭു,ചൈനി ഖൈനി......ഇങ്ങനെ ഇരുപത്തിരണ്ടോളം തരം പാൻമസാലകൾ ഇന്ത്യയിൽ നാനാഭാഗത്തു നിന്നും പുറത്തിറങ്ങുന്നുണ്ട്.

### പാൻ മസാലയിൽ അടങ്ങിയിരിക്കുന്നത്

പുകയില, പെരുജീരകം, ചുണ്ണാമ്പ്, അക്കേഷിയ,കാറ്റിച്ചു എന്ന കൊന്ന മരത്തിൽ നിന്നെടുക്കുന്ന ഒരു തരം പശ എന്നിവ കൂടാതെ ചില സുഗന്ധദ്രവ്യങ്ങൾ,

> മനോഹരമായ പേരുകളിൽ സുന്ദരമായ വെള്ളിക്കവറുകളിൽ പാൻഷോപ്പുകൾ മുതൽ ഗിഫ്റ്റു സെന്ററുകൾ വരെ, എന്തിന് മെഡിക്കൽ സ്റ്റോറുകളിൽ വരെ ഇന്ന് പാൻ മസാലകൾ ലഭ്യമാണ്.

നിക്കൽ, കാഡ്മിയം എന്നീ ലോഹവിഷങ്ങൾ, കീടനാശിനി അവശിഷ്ടങ്ങൾ, ഗ്ലാസ്സ് പൗഡർ എന്നിവയാണ് പാൻമസാലകളിൽ അടങ്ങിയിരിക്കുന്നത്. ഇത്രയും മാരകവിഷപദാർത്ഥമായ പാൻമസാലകൾ കേരളത്തിലെ 21% വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഉപയോഗിക്കുന്നു എന്നാണ് RCC യുടെ പഠനങ്ങൾ തെളിയിക്കുന്നത്.

### തുടക്കം ഒടുക്കം

പലപ്പോഴും ഒരു രസത്തിനോ കൗതുകത്തിനോ കൂട്ടുകാരനൊപ്പം കമ്പനി കൂടുന്നതിനോ ഒക്കെയായാണ് ഈ ശീലം തുടങ്ങുന്നത്. ഒടുവിൽ വിചാരിച്ചാലും നിറുത്താനാകാത്ത അവസ്ഥയിലേക്കു പോകുന്നു. ഒരു രസത്തിന് വെറുതെ തുടങ്ങുന്നത് പിന്നെ ശീലമായി അത് ദുശ്ശീലമായി ആസക്തിയായി നിറുത്താനാകാതെ ചുറ്റിപ്പിടിക്കുന്ന പാൻമസാലയുടെ കരങ്ങൾ നമുക്ക് ഛേദിക്കാനാകുമോ ?ചില അനുഭവ സാക്ഷ്യങ്ങൾ നോക്കൂ. ‘‘ഓട്ടോ ഓടിച്ചിരുന്ന അയൽവാസിയായ സതീശൻ ചേട്ടനാണ് ആദ്യം എനിക്ക് പാൻപരാഗ് തന്നത്. ഞാൻ ഒരു രസത്തിന് ചോദിച്ചു വാങ്ങിതാണ്. പക്ഷെ അത് തരുമ്പോഴെ അയാൾ പറഞ്ഞിരുന്നു അനിയാ ഇതു നല്ലതിനല്ലെന്ന്. ഞാൻ കേട്ടില്ല. സ്ഥിരമായി ആ ചേട്ടന്റെയടുത്ത് നിന്ന് ഞാൻ പാൻപരാഗ് വാങ്ങി. പ്ലസ് ടു ആയപ്പോഴേക്കും എനിയ്ക്കത് ഉപയോഗിക്കാതിരിക്കാൻ കഴിയാതായി. കിട്ടാതെ വന്നാൽ ഒരു തരം വിറയൽ, ശ്വാസം മുട്ടൽ. അച്ഛ

# പുകയില, പുകവലി, നിക്കോട്ടിൻ

അറുപതിലധികം സ്പീഷിസുകളുള്ള സൊളാനേസി കുലത്തിൽപ്പെട്ട കുറ്റിച്ചെടിയാണ് പുകയില. സാധാരണയായി ഉപയോഗിക്കുന്ന പുകയിലയുടെ ശാസ്ത്രനാമം നിക്കോട്ടിയാന ടബാക്കം എന്നാണ്. ലിസ്ബണിലെ ഫ്രഞ്ച് അംബാസിഡറായിരുന്ന ജീൻ നിക്കോട്ടിന്റെ ബഹുമാനാർത്ഥമാണ് നിക്കോട്ടിയാന എന്ന ജീനസ് നാമം പുകയിലയ്ക്കു ലഭിച്ചത്. മുറിക്കാനും പുകവലിക്കാനും പൊടിയായി മൂക്കിൽ വലിക്കാനും ഉപയോഗിക്കുന്ന പുകയിലയിലെ പ്രധാന സത്ത് നിക്കോട്ടിൻ എന്ന വിഷദ്രവ്യമാണ്. ഇന്ത്യൻ പുകയിലയിൽ ലൊബീലിൻ എന്ന ഘടകം കൂടി അടങ്ങിയിരിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

### നിക്കോട്ടിൻ എന്ന മാരക വിഷം

നിക്കോട്ടിൻ ഒരു ഓർഗാനിക് സംയുക്തമാണ്. പുകയിലയിൽ അടങ്ങിയിരിക്കുന്ന മുഖ്യമായ ഈ ആൽക്കലോയിഡിന്റെ ഫോർമുല $C_{10}H_{14}N_2$ എന്നതാണ്. പുകയിലയിൽ നിക്കോട്ടിൻ സ്വതന്ത്ര്യവസ്ഥയിലല്ല കാണപ്പെടുന്നത്. മാലിക്, സിട്രിക് ആസിഡുകളുടെ ലവണങ്ങളായിട്ടാണ് നിക്കോട്ടിൻ പുകയിലയിൽ സ്ഥിതി ചെയ്യുന്നത്. പുകയിലയിൽ നിന്നും നിക്കോട്ടിൻ സ്വതന്ത്ര്യമായി വേർതിരിച്ചെടുത്താൽ അത് ഒരു നല്ല കീടനാശിനിയായി ഉപയോഗിക്കാം.246° –247° തിളനിലയുള്ള നിക്കോട്ടിൻ മാരകമായ ഒരു വിഷവസ്തുവാണ്. ഏതു തരത്തിൽ പുകയില ഉപയോഗിച്ചാലും നിക്കോട്ടിൻ ശരീരത്തിൽ കയറിപ്പറ്റുക തന്നെ ചെയ്യും.

### പുകവലി

ആദ്യകാലത്ത് കാടരും പിന്നീട് യാചകരുമാണ് പുകവലിച്ചിരുന്നത്. കാലങ്ങൾക്കു ശേഷം പുകവലി സമൂഹത്തിലെ മുഖ്യധാരയിലേയ്ക്ക് വന്നുവെങ്കിലും പുകവലിയ്ക്കാനുള്ള തോന്നൽ ഇന്നും കാടത്തം തന്നെയാണ് എന്നതാണ് യാഥാർത്ഥ്യം. 2000 വർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ നിലനിന്നിരുന്ന മായൻ സംസ്കാരത്തിന്റെ ഉപോത്പന്നമാണ് പുകവലി എന്നു പറയാം. 1492 ലെ കപ്പൽ യാത്രയിൽ ടുബാഗോ ദ്വീപിൽ നിന്നാണ് ക്രിസ്റ്റഫർ കൊളംബസ് പുകയില ശേഖരിച്ച് യൂറോപ്പിലെത്തിച്ചതെന്ന് ചരിത്രം പറയുന്നു. 1588 ഓടെ ഇംഗ്ലണ്ടിൽ പുകയില കൃഷി വ്യാപകമായി.

ഇന്ത്യയിൽ ആദ്യം പുകയില ഉപയോഗിച്ചിരുന്നത് ആഭിചാര കർമങ്ങൾക്കു വേണ്ടിയാണ്. ആയൂർവേദ ആചാര്യനായ നരഹരി പുകയിലയെ ഔഷധമായി കണക്കാക്കുന്നെങ്കിലും സുപ്രധാന ഗ്രന്ഥങ്ങളായ ചരക സംഹിത, അഷ്ടാംഗ ഹൃദയം, ശ്രുശ്രുത സംഹിത, സഹസ്ര യോഗം എന്നിവയിലൊന്നും തന്നെ പുകയില പരാമർശിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. പോർട്ടുഗീസുകാരുടെ കടന്നുകയറ്റം ഇന്ത്യയിൽ പുകയില കൃഷി വ്യാപകമാക്കി എന്നു വേണം കരുതാൻ. 1930 നൂറ്റാണ്ടോടെ ബീഡിയ്ക്ക് വൻപ്രചാരം സിദ്ധിച്ചു. അമേരിക്കയിൽ സിഗരറ്റിന്റെ വ്യാവസായിക പ്രചരണത്തോടെ പുകയില എന്ന ചെകുത്താൻ വൻശക്തി ആർജ്ജിച്ചു. വ്യവസായവത്കരണം ആരംഭിച്ചകാലം മുതൽക്കുതന്നെ പുകവലിയ്ക്കെതിരായി വൻ മുന്നേറ്റങ്ങൾ ഉണ്ടായി. പുകവലിയ്ക്കെതിരായി പോപ്പ് ബുള്ളറ്റുകൾ ഇറക്കുകയുണ്ടായി. ഇന്ന് പുകയിലയുടെ ഉപയോഗത്തിനെതിരെ വലിയ പ്രതിഷേധങ്ങളുണ്ടെങ്കിലും പുതിയ പുതിയ രൂപങ്ങളിൽ ആ ചെകുത്താൻ നമുക്കിടയിൽ വിലസിക്കൊണ്ടിരിക്കുന്നു എന്നത് നമ്മുടെ കഴിവുകേടായി തന്നെയാണ് കരുതേണ്ടത്. അർബുദവും ഹൃദ്രോഗവും നമുക്കിടയിൽ വിതറിക്കൊണ്ട് അവൻ ഉണർന്നു നിൽക്കുന്നത് കാണുന്നില്ലേ ? അറിയുക, ഈ ചെകുത്താൻ നമ്മുടെ ശത്രുവാണ്, മിത്രഭാവം പൂണ്ട ശത്രു.

നെന്നെ മെഡിക്കൽ കോളേജിലൊക്കെ കൊണ്ടുപോയി, ഇത് കിട്ടാത്തതു കൊണ്ടാണെന്ന് പറയാൻ പേടി. മാനസികമാണെന്ന് പറഞ്ഞ് മരുന്ന് തന്നു'' അരുൺനാഥ്എന്ന വിദ്യാർത്ഥിയുടെ വാക്കുകളാണിത്.

ആർ.സി.സി യിൽ സബ് മ്യൂക്കസ് ഫൈബ്രോസിസിന് ചികിത്സയിൽ കഴിയുന്ന ഷാജി മാർട്ടിൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. കഴിഞ്ഞ ആറു വർഷമായി പാൻ പരാഗും ശംഭുവും ഉപയോഗിക്കുന്നു. ഷാജി പറയുന്നു ''ആറു മാസം മുമ്പ് വായ തുറക്കാൻ ഒരു ബുദ്ധിമുട്ട് ഉണ്ടായി. ആ ദിവസങ്ങളിലൊക്കെ രുചി അറിയാനും കഴിയാതിരുന്നു. മസിൽ കോച്ചുന്നതായിരിക്കും എന്നും കരുതി. കവിളിന്റെ കട്ടി കൂടിക്കൂടി വരുന്നതായി തോന്നിയതു കൊണ്ട് അടുത്തുള്ള ആശുപത്രിയിൽ പോയി. അവിടെ നിന്ന് RCC യിൽ പോകാൻ പറഞ്ഞു. ഓറൽ സബ് മ്യൂക്കസ്ഫൈബ്രോസിസ് ആണെന്നും പാൻ പരാഗ് ഉപയോഗിച്ചതു നിമിത്തം ഉണ്ടായതാണെന്നും അവിടെ നിന്നും അറിയാൻ കഴിഞ്ഞു. എനിയ്ക്ക് 47 വയസ്സായി. കൗൺസിലിങ്ങും മറ്റുമാണ് ഏക ആശ്വാസം''.

''കവിളിൽ ഒരു തുള വീണു.പല്ലു തേച്ചുകൊണ്ടിരുന്നപ്പോൾ കവിൾ അടർന്നു പോകുകയായിരുന്നു. ആശുപത്രിയിൽ ചെന്നപ്പോൾ കുമാർ ഡോക്ടറാണ് പറഞ്ഞത്, പാൻപരാഗ് വച്ചതുകൊണ്ടുണ്ടായ എസ്.എം.എഫ് ആണെന്ന്. ഇനി ദു:ഖിച്ചിട്ട് കാര്യമില്ലല്ലോ. ആർ.സി.സി. യിലെ ചികിത്സയിലാണ് ഞാൻ. എന്റെ കൂട്ടുകാരോടൊക്കെ എനിയ്ക്ക് ഒന്നേ പറയാനുള്ളു. ഒരു രസത്തിന് ആരംഭിക്കുന്ന ഈ പാൻപരാഗ് ഉപയോഗത്തിന്റെ രക്തസാക്ഷിയാണ് ഞാൻ. എന്നെ പോലെ നിങ്ങളും ആകരുത്''. എറണാകുളത്തെ ബിനു.എം. എന്ന ചെറുപ്പക്കാരനാണിതു പറയുന്നത്.

ഇങ്ങനെ ജീവിക്കുന്ന രക്തസാക്ഷികളായി എത്രയോ പേർ. എന്നിട്ടും പാൻമസാലകളുടെ ഉപയോഗം നാൾതോറും വർദ്ധിച്ചു വരുന്നു. ''രാവിലെ ടോയ്ലറ്റിൽ പോകണമെങ്കിൽ ഒരു കവറെങ്കിലും ഉപയോഗിക്കണം. പിന്നെ ഓട്ടത്തിനിടയിലാണ് കൂടുതലും ഉപയോഗിക്കുന്നത്.





പാൻ മസാലയുടെ ഉപയോഗം മൂലം വായിൽ ഉണ്ടാകുന്ന കാൻസർ

ക്യാൻസറൊക്കെ വരുമെന്ന് കേട്ടിട്ടുണ്ട്. ഞാൻ മാത്രമല്ല സ്റ്റാന്റിൽ എല്ലാവരും ഉപയോഗിക്കുന്നുണ്ട്. ഈ ഫീൽഡാവുമ്പം ഇതൊന്നും ഇല്ലാതെ പറ്റില്ല''. പറയുന്നത് ഓട്ടോ ഡ്രൈവറായ ജയപ്രകാശ്.

ഓട്ടോ ഡ്രൈവർമാർ മാത്രമല്ല, മേസൻമാരും കേബിൾ വർക്കർമാരും എന്തിന് പട്ടാളക്കാർ പോലും ഫീൽഡിനെ കുറ്റം പറയുന്നു. രാത്രി നാഷണൽ ഹൈവേയിലൂടെ ലോറി ഓടിച്ചു വരുമ്പോൾ എന്തെങ്കിലും ലഹരിയില്ലാതെ പറ്റില്ലെന്നു പറയുന്ന ഡ്രൈവർമാർ. വേണമെങ്കിൽ മദ്യപിക്കാതിരിക്കാം. കുറച്ച് പാക്കെങ്കിലും ചവച്ചില്ലെങ്കിൽ പിന്നെന്തു സുഖം എന്നു ചോദിക്കുന്ന കൂലിപ്പണിക്കാർ.

ജോലിക്കിടയിലെ വിരസത മാറ്റുന്നതിന് നൈമിഷിക സുഖം തേടുന്ന ഇവരറിയുന്നില്ല സ്വന്തം കൊലയാളിയെയാണ് കൂടെ കൊണ്ടു നടക്കുന്നതെന്ന്.

## അവസാനിപ്പിച്ചേ തീരൂ

പാൻമസാലകളുടെ ഉപയോഗത്തിനും വിപണനത്തിനുമെതിരെ വലിയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. എന്തു വിലകൊടുത്തും ഈ കൊടിയ ഭീകരനെ പരാജയപ്പെടുത്തിയേ തീരൂ. പല ഘട്ടങ്ങളിലായി പ്രവർത്തനം നടത്തിയതിലൂടെ പാൻമസാലകളുടെ വിപണനം അവസാനിപ്പിക്കാനായ അനേകം പഞ്ചായത്തുകൾ മാതൃകയായുണ്ട്.പാൻമസാല വിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കച്ചവടക്കാരെ ബോധവത്കരിക്കുക, പാൻ മസാലാ വിരുദ്ധ പോസ്റ്റർ പ്രദർശനങ്ങൾ സംഘടിപ്പിക്കുക, സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക, പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിയമ നടപടികൾ കൈക്കൊള്ളുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഗ്രാമതലങ്ങളിൽ സംഘടിപ്പിക്കാം.

## മലിനീകരണത്തിന്റെ പ്രധാന പങ്ക്

പാൻ മസാലകൾ ഉപയോഗിച്ചതിനു ശേഷം വലിച്ചെറിയുന്ന വെള്ളിക്കവറുകൾ പരിസരത്തിനു ഭീഷണിയാണ്. തെരുവുകളിലും സ്കൂൾ കോളേജ് കാമ്പസുകളിലും റോഡരികുകളിലും പാൻ മസാലക്കവറുകൾ കുന്നുക്കൂടിക്കിടക്കുന്നു. നമ്മുടെ പരിസരം ശുചിത്വത്തോടെ സംരക്ഷിക്കാൻ തയ്യാറാകുമ്പോൾ പ്ലാസ്റ്റിക്കിനോടൊപ്പം പാൻമസാലകളേയും പമ്പകടത്തേണ്ടതാണ്.

വൈദ്യശാസ്ത്രം പറയുന്നത് പാൻമസാലകളുടെ ഉപയോഗം നിമിത്തമുണ്ടാകുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഓറൽ സബ്മ്യൂക്കസ് ഫൈബ്രോസിസ്. രസങ്ങൾ നാവിൽ തട്ടുമ്പോൾ എരിച്ചിൽ ഉണ്ടാവുക, കവിളിന്റെ കട്ടി കൂടുക, വായ തുറക്കാനും നാവ് ചലിപ്പിക്കാനും ബുദ്ധിമുട്ടുണ്ടാവുക എന്നിവയാണ് എസ്.എം.എഫിന്റെ ലക്ഷണങ്ങൾ. കാൻസർ ആയിമാറിക്കഴിഞ്ഞാൽ ഒരു ചികിത്സകൊണ്ടും പ്രയോജനമില്ലാതാകുന്നു.

പാൻമസാലകളുടെ നിരന്തരമായ ഉപയോഗത്തിലൂടെ ഉണ്ടാകുന്ന മറ്റൊരു പ്രശ്നമാണ് ലൂക്കോപ്ലാക്കിയ. വായിൽ വിവിധ

### പാൻമസാലയുടെ ഉപയോഗം ആൺകുട്ടികളിൽ

| വിഭാഗം | ശതമാനം |
|---|---|
| ഹയർസെക്കന്ററി | 21 |
| ഹൈസ്കൂൾ | 16 |
| ടെക്നിക്കൽ ഹൈസ്കൂൾ | 28 |
| പോളിടെക്നിക് | 12 |
| ഐ.ടി.ഐ.&ഐ.ടി.സി. | 31 |
| എം.ബി.ബി.എസ്. | 6 |
| ബി.എ/ബി.എസ്.സി. | 12 |

*കരുണാസായി ഡീ-അഡിക്ഷൻ സെന്റർ 2005 ൽ നടത്തിയ സർവ്വേ*

### പാൻമസാലയുടെ ഉപയോഗം പുരുഷന്മാരിൽ

| വിഭാഗം | ശതമാനം |
|---|---|
| സർക്കാർ ഉദ്യോഗസ്ഥർ | 9 |
| കർഷകർ | 11 |
| വൃദ്ധർ | 2 |
| മേശൻ പണിക്കാർ | 79 |
| റോഡു പണിക്കാർ | 63 |
| ഓട്ടോ ഡ്രൈവേഴ്സ് | 81 |
| ടാക്സി ഡ്രൈവേഴ്സ് | 51 |
| ചുമട്ടു തൊഴിലാളികൾ | 65 |

*കരുണാസായി ഡീ-അഡിക്ഷൻ സെന്റർ 2005 ൽ നടത്തിയ സർവ്വേ*

### പാൻമസാലയുടെ ഉപയോഗം പെൺകുട്ടികളിൽ

| വിഭാഗം | ശതമാനം |
|---|---|
| ഹൈസ്കൂൾ | 0.25 |
| ടെക്നിക്കൽ ഹൈസ്കൂൾ | 0.5 |
| പോളിടെക്നിക് | ഇല്ല |
| ഐ.ടി.ഐ.&ഐ.ടി.സി. | 0.25 |
| എം.ബി.ബി.എസ്. | ഇല്ല |
| ബി.എ/ബി.എസ്.സി. | 0.25 |

*കരുണാസായി ഡീ-അഡിക്ഷൻ സെന്റർ 2005 ൽ നടത്തിയ സർവ്വേ*

### പാൻമസാലയുടെ ഉപയോഗം സ്ത്രീകളിൽ

| വിഭാഗം | ശതമാനം |
|---|---|
| സർക്കാർ ഉദ്യോഗസ്ഥർ | 0.5 |
| വീട്ടമ്മമാർ (60 വയസുവരെ) | ഇല്ല |
| വീട്ടമ്മമാർ (60 വയസിനുമുകളിൽ) | 1 (വെറ്റിലയോടൊപ്പം ഉപയോഗിക്കുന്നു) |
| മേശൻ പണിക്കാർ | 23 |
| റോഡു പണി ചെയ്യുന്നവർ | 8 |
| ഇതര തൊഴിലാളികൾ (കമ്പനി തുടങ്ങിയ സ്ഥലങ്ങളിൽ) | 1 |

*കരുണാസായി ഡീ-അഡിക്ഷൻ സെന്റർ 2005 ൽ നടത്തിയ സർവ്വേ*



തരത്തിൽ വെളുത്തതോ ചുവപ്പു കലർന്നതോ ആയ പാടുകൾ പ്രത്യക്ഷപ്പെടുക എന്നതാണ് ലൂക്കോപ്ലാക്കിയയുടെ ലക്ഷണം. കാൻസറിന്റെ മുന്നോടിയായി വരുന്ന ലൂക്കോപ്ലാക്കിയ ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. എന്നന്നേയ്ക്കുമായി പാൻ മസാലകൾ ഉപേക്ഷിക്കുക എന്നതാണ് ഏറ്റവും ഉത്തമമായ മാർഗം.

പുകയിലയോട് ആസക്തി ഉണ്ടാക്കുന്ന പ്രധാന ഘടകം നിക്കോട്ടിനാണ്. ആദ്യമായി പാൻ മസാല ഉപയോഗിക്കുന്നയാളിന് മനം പുരട്ടൽ, ഛർദ്ദി, തലചുറ്റൽ എന്നിവ ഉണ്ടാകുന്നു. എന്നതിനർത്ഥം ശരീരം നിക്കോട്ടിനെ വർജിക്കുന്നു എന്നാണ്. എന്നാലാകട്ടെ പെട്ടെന്നു തന്നെ ശരീരം നിക്കോട്ടിനുമായി യോജിക്കുകയും നിക്കോട്ടിനു വിധേയമാവുകയും ചെയ്യും. ഹൃദ്രോഗത്തിനും രക്തസമ്മർദ്ദം ഉയർത്തുക വഴി പക്ഷാഘാതത്തിനും നിക്കോട്ടിൻ കാരണമാവുന്നു. പാൻ മസാലയിലെ പാക്ക് വലിയ അപകടകാരിയാണ്. പല പ്രക്രിയകൾ (Processing) കഴിഞ്ഞാണ് പാക്ക് വിപണിയിലെത്തുന്നത്. അരിഞ്ഞ് ഉണക്കി എണ്ണയിൽ വറുത്തെടുക്കുന്ന പാക്കിലടങ്ങിയിരിക്കുന്ന ആൽക്കലോയിഡ് (Alkalods) തുപ്പലുമായി ചേരുമ്പോൾ കാൻസറിനു കാരണമാവുന്ന Carcinogenic Ritrosamines ഉണ്ടാക്കുന്നു. പാൻ മസാല ചുണ്ടിനിടയിൽ വയ്ക്കുമ്പോൾ ധാരാളം ഉമിനീർ ഉത്പാദിപ്പിക്കപ്പെടുന്നു. ലഹരിയ്ക്കായി ഈ ഉമിനീർ ഉള്ളിലേയ്ക്ക് ഇറക്കുന്നതിലൂടെ തൊണ്ടയിലും അന്നനാളത്തിലും എസ്.എം.എഫും കാൻസറും വരാനുള്ള സാധ്യതയുണ്ടാവുന്നു

കോശവ്യതിയാനങ്ങൾക്കു കാരണമായ മ്യൂട്ടാജെൻസുമായി പ്രവർത്തിച്ച് കോശങ്ങളിലെ ഡി.എൻ.എ യിൽ മാറ്റങ്ങൾ ഉണ്ടാകുന്നതിലൂടെയാണ് പാൻ മസാലകൾ കാൻസറിന്റെ വാഹകരാകുന്നത്.

### മന:ശാസ്ത്രം പറയുന്നത്

പാൻമസാലകൾ ഉപയോഗിച്ചു തുടങ്ങിയവർ വളരെ പെട്ടെന്ന് ആസക്തിയിലേയ്ക്ക് എത്തിച്ചേരുന്നു. നിക്കോട്ടിൻ മാത്രമല്ല അഡിക്ഷൻ ഉണ്ടാക്കുന്ന മറ്റു പല പദാർത്ഥങ്ങളും പാൻമസാലയിൽ ചേർക്കുന്നു എന്നതാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. ഉറക്കമിളച്ചിരുന്ന് പഠിക്കാനോ, ഡ്രൈവ് ചെയ്യാനോ സഹായിക്കും, ടെൻഷൻ അകറ്റും എന്ന ധാരണയിൽ പാൻമസാല ഉപയോഗിക്കുന്നവരുണ്ട്. ഉറക്കത്തെ പാൻ മസാല ഉപയോഗം പ്രതികൂലമായാണ് ബാധിക്കുന്നത്. പാൻമസാല ഉപയോഗം പതിവു ശീലമാക്കിയിട്ടുള്ള ഒരാൾ അതു പെട്ടെന്നു നിറുത്തുമ്പോൾ ഉറക്കക്കുറവും ആകാംക്ഷയും മലബന്ധവും മറ്റും അനുഭവപ്പെടും. അകാരണമായ ദേഷ്യമാണ് ഇത് ഉപയോഗിക്കുന്നവർക്കുള്ള മറ്റൊരു പ്രശ്നം.

മറ്റേതു ലഹരിയെയും പോലെ പാൻമസാലകൾ ഉപയോഗിക്കുന്നതും മാനസികമായി ദുർബലതയുള്ളവരാണ്. മനസ്സിന്റെ ദുർബലതയെ ഇല്ലാതാക്കുന്നതിലൂടെ ലഹരിയിൽ നിന്നു മോചനം നേടാനാകും എന്ന് പഠനങ്ങൾ തെളിയിക്കുന്നു.



### വ്യാപാരികൾ ചെയ്യേണ്ടത്

കിട്ടാതാകുമ്പോൾ ഉപയോഗിക്കാനുള്ള അവസരം കുറയും എന്നത് ലഹരിയെ സംബന്ധിച്ച് പ്രധാനമായ ഒരു കാര്യമാണ്. വ്യാപാരികൾക്ക് ഇക്കാര്യത്തിൽ മഹത്തായ കാര്യങ്ങൾ ചെയ്യാനാകും. കാൻസറിന്റെ തരികൾ വിറ്റുകിട്ടുന്ന ലാഭം വേണ്ടെന്നു വയ്ക്കാൻ വ്യാപാരികൾക്കു കഴിയണം. എത്ര ലാഭം വാഗ്ദാനം ചെയ്യപ്പെട്ടാലും വിഷം വിൽക്കില്ലെന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ കഴിയണം. മറ്റു കടക്കാർ നിർത്തട്ടെ എന്നിട്ടു ഞാൻ നിർത്താം എന്നല്ല, ഞാൻ ആദ്യം നിറുത്താം എന്ന സൻമനസുകാണിക്കാൻ കച്ചവടക്കാർക്കു സാധിക്കണം.

### നാം ചെയ്യേണ്ടത്

മാനസികമായ ദുർബലതയിൽ നിന്ന് ഉയർന്ന മാനസിക ആരോഗ്യത്തിലേയ്ക്ക് കടക്കാൻ ആവശ്യമായ സംഗതികൾ കൈകൊള്ളുകയാണ് ആദ്യംവേണ്ടത്. നാളെ മുതൽഎന്നല്ല ഈ നിമിഷം മുതൽ പാൻമസാല ഉപയോഗം നിർത്താൻ തയ്യാറാകണം. സ്വയമേവ നിറുത്താൻ കഴിയാതെ വന്നാൽ ശാസ്ത്രീയമായ കൗൺസിലിങ്ങിന് വിധേയമാകണം. പാൻമസാലയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവുക എന്നത് പ്രധാനമായ ഒരു കാര്യമാണ്. സ്കൂളുകളിലെ ഹെൽത്ത് ക്ലബുകളിൽ പാൻ മസാല വിരുദ്ധ കാമ്പയിനുകൾ സംഘടിപ്പിക്കണം. ഈ ഭൂമിയുടെ വിശുദ്ധി അടുത്ത തലമുറയ്ക്ക് കൈമാറേണ്ട ബാധ്യത നമ്മുടെതാണ്. സുദൃഢവും പ്രകാശമാനവുമായ ജീവിതശൈലി വാർത്തെടുക്കാൻ നമുക്കു കഴിയണം. സിനിമയിലെ കഥാപാത്രങ്ങളെ അനുകരിച്ച് ഫാൻസി ലോകത്ത് കഴിയുന്ന വിഡ്ഢിത്തം നമ്മെ ദുരന്തത്തിലേക്കാവും നയിക്കുക. ■

സ്വയമേവ നിറുത്താൻ കഴിയാതെ വന്നാൽ ശാസ്ത്രീയമായ കൗൺസിലിങ്ങിന് വിധേയമാകണം. പാൻമസാലയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവുക എന്നത് പ്രധാനമായ ഒരു കാര്യമാണ്. സ്കൂളുകളിലെ ഹെൽത്ത് ക്ലബുകളിൽ പാൻമസാല വിരുദ്ധ കാമ്പയിനുകൾ സംഘടിപ്പിക്കണം.

*വെള്ളനാട് കരുണാസായി ഡി-അഡിക്ഷൻ മെന്റൽ ഹെൽത്ത് സെന്ററിലെ കൺസൾട്ടന്റ് സൈക്കോളജിസ്റ്റാണ് ലേഖകൻ.*



# ആശുപത്രികളിലെ മാലിന്യം തടയാൻ നടപടി

**സംസ്ഥാനത്തെ** ആശുപത്രികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ കർശനമാക്കുന്നു.

ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളും പരിസര മലീനികരണം സൃഷ്ടിക്കുന്ന മറ്റു പ്ലാസ്റ്റിക് വസ്തുക്കളും ഉപയോഗിക്കുന്നത് നിരോധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കെതിരെ നടപടി ഉണ്ടാവുമെന്ന് ആരോഗ്യമന്ത്രി പി.കെ.ശ്രീമതി അറിയിച്ചു.

ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദ്രവമാലിന്യ സംസ്കരണത്തിന് കോഴിക്കോട് മെഡിക്കൽ കോളജിൽ അഞ്ച് കോടി രൂപ ചെലവഴിച്ച് സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങി. മറ്റ് മെഡിക്കൽ കോളജുകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കും.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളജുകളിൽ ബയോ മെഡിക്കൽ മാലിന്യ നിർമാർജനത്തിന് ഇൻസിനറേറ്റർ സ്ഥാപിച്ചു. ഇൻസിനറേറ്റർ ഇല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മെഡിക്കൽ കോളജുകളിൽ ഇമേജ് എന്ന സ്ഥാപനം മാലിന്യങ്ങൾ നീക്കി സംസ്കരിക്കുന്നുണ്ട്. 75 കിടക്കകളുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലെയും ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിന് ഇമേജുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. 100 ൽ കൂടുതൽ കിടക്കകളുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലും മാലിന്യങ്ങൾ മൂന്നായി തരം തിരിച്ചാണ് സംസ്കരിക്കുന്നത്.

രോഗികളുടെ ബന്ധുക്കളും മറ്റും കൊണ്ടു വരുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള സാധനങ്ങളുടെ ബാഹുല്യമാണ് ഇപ്പോൾ ആശുപത്രികളിൽ പ്രധാന പ്രശ്നം. ഭക്ഷണം പൊതിയാനെന്ന പേരിലാണ് ഇവ കൊണ്ടുവരുന്നത്. ഇത് തടയാൻ കർശന നടപടി എടുക്കും. രോഗികളുടെ ബന്ധുക്കൾ ആശുപത്രിക്കകത്തുനിന്ന് ഭക്ഷണം കഴിക്കാനോ പ്ലാസ്റ്റിക് സാധനങ്ങൾ കൊണ്ടുവരാനോ പാടില്ല.

സ്വകാര്യ ആശുപത്രികളിലും മാലിന്യ നിർമാർജനം കർശനമായി നടപ്പാക്കാനുള്ള ഊർജിതമായ നടപടികൾ സർക്കാർ കൈകൊണ്ടു വരുന്നു.



## പി. ജെ. തോമസ് ചീഫ് സെക്രട്ടറി

**പി.ജെ.തോമസ്** പുതിയ ചീഫ് സെക്രട്ടറിയായി സ്ഥാനമേറ്റു. സെപ്റ്റംബർ 18 നാണ് അദ്ദേഹം ചുമതലയേറ്റത്. 1973 ബാച്ച് ഐ.എ.എസ് കാരനായ തോമസിന്റെ ഔദ്യോഗിക ജീവിതം ഫോർട്ട് കൊച്ചി സബ് കളക്ടറായാണ് ആരംഭിച്ചത്. ഫിസിക്സിലും ഇക്കണോമിക്സിലും ബിരുദാനന്തര ബിരുദധാരിയായ ഇദ്ദേഹത്തിന് 2011 വരെ സർവീസുണ്ട്. ചേർത്തല തൈക്കാട്ടുശ്ശേരി കുടുംബാംഗമാണ്.



# എരിയാത്ത സൂര്യൻ

**മലയാള** കവിതയെ ആധുനികതയിലേക്കും നവഭാവുകത്വത്തിലേക്കും ഉയർത്തിയ കവി അയ്യപ്പപണിക്കരുടെ എഴുപത്തിയെട്ടാം ജന്മദിനം അർത്ഥപൂർണമായ അനുസ്മരണവും കവിസംഗമവുമായി മാറി. ഇതോടനുബന്ധിച്ച് കെ.അയ്യപ്പപ്പണിക്കരെക്കുറിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ ഡോക്യുമെന്ററി -*എരിയാത്ത സൂര്യനും വിളറാത്ത ചന്ദ്രനും* സാംസ്കാരിക വകുപ്പ് മന്ത്രി എം.എ ബേബി പ്രകാശനം ചെയ്തു. കെ. രാജഗോപാലാണ് ഡോക്യുമെന്ററി സംവിധാനം ചെയ്തിട്ടുള്ളത്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച അയ്യപ്പപ്പണിക്കരുടെ *എ ഷോർട്ട് ഹിസ്റ്ററി ഓഫ് മലയാളം ലിറ്ററേച്ചർ* എന്ന പുസ്തകത്തിന്റെ പുതിയ പതിപ്പിന്റെ പ്രകാശനവും നടന്നു.

അയ്യപ്പപ്പണിക്കരുടെ കാവ്യജീവിതവും സാംസ്കാരിക സംഭാവനകളും ഉൾക്കൊള്ളുന്നതിന് രൂപീകൃതമായ ഫൗണ്ടേഷൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുമായി സഹകരിച്ചാണ് സംഘടിപ്പിച്ചത്.



# കുടിവെള്ള പരിശോധനയ്ക്ക് ഇനി കുട്ടികളും

# വില്പനവില തിരുത്തുന്നവർ സൂക്ഷിക്കുക

വില്പനവിലയിൽ മാറ്റം വരുത്തി കൂടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നവർ സൂക്ഷിക്കുക. ലീഗൽ മെട്രോളജി വകുപ്പ് നിങ്ങളുടെ പിന്നാലെ ഉണ്ട്. ലീഗൽ മെട്രോളജി ഫ്ളൈയിങ് സ്‌ക്വാഡിന്റെ പരിശോധനയിൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ വ്യാപാരസ്ഥാപനത്തിൽ വിൽക്കുന്ന പല സാധനങ്ങളും പായ്ക്കറ്റിലുള്ള വില്പനവിലയിൽ മാറ്റം വരുത്തി കൂടിയ വിലയ്ക്ക് വിൽക്കുന്നത് ഉദ്യോഗസ്ഥർ കൈയോടെ പിടികൂടി. നിർമാതാവിന്റെ വില്പന വില കീറി മാറ്റി പുതിയ വില ഒട്ടിക്കുക, വില്പന വില രേഖപ്പെടുത്താതെ പായ്ക്കറ്റുകൾ വില്പന നടത്തുക എന്നിവ പാക്കേജ്‌സ് കമ്മോഡിറ്റീസ് റൂൾസിന്റെ ലംഘനമാണ്.



ഇത്തരത്തിൽ ഉപഭോക്താക്കളെ കബളിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏതു കടയിൽ നിന്നുണ്ടായാലും അത് ലീഗൽ മെട്രോളജി വകുപ്പിനെയോ കൺട്രോളറെയോ അറിയിക്കണം.

---

# സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്‌സ്

മികച്ച പൊതുമേഖലാ വ്യവസായ സ്ഥാപനത്തിനുള്ള പ്രഥമ പുരസ്‌കാരത്തിന് തൃശ്ശൂരിലെ സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്‌സ് ലിമിറ്റഡിനെ തിരഞ്ഞെടുത്തു. സംസ്ഥാന വ്യവസായ - വാണിജ്യ വകുപ്പ് ഏർപ്പെടുത്തിയതാണ് ഈ പുരസ്‌കാരം. മികച്ച ചീഫ് എക്‌സിക്യൂട്ടിവായി എസ്.ഐ.എഫ്.എൽ.മാനേജിങ് ഡയറക്ടർ കമാണ്ടർ(റിട്ട) കെ. ഷംസുദീനെയും തിരഞ്ഞെടുത്തു. പൊതുമേഖലാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രതികൂല സാഹചര്യത്തിലും വളർച്ച കൈവരിച്ച കമ്പനികളെയാണ് അവാർഡിനായി തിരഞ്ഞെടുത്തത്.



---

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് കുട്ടികൾക്കും അവസരമൊരുങ്ങുന്നു. ഇതിനായി വിദ്യാർത്ഥികൾക്ക് സൗജന്യ കുടിവെള്ള പരിശോധനാ കിറ്റുകൾ നൽകുമെന്ന് ജലവിഭവ മന്ത്രി എൻ.കെ.പ്രേമചന്ദ്രൻ അറിയിച്ചു.

ജലഗവേഷണ കേന്ദ്രം നടത്തിയ പ്രാഥമിക പരിശോധനയിൽ സംസ്ഥാനത്തെ ഭൂരിഭാഗം കിണറുകളിലെയും ജലത്തിൽ അനുവദനീയമായതിലധികം കോളിഫാം ബാക്ടീരിയ കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് കുട്ടികളെയും പങ്കാളികളാക്കുന്നത്. ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സർക്കാരിന്റെ സുജല പദ്ധതിയുടെ ഭാഗമാണിത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സ്‌കൂൾ വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി പദ്ധതിയുടെ ഭാഗമാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

---

# മൊഴിച്ചെപ്പ്

ഞാൻ അഞ്ചു സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. അത് കാണാനുള്ള ഭാഗ്യം ആർക്കും ഉണ്ടായിട്ടില്ലെന്ന് മാത്രം. വ്യവസായമായി കാണുമ്പോഴാണ് സിനിമ അപകടം പിടിച്ചതാകുന്നത്.

**കടമ്മനിട്ട രാമകൃഷ്ണൻ**
*(സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ വായനാ മത്സരത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സംവാദത്തിൽ നിന്ന്)*

ഇനി കാഷ്‌ലെസ് ഓഫീസായാണ് ചെക്ക്‌പോസ്റ്റ് പ്രവർത്തിക്കുക. പണം ഇവിടെ സ്വീകരിക്കില്ല. ഓഫീസുകളിൽ പണം ആവശ്യമില്ലാത്ത നിലയ്ക്ക് ഓഫീസിൽ പണം കണ്ടാൽ ജീവനക്കാർക്കെതിരെ നടപടിയെടുക്കും. അഴിമതിരഹിത വാളയാർ മാതൃക സംസ്ഥാനമാകെ നടപ്പാക്കും.

**ധനമന്ത്രി**
**ഡോ. ടി. എം തോമസ് ഐസക്**

വെള്ളത്തിൽ മുങ്ങിമരിക്കുകയാണ് പണ്ട് നടന്നിരുന്നത്. ഇന്ന് വെള്ളം കുടിച്ചു മരിക്കേണ്ട ഗതികേടിലാണ് കേരളീയർ.

**സുകുമാർ അഴീക്കോട്**
*(സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുന്നതായ വാർത്തകളോട് പ്രതികരിച്ചത്)*

അക്ഷരങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് സംസ്‌കാരമുള്ള സർക്കാരിന്റെ കടമയാണ്. സംസ്‌കാരം എന്നത് ഭംഗിവാക്കിൽ ഒതുങ്ങുന്നതല്ല.

**സഹകരണ മന്ത്രി ജി.സുധാകരൻ**
*(സഹകരണ സാമൂഹിക കേരളീയം പുസ്തകവിതരണ പദ്ധതിയുടെ ഉദ്ഘാടന വേളയിൽ)*

സമൂഹത്തിന്റെ പ്രശ്‌നങ്ങൾ ചർച്ച ചെയ്യാതെ വ്യക്തിക്ക് മുന്നോട്ട് പോകാൻ കഴിയില്ല. പരിമിതിയില്ലാത്ത മഹാപ്രസ്ഥാനമാണ് സാഹിത്യസംഘം. മനുഷ്യമനസ്സിന്റെ ഡോക്ടറും എൻജിനീയറുമാണ് എഴുത്തുകാരൻ.

**വിദ്യാഭ്യാസ മന്ത്രി എം.എ.ബേബി**
*(പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാനകമ്മിറ്റി ഓഫീസ് ഉദ്ഘാടനത്തിൽ നിന്ന്).*

## ഹയർ സെക്കൻഡറി അദ്ധ്യാപക നിയമന മാർഗനിർദേശങ്ങൾ

സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് മാർഗ്ഗ നിർദേശങ്ങളായി.

ഇതനുസരിച്ച് വാക്ക് ഇൻ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്ന ജൂനിയർ അദ്ധ്യാപകന് 250 രൂപയും സീനിയർ അദ്ധ്യാപകന് 300 രൂപയുമാണ് ദിവസ വേതനം ലഭിക്കുക. രണ്ടാഴ്ചത്തെ മുൻകൂർ അറിയിപ്പിന് ശേഷമാകണം ഇന്റർവ്യൂ നടത്തുക. തദ്ദേശ ഭരണ സ്ഥാപന തലവൻ / പ്രതിനിധി, സ്കൂൾ പ്രിൻസിപ്പൽ, ബന്ധപ്പെട്ട വിഷയത്തിലെ വിദഗ്ദ്ധൻ, പി.ടി.എ പ്രസിഡന്റ് എന്നിവർ ഇന്റർവ്യൂ ബോർഡിലുണ്ടാകണം. സംവരണ സംബന്ധമായും മാർഗ്ഗ നിർദേശമുണ്ട്.

## സംസ്ഥാന സുരക്ഷാ കമീഷൻ

കേരള പൊലീസ് (ഭേദഗതി) ഓർഡിനൻസ് 2007 പ്രകാരം സംസ്ഥാന സുരക്ഷാ കമീഷൻ രൂപീകരിച്ചു.

ആഭ്യന്തര മന്ത്രി ചെയർമാനായ കമീഷനിൽ പ്രതിപക്ഷ നേതാവ് അംഗമാണ്. ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവർ കമീഷനിലെ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും. മൂന്ന് അനൗദ്യോഗിക അംഗങ്ങളെ ഗവർണർ നാമനിർദേശം ചെയ്യും.

## പദ്ധതി മോണിട്ടറിങ്ങിന് സമിതി

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെയും 2007-08 വാർഷിക പദ്ധതിയുടെയും മോണിട്ടറിങ് സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തുന്നതിന് സർക്കാർ സമിതി രൂപീകരിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി.നാരായണനാണ് ചെയർമാൻ.

സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പി.വി.ഉണ്ണികൃഷ്ണൻ, തദ്ദേശ പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം വിജയാനന്ദ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി ടിക്കാറാം മീണ, പഞ്ചായത്ത് ഡയറക്ടർ എ.അജിത്കുമാർ, നഗരകാര്യ ഡയറക്ടർ ഷാജഹാൻ, എറിട്ടയേർഡ് പ്രൊഫ. ജി. ജയശങ്കർ, കെ.എം.കുമാർ( ഐ.കെ.എം), കൃഷ്ണൻ ബി. നായർ (ഐ.ടി.മിഷൻ) എന്നിവർ അംഗങ്ങളാണ്. വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് എം.ആർ മോട്ടിലാൽ ആണ് സമിതിയുടെ കൺവീനർ.

## റോഡിന് അനുവാദം വേണമെങ്കിൽ

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം എട്ടുമീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ റോഡിന് അനുമതി നൽകൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി പറഞ്ഞു. സ്ഥലം ലഭ്യമാക്കാതെ റോഡുകൾ നിർദേശിച്ച് അനുമതി വാങ്ങി കരാർ വച്ച പല പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇങ്ങനെ തീരുമാനിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദേശം പാലിക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥമാണ്.

സ്ഥലം ലഭ്യമല്ലാത്ത അഞ്ചാം ഘട്ട റോഡുകളുടെ അനുമതി റദ്ദ് ചെയ്യാനും ആറാം ഘട്ട റോഡുകളുടെ പ്രവൃത്തികൾ ത്വരിതപ്പെടുത്താനും തീരുമാനമായി. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാരുടെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയായിരുന്നു മന്ത്രി.

## ഐ.റ്റി പഠനം ഇനി ഫ്രീസോഫ്റ്റ് വെയറിൽ മാത്രം

ഹൈസ്കൂൾ ക്ലാസുകളിൽ ഈ അദ്ധ്യയന വർഷം ഐ.റ്റി പഠനം ഫ്രീ സോഫ്റ്റ് വെയറിൽ മാത്രമാക്കി സർക്കാർ ഉത്തരവായി. 2008 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിലെ ഐ.റ്റി പ്രായോഗിക പരീക്ഷ ഫ്രീ സോഫ്റ്റ് വെയറിൽ മാത്രമേ നടത്താവൂ.

## ജൻഡർ അഡ്വൈസറി സമിതി

വനിതാ വികസനവും സ്ത്രീ ശാക്തീകരണവും സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതിനും പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായി ജൻഡർ അഡ്വൈസറി സമിതി രൂപീകരിച്ച് ഉത്തരവായി.

കെ.കെ.ശൈലജ എം.എൽ.എ, സുഗതകുമാരി, ആസൂത്രണബോർഡ് അംഗം മൃദുൽ ഈപ്പൻ, വനിതാ കമീഷൻ അംഗം പി.കെ.സൈനബ, മീനാക്ഷി തമ്പാൻ, എം.സി.ജോസഫൈൻ, രമണി ജോർജ്, ടി.എൻ.സീമ, ടി.കെ.ആനന്ദി, ഷാനിമോൾ ഉസ്മാൻ, എം.എം.പത്മാവതി, മാലാ രാമനാഥൻ, ശാരദാമണി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യക്ഷേമ ഡയറക്ടർ എന്നിവർ അംഗങ്ങളായ സമിതിയിൽ സാമൂഹ്യക്ഷേമ വകുപ്പ് അഡ്വൈസർ (ജെൻഡർ) മെമ്പർ കൺവീനറാണ്.

## സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ ഒക്ടോബറിൽ ആരംഭിക്കും

സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട നിർമാണ പ്രവർത്തനങ്ങൾ ഒക്ടോബറിൽ ആരംഭിക്കാൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാനതല സ്റ്റിയറിങ് കമ്മിറ്റി തീരുമാനിച്ചു.

ഇതിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക പൂർണമായും തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും പാവപ്പെട്ടവരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കടലോര മേഖലയുടെ വികസനത്തിനും സംരക്ഷണത്തിനുമായി വിനിയോഗിക്കാൻ തീരുമാനിച്ചു. ആലപ്പാട്, ആറാട്ടുപുഴ, അന്ധകാരനഴി, എടവനക്കാട് തുടങ്ങിയ പ്രദേശങ്ങളുടെ വികസനത്തിനായുള്ള പ്രത്യേക പാക്കേജിന് യോഗം അംഗീകാരം നൽകി.

ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്തെ പൂർണമായും ബന്ധിപ്പിക്കുന്ന തീരദേശ ഹൈവേയും, അന്ധകാരനഴിയിൽ പാലവും എത്രയും വേഗം നിർമിക്കും. തീരദേശത്തെ പൂർണമായും വൈദ്യുതീകരിക്കും.

യോഗത്തിൽ മന്ത്രിമാരായ കെ.പി.രാജേന്ദ്രൻ, പി.കെ.ഗുരുദാസൻ, പി.കെ. ശ്രീമതിടീച്ചർ, സി.ദിവാകരൻ, എസ്.ശർമ്മ, എ.കെ.ബാലൻ, എൻ. കെ. പ്രേമചന്ദ്രൻ, ജി.സുധാകരൻ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ.പ്രഭാത് പട്നായിക്, ചീഫ് സെക്രട്ടറി പി.ജെ. തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## കെട്ടിട നിർമാണ ചട്ടങ്ങൾ അറിയാൻ സംവിധാനം

കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച സംശയ ദൂരീകരണത്തിനും പൊതുജനങ്ങൾക്ക് ഉപദേശം നൽകുന്നതിനുമായി ഹെൽപ് ഡസ്ക് തിരുവനന്ത പുരത്ത് റീജിയണൽ ടൗൺ ആന്റ് കൺട്രി പ്ലാനിങ് ആഫീസിൽ പ്രവർത്തനം ആരംഭിച്ചു. ബുധനാഴ്ചകളിൽ രാവിലെ 10.30 മുതൽ 4.30 വരെ യാണ് സമയം.

## ജനപ്രിയ ടൂറിസം: കേരളം ഏഷ്യയിൽ മൂന്നാമത്

ഏഷ്യയിലെ ഏറ്റവും ജനപ്രിയമായ മൂന്നാമത്തെ ടൂറിസം കേന്ദ്രം കേരളമാണെന്ന് സർവേ റിപ്പോർട്ട്. സ്മാർട്ട് ട്രാവൽ ഏഷ്യ ട്രാവൽ മാഗസിൻ ഓൺലൈനായി നടത്തിയ സർവേയിലാണ് കേരളത്തിന് നൽകിയത്. ബാലിയും തായ്‌ലണ്ടിലെ ഫുക്കറ്റുമാണ് ഒന്നും രണ്ടും സ്ഥാനങ്ങളിൽ.

മുൻ സർവേകളിൽ ഇന്ത്യയിലെ ജനപ്രീതിയുള്ള ടൂറിസം കേന്ദ്രങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരുന്നത് രാജസ്ഥാനും ലഡാക്കുമാണ്. ഇത്തവണ രാജസ്ഥാന് ആറും ലഡാക്കിന് ഒൻപതും സ്ഥാനം മാത്രമേ നേടാൻ ആയുള്ളു.

നൂതനങ്ങളായ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കാനും അവ നന്നായി പ്രചരിപ്പിക്കാനും കഴിഞ്ഞതു കൊണ്ടാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാൻ ആയതെന്ന് ആഭ്യന്തര - ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ലോകത്തിലെ തന്നെ ഏറ്റവും സുരക്ഷിതമായ വിനോദ സഞ്ചാര കേന്ദ്രമാണ് കേരളം. പ്രകൃതിസംരക്ഷണത്തിനും തദ്ദേശീയ സഹകരണത്തിനും ഊന്നൽ നൽകികൊണ്ടുള്ള ഗവൺമെന്റിന്റെ ടൂറിസം നയത്തിനുള്ള അംഗീകാരം കൂടിയാണ് കേരള ടൂറിസത്തിന് തുടർച്ചയായി ലഭിച്ചു കൊണ്ടിരിക്കുന്ന അന്തർ ദേശീയ പുരസ്കാരങ്ങൾ എന്ന് മന്ത്രി പറഞ്ഞു. 2006 ജനുവരി മുതൽ മാർച്ച് വരെ 1,18,138 വിദേശികളാണ് കേരളം സന്ദർശിച്ചതെങ്കിൽ ഈ വർഷം 1,54,972 ആയി ഇത് വർദ്ധിച്ചു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലും കാര്യമായ വർദ്ധന ഉണ്ടായി. 2006 ന്റെ ആദ്യ പാദത്തിൽ 13,60,606 ആഭ്യന്തര ടൂറിസ്റ്റുകളാണ് കേരളത്തിൽ എത്തിയത്. 2007 ൽ 14,59,546 പേർ അന്യ സംസ്ഥാനത്തിൽ നിന്ന് കേരളം കാണാനെത്തി.



# പരസ്പരം

**ഈ അടുത്തകാലത്ത് വിവാഹിതയായ വ്യക്തിയാണു ഞാൻ. ഇപ്പോൾ സുപ്രീംകോടതി വിവാഹങ്ങൾക്കെല്ലാം രജിസ്ട്രേഷൻ വേണമെന്ന ഉത്തരവ് പുറപ്പെടുവിച്ചുവല്ലോ. നിയമപരമായ രജിസ്ട്രേഷൻ ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്.?**

നന്ദിനി, കൊല്ലം

നിശ്ചിത ഫോറത്തിൽ എഴുതിയ അപേക്ഷ വിവാഹ രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് / നഗരസഭാ സെക്രട്ടറി) ക്ക് നൽകണം. ഇതിൽ വധൂവരന്മാരുടെ പേര്, വിവാഹ തീയ്യതി, രജിസ്റ്റർ ചെയ്ത തീയ്യതി എന്നിവ രേഖപ്പെടുത്തി 3 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചാണ് സമർപ്പിക്കേണ്ടത്. എവിടെ വച്ചാണോ വിവാഹം നടന്നത് അത് തെളിയ്ക്കുന്ന സർട്ടിഫിക്കറ്റും ദമ്പതികളുടെ സ്കൂൾ സർട്ടിഫിക്കറ്റും ഹാജരാക്കണം. കോർപ്പറേഷൻ അതിർത്തിയിൽ ഹിന്ദുക്കൾ തമ്മിൽ ഹിന്ദു ആചാര പ്രകാരം നടന്ന വിവാഹങ്ങളിൽ 30 ദിവസം കൂടി കഴിഞ്ഞാൽ പ്രസ്തുത രേഖകൾക്ക് പുറമെ രണ്ട് ഗസറ്റഡ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റും ഹെൽത്ത് ഇൻസ്പക്ടറുടെ റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. പത്തുരൂപയാണ് അപേക്ഷാ ഫീസ്. അപേക്ഷിച്ചാൽ 7 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭിക്കും.

വ്യത്യസ്ത മത വിഭാഗത്തിൽപ്പെട്ടവർ സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ചായിരിക്കണം വിവാഹം രജിസ്റ്റർ ചെയ്യേണ്ടത്. ബന്ധപ്പെട്ട സ്ഥലത്തെ സബ് രജിസ്ടാർക്ക് നൽകുന്ന അപേക്ഷ 30 ദിവസം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും. പ്രസ്തുത വിവാഹത്തിൻമേൽ എതിർപ്പോ ആക്ഷേപമോ ഉണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനാണ് ഇത്.

വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ വിവാഹിത / വിവാഹിതൻ ആണെന്ന് സാക്ഷ്യപ്പെടുത്തികൊണ്ടുള്ള സർട്ടിഫിക്കറ്റിന് വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിക്ക് നൽകണം.

പുതുതായി വിവാഹിതരാകുന്നവർ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഹാജരായി നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് സെക്രട്ടറി അഥവാ വിവാഹ രജിസ്ടാർക്ക് നൽകണം. 30 ദിവസത്തിനുള്ളിൽ പ്രത്യേക അനുവാദവും അതു കഴിഞ്ഞാൽ വകുപ്പ് മേധാവിയുടെ അനുമതിയും വാങ്ങണം.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*

## പൂക്കളമൊരുക്കി 11–ാം പദ്ധതിക്ക് സ്വാഗതം

സംസ്ഥാനത്ത് 11–ാം പദ്ധതി ജനകീയാസൂത്രണം വഴി നടപ്പാക്കുമെന്നുള്ള സർക്കാർ പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് വിവര സാങ്കേതിക വകുപ്പ് പാലക്കാട് ജില്ലാ ഘടകം സിവിൽ സ്റ്റേഷനിൽ ഒരുക്കിയ ഓണപ്പൂക്കളം ശ്രദ്ധേയമായി. അധികാരം ജനങ്ങ ളിലേക്ക് എന്ന് ആലേഖനം ചെയ്ത ജനകീയാസൂത്രണത്തിന്റെ മുദ്രയാണ് പൂക്കളത്തിന്റെ ഇതിവൃത്തമായി എടുത്തത്.

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട് ജില്ലാ-ബ്ളോക്ക് തല സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾക്കുള്ള ദ്വിദിനപരിശീലന പരിപാടി ജില്ലയിൽ പുരോഗമിക്കുന്ന തിനിടെയാണ് പരിപാടിയുടെ പ്രചാരണാർത്ഥം ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ ജീവനക്കാർ പൂക്കളമൊരുക്കി ഈ സംരംഭത്തെ വരവേറ്റത്.

**സി. അജോയ്,**
അസി. ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്




**ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ട പരിപാടിയുടെ പ്രചാരണാർത്ഥം പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ ജീവനക്കാർ പൂക്കളമൊരുക്കി വരവേൽക്കുന്നു**

# കണ്ണൂർ സമ്പൂർണ കംപ്യൂട്ടർ സാക്ഷര ജില്ലയായി



**കണ്ണൂരിനെ സമ്പൂർണ കംപ്യൂട്ടർ സാക്ഷര ജില്ലയായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രഖ്യാപിക്കുന്നു. ആരോഗ്യമന്ത്രി പി. കെ. ശ്രീമതി ടീച്ചർ സമീപം**

രണ്ടാംഘട്ട അക്ഷയ പദ്ധതി നടപ്പിലാക്കിയ ഏഴു ജില്ലകളിൽ ഒന്നാമനായി കണ്ണൂർ ജില്ല വെന്നിക്കൊടി നാട്ടി. കണ്ണൂർ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദൻ കണ്ണൂർ ജില്ല സമ്പൂർണ്ണ കംപ്യൂട്ടർ സാക്ഷരത നേടിയതായി പ്രഖ്യാപിച്ചു.

സർക്കാരിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്ന സ്റ്റേറ്റ് വൈഡ് നെറ്റ് വർക്ക് സംവിധാനമായ കെ-സ്വാൻ പദ്ധതിയുടെ ഉദ്ഘാടനം ചടങ്ങിൽ അദ്ധ്യക്ഷയായിരുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി പി. കെ.ശ്രീമതിയുമായി ഐ.പി.ഫോണിലൂടെ സംസാരിച്ച് മുഖ്യമന്ത്രി നിർവഹിച്ചു.

ജില്ലയിലെ 81 ഗ്രാമ പഞ്ചായത്തുകളിലും ആറു മുനിസിപ്പാലിറ്റികളിലുമായി ആരംഭിച്ച തിരഞ്ഞെടുക്കപ്പെട്ട 198 അക്ഷയ കേന്ദ്രങ്ങളുടെ നേതൃത്വത്തിലാണ് നേട്ടം കൈവരിക്കാനായത്. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് രണ്ട് അക്ഷയ കേന്ദ്രങ്ങളെങ്കിലും ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ സ്കൂളുകൾ, വായനശാലകൾ, ക്ളബുകൾ, വീടുകൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി 2815 അക്ഷയ ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുള്ളത് ജില്ലയെ സംബന്ധിച്ച് തിളക്കമാർന്ന നേട്ടമാണ്.

വിമുക്ത ഭടൻമാർ, പോലീസ് സേനാംഗങ്ങൾ, അഭിഭാഷകർ, കർഷകർ, കർഷക തൊഴിലാളികൾ, ജനപ്രതിനിധികൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങി സമൂഹത്തിലെ എല്ലാ തുറകളിലുമുള്ളവരും അക്ഷയയിൽ ഭാഗഭാക്കായിട്ടുണ്ട്. കാഴ്ചവൈകല്യമുള്ളവർക്കുവേണ്ടി ഇൻസൈറ്റ് എന്ന പേരിൽ അക്ഷയ വഴി നടത്തിയ കംപ്യൂട്ടർ പഠന പദ്ധതി ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിലെ കംബ്ളാരി പട്ടിക വർഗ്ഗ കോളനി അക്ഷയയിലൂടെ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിച്ചത് രാജ്യത്തിനു തന്നെ അഭിമാനമായി. കൂടാതെ ജില്ലയിലെ വിവിധ പ്രദേശങ്ങളിലും ആദിവാസികൾക്കും കംപ്യൂട്ടർ സാക്ഷരത നൽകാനായതും അക്ഷയ സംരംഭകരുടെയും മറ്റു പ്രവർത്തകരുടെയും ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റ ഫലമായാണ്.


എം.എൽ.എ.മാരായ എം.പ്രകാശൻ മാസ്റ്റർ, കടന്നപ്പള്ളി രാമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ.നാരായണൻ, ജില്ലാ കലക്ടർ ഇഷിതാറോയ്, അക്ഷയ സംരംഭകർ എന്നിവർ ചരിത്ര ദൗത്യത്തിന് സാക്ഷികളായി.

**സുഗതൻ ഇ.വി,**
*അസിസ്റ്റന്റ് എഡിറ്റർ, കണ്ണൂർ*

## വേണോ ടൈറ്റാൻ ആരത്തെ ?

പൂക്കളിഷ്ടപ്പെടാത്തവരുണ്ടാവില്ല. തൊടിയിൽ നില്ക്കുന്ന തുമ്പപ്പൂ മുതൽ നറുമണമിറ്റുന്ന റോസും മുല്ലയും ഉൾപ്പെടെ ഓർക്കിഡ് പൂക്കൾ വരെ നമ്മുടെ മുറ്റം അലങ്കരിക്കാറുണ്ട്. എന്നാൽ കോർപ്സ് ഫ്ളവറുണ്ടോ നിങ്ങളുടെ മുറ്റത്തെ പൂക്കളോടൊപ്പം? എന്താണീ പൂവിന്റെ പ്രത്യേകത എന്നാണോ? ഒരു മീറ്ററാണിതിന്റെ വ്യാസം. ലോകത്തിലേക്ക് വച്ച് ഏറ്റവും വലിയ പൂവും ഇതുതന്നെ. ഭൂമധ്യരേഖയ്ക്ക് സമീപമുള്ള മധ്യ സുമാത്രയിലെ മഴക്കാടുകളിലാണ് ഇവ കാണപ്പെടുക. ടൈറ്റാൻ ആരം എന്നുകൂടിയറിയപ്പെടുന്ന ഈ കക്ഷിയെ നമ്മുടെ മുറ്റത്ത് വളർത്താൻ പറ്റിലല്ലോ എന്ന് നിരാശപ്പെടുന്നവർക്ക് സന്തോഷിക്കാൻ ഒരു കാര്യം കൂടി, വലിപ്പം മാത്രമേയുള്ളു ഇതിന്. മണമേയില്ല എന്നു മാത്രമല്ല ചീഞ്ഞ മത്സ്യത്തിന്റെ ഗന്ധവുമാണത്രെ.






## സിന്തറ്റിക് ഗെക്കോ

ചുമരിൽ പറ്റിപ്പിടിച്ചു കയറുന്ന പല്ലികളെ കണ്ടാൽ ലംബമായി കയറുന്നതെങ്ങനെ എന്ന് ചിന്തിക്കാത്തവരും ആഗ്രഹിക്കാത്തവരുമുണ്ടാവില്ല. എന്നാൽ ലംബമായി കയറാൻ നല്ലൊരു സൂത്രം കണ്ടുപിടിച്ചിരിക്കുകയാണ് ശാസ്ത്രജ്ഞന്മാർ. സിന്തറ്റിക് ഗെക്കോ ഉപയോഗിച്ചാൽ ചുമരിൽ ലംബമായി കയറാനും സീലിങ്ങിൽ കാലുറപ്പിച്ചുകൊണ്ട് തല കീഴായി നില്ക്കാനും കഴിയുമത്രേ. ഗെക്കോയുടെ അറ്റത്തുള്ള രോമങ്ങ (setae)ളാണ് ചുമരിൽ കയറുമ്പോൾ കൈകാലുകൾക്ക് ഗ്രിപ് നൽകുക. സെറ്റെയുടെ അഗ്രം സീലിങ്ങിൽ നിന്ന് തൂങ്ങികിടക്കാൻ കഴിയുന്നത്ര പശിമയുള്ളതാണ്.

പീറ്റേഴ്സ് ബർഗിലെ കാർണിയേജ് മെലൺ സർവകലാശാലയിലെ മെറ്റിൻ സിറ്റിയാണ് പോളിമർ ഉപയോഗിച്ചുള്ള സെറ്റെയുടെ നിർമാണത്തിന് പിന്നിൽ.



## കണ്ടുവോ ഈ ഇത്തിരിക്കുഞ്ഞനെ ?

വീടുകൾ വീടുകൾ എങ്ങും വീടുകൾ എന്നു പറഞ്ഞു പോകും ഈ കൊച്ചു ഭൂമിയിലെ വീടുകൾ കണ്ടാൽ. എന്നാൽ ഈ ലോകത്തിലെ ഏറ്റവും ചെറിയ വീട് ഏതാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ക്ലോവനേർസ് ബർഗ്വാളിലെ ക്ലെയ്ൻ ട്രിപ്പെനൂയിസ് ഹൗസ് ലോകത്തിലേക്ക് ഏറ്റവും ചെറിയ വീടുകളിലൊന്ന് എന്ന് കരുതപ്പെടുന്നു. ട്രിപ് സഹോദരന്മാരുടെ കോച്ച് 1660 ലാണ് ഇത് പണി ചെയ്തതത്രെ. 2.44 മീറ്റർ വീതിയേ ഇതിനുള്ളു. ഇതിനെക്കാൾ വീതികുറഞ്ഞ ഒരു വീടു കൂടി കണ്ടെത്തിയിട്ടുണ്ട്. ക്ലോവനേർസ് ബർഗ്വാളിൽ നിന്ന് ഔഡ് ഹുഗ്സ്ട്രാറ്റ് 22 ലേക്ക് യാത്രചെയ്യുന്ന വഴി ആംസ്റ്റർഡാമാണ് ഈ വീട്. ഇതിന്റെ വീതിയെത്രയെന്നോ 1.01 മീറ്റർ മാത്രം.








## പ്രഥമ ട്വന്റി 20 ലോകകപ്പ് ഇന്ത്യയ്ക്ക്

ജോഹന്നാസ് ബർഗിലെ വാണ്ടറേഴ്സിൽ നടന്ന പ്രഥമ ട്വന്റി 20 ലോകകപ്പ് മത്സരത്തിൽ മഹേന്ദ്രസിങ് ധോണിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം കപ്പ് കരസ്ഥമാക്കി. സ്കോർ : ഇന്ത്യ – 20 ഓവറിൽ 157/5, പാകിസ്ഥാൻ 19.3 ഓവറിൽ 152 ന് ആൾ ഔട്ട്. ഇർഫാൻ പത്താനാണ് മാൻ ഓഫ് ദ മാച്ച്.

## റഷ്യൻ പ്രധാനമന്ത്രി



റഷ്യൻ പ്രധാനമന്ത്രിയായി വിക്ടർ സുബ്കോവ് സ്ഥാനമേൽക്കും. പ്രധാനമന്ത്രിയായ മിഖായേൽ ഫ്രദ്കോവ് രാജി വച്ച ഒഴിവിലേക്കാണീ പുതിയ നിയമനം.

## ജപ്പാൻ പ്രധാനമന്ത്രി



ജപ്പാൻ പ്രധാനമന്ത്രിയായി യാസുവോ ഫുക്കുഡ അധികാരമേറ്റു. മുൻ പ്രധാനമന്ത്രിയും പാർട്ടി തലവനുമായ ഷിൻസോ അബേ രാജി വച്ചതിനെ തുടർന്നാണ് ലിബറൽ ഡമോക്രാറ്റിക് പാർട്ടി പുതിയ നേതാവിനെ തിരഞ്ഞെടുത്തത്. പാർട്ടി ജനറൽ സെക്രട്ടറിയായ തരോ അസോയെയാണ് 63 % വോട്ടു നേടി അദ്ദേഹം പരാജയപ്പെടുത്തിയത്. 71 വയസുണ്ട് ഫുക്കുഡയ്ക്ക്.





## തിക്കുറിശ്ശി ഫൗണ്ടേഷൻ അവാർഡ്

മലയാളി ചലച്ചിത്ര രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള തിക്കുറിശ്ശി ഫൗണ്ടേഷന്റെ ഈ വർഷത്തെ അവാർഡിന് നടൻ തിലകൻ അർഹനായി. പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്നതാണ് അവാർഡ്. സാഹിത്യ രംഗത്തുള്ള സമഗ്ര സംഭാവന കണക്കിലെടുത്ത് കാക്കനാടനും അവാർഡ് നൽകും.

## നെടുമുടി വേണുവിന് അന്താരാഷ്ട്ര പുരസ്കാരം


നെടുമുടി വേണുവിന് രാജ്യാന്തര പുരസ്കാരം. സിംബാബ്‌വെ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച നടനായി നെടുമുടി വേണു തെരഞ്ഞെടുക്കപ്പെട്ടു. സൈറയിലെ ഉസ്താദ് ആലിഫ് ഹുസൈനെ അവിസ്മരണീയമാക്കിയതിനാണ് അംഗീകാരം. ഡോ. ബിജു സംവിദാനം ചെയ്ത സൈറ സിംബാബവെ മേളയിൽ ഇന്ത്യയിൽ നിന്നുള്ള ഏക ചിത്രമായിരുന്നു.



## രാമുകാര്യാട്ട് നാടക അവാർഡ്

തൃപ്രയാർ നാടക വിരുന്ന് സംഘാടക സമിതി ഏർപ്പെടുത്തിയ പ്രഥമ രാമുകാര്യാട്ട് നാടക അവാർഡ് പ്രശസ്ത നാടക നടി നിലമ്പൂർ ആയിഷയ്ക്ക് ലഭിച്ചു. മലയാള നാടകവേദിക്ക് നൽകിയ സംഭാവനയെ മാനിച്ചാണ് അവാർഡിന് തെരഞ്ഞെടുത്തതെന്ന് അവാർഡ് നിർണയ കമ്മിറ്റി ചെയർമാനും പ്രശസ്ത നടനുമായ മുരളി അറിയിച്ചു.






## സഹോദരൻ സാഹിത്യ പുരസ്കാരം

ഈ വർഷത്തെ സഹോദരൻ സാഹിത്യ പുരസ്കാരത്തിന് എൻ. കെ.ദേശത്തിന്റെ മുദ്ര എന്ന കൃതി അർഹമായി. 10,000 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.